# സീറോമലബാർ വിഷൻ

സീറോമലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ കൂരിയ പ്രസിദ്ധീകരണം

MAY 2024 | Vol - 4 • Issue - 5 • 16 Page Tabloid | www.syromalabarvision.com


# രുചി പകരുന്ന ഉപ്പാകുന്നവർ

**സി. സോണിയ തെരേസ് ഡി.എസ്.ജെ**



ദൈവത്തിൽ വിശ്വസിക്കുന്നവരുടെ അടിസ്ഥാന ബോധ്യമാണ് ലോകത്തിലുള്ള ഓരോ വ്യക്തിയും ദൈവത്തിൽ നിന്നു വരുന്നു എന്നത്. അതുകൊണ്ടുതന്നെ മനുഷ്യന്റെ ഉള്ളിന്റെ ഉള്ളിൽ എന്നും ദൈവത്തോട് അടങ്ങാത്ത ഒരു അഭിവാഞ്ഛയുണ്ട്. ഈ ദാഹത്തെ തല്ലിക്കെടുത്തുവാൻ ഒരു കാലത്തിനും പ്രത്യേകിച്ച് ആധുനികതയ്ക്കോ, പീഡനങ്ങൾക്കോ, ഞെരുക്കങ്ങൾക്കോ സാധിക്കില്ല. കാരണം ഒരോ മനുഷ്യവ്യക്തിയുടെയും ആത്മാവിൽ ദൈവാംശം വസിക്കുന്നു എന്നതുതന്നെ. അനാദിമുതലേ ദൈവം തനിക്കായി ഒരുപറ്റം മനുഷ്യരെ മാറ്റിനിറുത്തുന്നത് പതിവാണെന്ന് വിശുദ്ധ ഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നുണ്ട്.

ഒരു മഹാസമുദ്രത്തിലെ വളരെ ചെറിയ ശതമാനം ജലം മാത്രമാണ് ഉപ്പായി മാറുന്നത്. മനുഷ്യമക്കളുടെ അന്നത്തിനു രുചിപകരുക എന്ന ദൗത്യം ആണ് ഉപ്പായി മാറിയ കടൽ വെള്ളത്തിനുള്ളത്. അതുപോലെ 700 കോടി ജനങ്ങൾ തിങ്ങിപാർക്കുന്ന ഈ ഭൂമിയിൽനിന്ന് വളരെ ചെറിയ ഒരു ശതമാനം വ്യക്തികളെമാത്രമെ ദൈവത്തിനും ദൈവജനത്തിനുമായി ജീവിതം മാറ്റിവയ്ക്കാൻ ദൈവം തിരഞ്ഞെടുക്കുന്നുള്ളൂ. അപ്രകാരം ദൈവം തിരഞ്ഞെടുക്കുന്നതിനെ 'ദൈവവിളി' എന്ന് നാം സാധാരണഭാഷയിൽ പറയുന്നു.

ബ്രഹ്മചര്യം എന്നാൽ ബ്രഹ്മത്തിൽ ചരിക്കുക എന്നാണ്. അതായത് തന്റെ ഹൃദയം ദൈവത്തിൽ ഊന്നി ജീവിക്കുക എന്ന്. ചുരുക്കിപറഞ്ഞാൽ മറ്റൊരു ക്രിസ്തുവായിതീരുക. ബ്രഹ്മചര്യവ്രതം ജീവിക്കുന്ന ഒരു വ്യക്തിയെ ചൂണ്ടി അവൻ അല്ലെങ്കിൽ അവൾ എന്തിനാണ് ഇത്ര നല്ല ജീവിതം പാഴാക്കിക്കളയുന്നത് എന്നു  പലരും ചോദിക്കാറുണ്ട്. പൂർണബോധ്യത്തോടെ ബ്രഹ്മചര്യ വ്രതം എടുക്കുന്ന ഓരോ സമർപിതവ്യക്തിയും ഈ ഭൂമിയിൽ ക്രിസ്തു ലോകത്തിന് എങ്ങനെ ആയിരുന്നോ അതേപോലെ എല്ലാവർക്കും എല്ലാമായി മാറുന്നു. ലോകമേ തറവാട് എന്ന കവിമൊഴി പോലെ അവരുടെ ജീവിതം രൂപാന്തരപ്പെടുന്നു.

ഈ ആധുനികയുഗത്തിലും സമർപ്പിതജീവിതത്തിന് പ്രാധാന്യം ഉണ്ടോ, ആരെങ്കിലും ഈ ജീവിതം തിരഞ്ഞെടുക്കാൻ ധൈര്യം കാണിക്കുമോ എന്നു പലരും ചോദിക്കാറുണ്ട്. ഇത്തരം ചോദ്യങ്ങൾക്കുള്ള മറുപടി തീർച്ചയായും എല്ലാക്കാലത്തും ദൈവം തനിക്കായി ഒരുപറ്റം ആൾക്കാരെ മാറ്റിനിർത്തും എന്നു തന്നെയാണ്. തിരഞ്ഞെടുക്കപ്പെട്ട ജനതയായ ഇസ്രായേൽ ദൈവത്തിൽനിന്ന് അകന്ന് അന്യദേവൻമാരുടെ പിന്നാലെ പോയി എന്നുപരിതപിക്കുന്ന ഏലിയാപ്രവാചകനു ദൈവം ഇപ്രകാരമാണ് മറുപടി കൊടുക്കുന്നത്: ''എന്നാൽ, ബാലിന്റെ മുൻപിൽ മുട്ടുമടക്കുകയോ അവനെ ചുംബിക്കുകയോ ചെയ്യാത്ത ഏഴായിരം പേരെ ഞാൻ ഇസ്രായേലിൽ അവശേഷിപ്പിക്കും'' (1 രാജാ 19: 18). തീർച്ചയായും പിതാവായ ദൈവത്താൽ ആകർഷിക്കപ്പെടാതെ ഒരു വ്യക്തിക്കും ദൈവത്തിനായി ജീവിതം മാറ്റിവയ്ക്കുക സാധ്യമല്ല. ക്രിസ്തുവിന്റെ കാലത്തും വിശുദ്ധ കുർബാന എന്ന മഹാരഹസ്യത്തെക്കുറിച്ച് പഠിപ്പിക്കുമ്പോൾ ക്രിസ്തുവിനോട്ചേർന്നുനിന്ന അനേകം ശിഷ്യഗണങ്ങൾ ഗുരുവിനെ ഉപേക്ഷിച്ചു പടിയിറങ്ങി പോകുന്നുണ്ട്. ഈ വചനം കഠിനമാണ്, ഇത് ശ്രവിക്കാൻ ആർക്കു കഴിയും എന്നു പിറുപിറുത്ത ശിഷ്യഗണങ്ങളെ നോക്കി അവിടന്ന് പറയുന്നത് ''പിതാവിൽനിന്നു വരം ലഭിച്ചാലല്ലാതെ എന്റെ അടുക്കലേക്കു വരാൻ ആർക്കും സാധിക്കുകയില്ല'' എന്നാണ് (യോഹ 6: 65).

പൗരോഹിത്യ, സമർപ്പിത വിളികൾ ആധുനിക കാലഘട്ടത്തിൽ നേരിടുന്ന വെല്ലുവിളികൾ പ്രധാനമായും നാലുവിധമാണ്.

1. ബാഹ്യലോകത്തുനിന്ന് കടന്നുവരുന്ന പ്രതിസന്ധികളും പ്രലോഭനങ്ങളും.
2. സമർപ്പിത വ്യക്തിത്വങ്ങൾ ചൂടോ, തണുപ്പോ ഇല്ലാതെ മന്ദോഷ്ണരായിതീരുന്നത്.
3. തങ്ങളുടേതായ തുരുത്തുകളിൽ ഒതുങ്ങിപോകുന്ന സമർപ്പിതസമൂഹങ്ങളും സമർപ്പിത വ്യക്തിത്വങ്ങളും.
4. കാലത്തിന്റെ മാറ്റങ്ങളെയും വ്യത്യസ്തതകളെയും ഉൾക്കൊള്ളാൻ കഴിയാതെ പഴമയിൽ അള്ളിപ്പിടിച്ചു കിടക്കുന്ന സമർപ്പിതസമൂഹങ്ങൾ.

### ബാഹ്യലോകത്തുനിന്ന് കടന്നുവരുന്ന പ്രതിസന്ധികളും പ്രലോഭനങ്ങളും

ദൈവത്തിനായി ജീവിതം നീക്കിവച്ചിരിക്കുന്നവർക്കുനേരെ പലപ്പോഴും ലോകം ഒത്തിരി ആരോപണങ്ങൾ ഉന്നയിക്കുക പതിവാണ്. ചിലരുടെ തികച്ചും വ്യക്തിപരമായ വീഴ്ചകളെ പർവതീകരിച്ചു കാണിച്ചുകൊണ്ട് സമർപ്പിതസമൂഹത്തെ മുഴുവൻ ആക്ഷേപിക്കുന്നവരും 'സമർപ്പിതർ അടിമകൾ ആണ്, അബലകൾ ആണ്', എന്നൊക്കെ ആരോപണങ്ങൾ ഉന്നയിച്ച് എങ്ങനെ എങ്കിലും ഈ ജീവിതത്തിൽനിന്ന് കുറച്ചുപേരെ പിന്തിരിപ്പിക്കണം എന്ന് ചിന്തിച്ച് ഇറങ്ങി തിരിക്കുന്നവരും ഒക്കെ ഇന്നുധാരാളം ഉണ്ട്. പലപ്പോഴും ഇത്തരക്കാർ സംഘടനകളായും ഗ്രൂപ്പുകളായും മുളച്ചുപൊങ്ങുകയും സമർപ്പിതരുടെ രക്ഷകരായും സംരക്ഷകരായും അവതരിക്കുകയും ചെയ്യാറുണ്ട്. യഥാർഥത്തിൽ സത്യത്തിന്റെ ഒരു അംശംപോലും മനസ്സിലാക്കാതെ എടുത്തുചാട്ടം നടത്തുന്ന ഈ കപടസംരക്ഷകർ ഓർമിപ്പിക്കുന്നത് പുഴയുടെ മുകളിലെ മരക്കൊമ്പിൽ ഇരുന്ന കുരങ്ങൻ വെള്ളത്തിൽ ചലിക്കുന്ന മത്സ്യങ്ങളെ ഓർത്ത് വെപ്രാളപ്പെടുകയും പാവം മത്സ്യം മുങ്ങി മരിക്കുകയാണെന്നു കരുതി അവയെ പുറത്തെടുത്ത് രക്ഷിക്കാൻ പരിശ്രമിക്കുകയും ചെയ്ത കഥയാണ്.

കേരള ചരിത്രത്തിലുടനീളം, പള്ളികളോടുചേർന്ന് പള്ളിക്കൂടങ്ങൾ സ്ഥാപിച്ചു ജാതി  മത വ്യത്യാസം ഇല്ലാതെ വിദ്യ പകർന്നും മുറിവുകൾ വച്ചുകെട്ടിയും നൊമ്പരങ്ങളിൽ ആശ്വാസംപകർന്നും അനാഥരായ കുഞ്ഞുങ്ങൾക്ക് അമ്മയായും വാർദ്ധക്യംമൂലം ഉറ്റവരാൽ ഉപേക്ഷിക്കപ്പെട്ടപ്പെട്ടവർക്കു മക്കളായും മാനസിക വൈകല്യംമൂലം സമൂഹത്തിന്റെ പിന്നാമ്പുറത്തേക്ക് വലിച്ചെറിഞ്ഞവരെ ഇരുകൈകളും നീട്ടി സ്വീകരിച്ച് അവരെ കണ്ണിലെ കൃഷ്ണമണിപോലെ കാത്തുസൂക്ഷിച്ചും ആയിരക്കണക്കിന് സമർപ്പിതർ ഈ സമൂഹമധ്യത്തിൽതന്നെ ഉണ്ട്. എന്നിട്ടും ഈ കപടസംരക്ഷകർ സമർപ്പിതരെ നോക്കി 'നിങ്ങൾ ബന്ധനത്തിൽ ആണെന്ന്' പറയുമ്പോൾ അത് കരുതികൂട്ടിയുള്ള അജണ്ടകളുടെ പ്രതിധ്വനികളാണെന്നു മാത്രം കരുതേണ്ടിയിരിക്കുന്നു.

### സമർപ്പിത വ്യക്തിത്വങ്ങൾ ചൂടോ തണുപ്പോ ഇല്ലാതെ മന്ദോഷ്ണരായിതീരുന്നു

സമർപ്പിത വ്യക്തികളുടെ ഉള്ളിൽ ഉണ്ടായിരുന്ന ആദ്യ സ്നേഹം കൈമോശം വന്നിരിക്കുന്നു. ചൂടോ തണുപ്പോ ഇല്ലാതെ മന്ദോഷ്ണരായി തീരുന്നു (വെളി 2: 4, 3: 15 16) എന്നു ചുരുക്കം. ഒത്തിരിയേറെ തീക്ഷ്ണതയോടും സ്നേഹത്തോടുംകൂടി ക്രിസ്തുവിനെ അനുഗമിക്കാൻ സന്യാസ സമൂഹങ്ങളുടെ പടികൾ കടന്നുവരുന്ന പല വ്യക്തികളും കാലം മുന്നോട്ട് പോകുംതോറും ദൈവസ്നേഹത്തിൽനിന്നും സഹോദരസ്നേഹത്തിൽ നിന്നും അകന്നകന്നു പോകുന്നതു സമർപ്പിത ജീവിതത്തെ അതികഠിനമാക്കുന്നു. അപരന്റെ ദൈവവിളിയുടെ കാവൽക്കാരായി മാറേണ്ടവർതന്നെ പലപ്പോഴും തങ്ങളുടെ സംശയത്തിന്റെ ഭാണ്ഡക്കെട്ട് തുറന്നുവിട്ട് സ്വന്തം സഹോദരങ്ങൾക്ക് എതിരെ ആരോപണങ്ങൾ ഉതിർത്ത് അവരുടെ ദൈവവിളി തന്നെ നശിപ്പിക്കുമ്പോൾ വിശുദ്ധ ഗ്രന്ഥത്തിന്റെ ആദ്യ താളുകളിൽ ദൈവം കായേനോട് പരിഭവിക്കുന്നതുപോലെ നമ്മോടും പരിഭവിക്കാൻ കാരണമാകുന്നു.

### തങ്ങളുടേതായ തുരുത്തുകളിൽ ഒതുങ്ങിപോകുന്ന സമർപ്പിത സമൂഹങ്ങളും സമർപ്പിത വ്യക്തിത്വങ്ങളും

ആധുനികതയുടെ  കുത്തൊഴുക്കിൽ ഒരു പരിധിവരെ പല സമർപ്പിതസമൂഹങ്ങളും വ്യക്തികളും ആടിയുലയുന്നത് എടുത്തുപറയേണ്ട ഒന്നാണ്. പതിറ്റാണ്ടുകളായി ദൈവജനത്തിനിടയിൽ ഇറങ്ങി അവരുടെ സുഖദുഃഖങ്ങളിൽ പങ്കാളികളായി അവരോടൊപ്പം സഞ്ചരിച്ചിരുന്ന സമർപ്പിതർ ഇന്ന് സന്യാസസമൂഹങ്ങളുടെ സ്ഥാപനങ്ങൾ ആകുന്ന വലിയ ചുമരുകൾക്കുള്ളിൽമാത്രം ഒതുങ്ങിപോകുന്നത് ഒത്തിരി വേദനാജനകമാണ്. ക്രിസ്തു കാണിച്ചുതന്ന മാതൃകയിൽ നിന്ന് പലപ്പോഴും നാം വ്യതിചലിച്ചു പോകുന്നതിനാൽതന്നെ ദൈവജനത്തിനും സമർപ്പിതർക്കും ഇടയിൽ വലിയ ഒരു വിടവ് കാലംതന്നെ സൃഷ്ടിച്ചെടുത്തു എന്നത് ഒരു പച്ചയായ യാഥാർഥ്യവും എത്രയും വേഗം തിരുത്തപ്പെടേണ്ടതുമായ ഒരു ശൈലിയുമാണ്. കാലത്തിന്റെ മാറ്റങ്ങളെയും വ്യത്യസ്തതകളെയും ഉൾക്കൊള്ളാൻ കഴിയാതെ പഴമയിൽ അള്ളിപ്പിടിച്ച് കിടക്കുന്ന സമർപ്പിതസമൂഹങ്ങൾ.

നൂറ്റിയൻപതും നൂറും എൺപതും വർഷങ്ങൾക്ക്മുമ്പ് സ്ഥാപിതമായ പല സന്യാസസമൂഹങ്ങളും വ്യക്തികൾക്കും സമൂഹത്തിനും നന്മ നൽകുന്ന കാലത്തിന്റെ മാറ്റങ്ങളെ ഉൾക്കൊള്ളാൻ കഴിയാതെ പാരമ്പര്യങ്ങളിൽ മാത്രം അള്ളിപ്പിടിച്ച് കിടക്കുന്നു. 'ഞങ്ങൾ ഇങ്ങനെയാണ്, ചെയ്തിരുന്നത് അതുകൊണ്ട് നിങ്ങളും ഇങ്ങനെ തന്നെ ചെയ്തിരിക്കണം' എന്ന ശാഠ്യം പല സന്യാസസമൂഹങ്ങളുടെയും അകത്തളങ്ങളിൽ മാറ്റൊലി കൊള്ളുന്നുണ്ട്. നൂറ്റാണ്ടുകളും പതിറ്റാണ്ടുകളുമായി എല്ലാവരെയും ഒരേ അച്ചിൽതന്നെ വാർത്തെടുക്കാൻ പരിശ്രമിക്കുന്നത് ഈ ആധുനികകാലത്ത് ഒത്തിരി പ്രതിസന്ധികൾ സമൂഹ ജീവിതത്തിലേയ്ക്ക് ക്ഷണിച്ചുവരുത്തുന്നുണ്ട്.

ക്രിസ്തുശിഷ്യരിൽ പന്ത്രണ്ടു പേരും പന്ത്രണ്ടു സ്വഭാവം ഉള്ളവരായിരുന്നു. സ്വന്തം ഗുരു ഏകാന്തതയിൽ ഇരുന്നു പ്രാർഥിക്കുമ്പോഴും ഒന്നു പ്രാർഥിക്കാൻ അറിയാതെ പരസ്പരം മത്സരിച്ചും കലഹിച്ചും നടന്നവരാണ് ശിഷ്യഗണം. തിരുസഭയുടെ തലവനാകേണ്ടിയിരുന്ന പത്രോസ് എടുത്തു ചാട്ടക്കാരൻ, യോഹന്നാനും യാക്കോബും സ്ഥാനമോഹികൾ, തോമസ് അത്ര പെട്ടന്ന് ഒന്നും വിശ്വസിക്കാത്തവൻ (സംശയാലു), യൂദാസ് പണപ്പെട്ടിയിൽ കയ്യിട്ടുവാരുന്നവൻ... സ്വന്തം ശിഷ്യഗണം ഇങ്ങനെയൊക്കെ ആയിരുന്നിട്ടും ഓരോരുത്തരെയും അവരായിരിക്കുന്ന അവസ്ഥയിൽ അംഗീകരിച്ച്, സ്നേഹിച്ച് മൂന്നു വർഷക്കാലം ക്രിസ്തു അവരെ കൂടെ കൊണ്ടുനടന്നു... മുകളിൽ പറഞ്ഞ ശിഷ്യഗണത്തിന്റെ എല്ലാ സവിശേഷതകളും ഇന്നും ക്രിസ്തുവിന്റെ അനുയായികളിൽ പ്രതിഫലിച്ചുനില്ക്കുന്നു എന്നത് അതിശയിക്കുന്ന ഒന്നല്ല. കാരണം മനുഷ്യമക്കൾ എന്നും ഇങ്ങനെയൊക്കെയാണ്. ഓരോ വ്യക്തിയെയും ചെത്തിമിനുക്കി എടുക്കുക എന്നത് സമയമെടുത്തു ക്ഷമയോടെയും  സ്നേഹത്തോടെയും ചെയ്യേണ്ട ഒന്നാണ്. ഓരോരുത്തരുടെയും ഉള്ളിൽ ദൈവം നിക്ഷേപിച്ചിരിക്കുന്ന താലന്തുകൾ വ്യത്യസ്തങ്ങളായവയാണ്. അതുകൊണ്ടുതന്നെ ഓരോ വ്യക്തിയിലെയും താലന്തുകൾ കണ്ടെത്തി അവ വളർത്തിയെടുക്കാൻ പരിശ്രമിച്ചാൽ സമർപ്പിതരായ വ്യക്തികൾ കൂടുതൽ സന്തുഷ്ടരായി മാറും. നിർബന്ധ ബുദ്ധിയും ശാഠ്യങ്ങളും പരസ്പരമുള്ള വിടവുകളുടെ അകലങ്ങൾ കൂട്ടാൻ മാത്രമാണ് കാരണമാകുന്നത്.

### പൗരോഹിത്യ, സമർപ്പിതസമൂഹങ്ങൾ കാലഘട്ടങ്ങളുടെ മാറ്റങ്ങൾക്ക് അനുസരിച്ച് വരുത്തേണ്ട രൂപഭേദങ്ങൾ

#### 1. സാങ്കേതിക വിദ്യയിലും നവമാധ്യമരംഗത്തുമുള്ള പരിജ്ഞാനം വർധിപ്പിക്കുക

ഇന്റർനെറ്റിന്റെ സഹായത്തോടെ വിവരസാങ്കേതികവിദ്യയും നവമാധ്യമങ്ങളും ഉദയംചെയ്തപ്പോൾ ഭൂരിഭാഗം വൈദികരും സന്യസ്തരും വല്ലാത്ത ഒരു ഭയത്തോടെ മാത്രമാണ് ഈ പുതിയ സാധ്യതകളെ നോക്കികാണുന്നത്. ഇന്നുപിച്ചവയ്

ശേഷം പേജ് 4ൽ

## എഡിറ്റോറിയൽ

# നിങ്ങൾ എനിക്ക് സാക്ഷികളായിരിക്കും

''സുവിശേഷം പ്രസംഗിക്കുന്നവരുടെ പാദങ്ങൾ എത്ര സുന്ദരം'' ( റോമാ 10:15) എന്ന് പൗലോസ് ശ്ലീഹാ പ്രഖ്യാപിക്കുമ്പോൾ ക്രിസ്തുശിഷ്യത്വത്തിന്റെ സൗന്ദര്യമാണ് വെളിവാക്കപ്പെടുന്നത്. സുവിശേഷം പ്രസംഗിക്കുന്നവർ വിളഭൂമിയിലെ വേലക്കാരാണ്. വചനം വിതച്ചു ഫലം കൊയ്യാൻ ദൗത്യമേല്പിക്കപ്പെട്ടിരിക്കുന്ന വേലക്കാരാണവർ.

മാമോദീസയിലൂടെ രാജകീയപൗരോഹിത്യത്തിൽ പങ്കുപറ്റുന്ന ക്രൈസ്തവരെല്ലാം സുവിശേഷം അറിയാനും അറിയിക്കാനും വിളിക്കപ്പെട്ടവരാണ്. എന്നാൽ ചിലരെ അവിടന്ന് പ്രത്യേകമായി തിരഞ്ഞെടുക്കുന്നു. ദൈവരാജ്യത്തിന് വേണ്ടി ഷണ്ഡന്മാരാകാനുള്ള വിളി ലഭിച്ചവരാണവർ. സ്വന്തം ചിന്തയും താത്പര്യങ്ങളും പദ്ധതികളും മാറ്റിവച്ച് കുരിശിന്റെ സുവിശേഷം ജീവൻ കൊണ്ടും ജീവിതം കൊണ്ടും പ്രഘോഷിക്കുന്നവർ. വൈദികസമർപ്പിത വിളികളുടെ സാരവും സാംഗത്യവും സുവിശേഷപ്രഘോഷണമാണ്.

സുവിശേഷം പ്രഘോഷിക്കുക, സാക്ഷ്യം നല്കുക എന്നീ കടമകൾ ഓരോ സാഹചര്യത്തിലും ആവശ്യത്തിലും വിവിധ തലങ്ങളിൽ നിർവഹിക്കപ്പെടുന്നു. ഇടവകകളിൽ, മിഷൻരംഗങ്ങളിൽ, ആതുരാലയങ്ങളിൽ, വിദ്യാഭ്യാസസ്ഥാപനങ്ങളിൽ, സാമൂഹ്യപ്രവർത്തനരംഗങ്ങളിൽ, അഗതിമന്ദിരങ്ങളിൽ സുവിശേഷത്തെയും ക്രിസ്തുവിനെയും അനുഭവവേദ്യമാക്കുന്നതിനുള്ള വിളിയാണ് സമർപ്പിതരുടെയും വൈദികരുടെയും. ആയിരക്കണക്കിന്, പതിനായിരക്കണക്കിന് വൈദികരും സിസ്റ്റേഴ്സും അല്മായപ്രേഷിതരും സമൂഹത്തിന്റെ വിവിധതലങ്ങളിൽ നടത്തുന്ന ജീവിതസമർപ്പണം ദൈവരാജ്യ സ്ഥാപനത്തിന് മാത്രമല്ല സാമൂഹികവ്യവസ്ഥിതികളുടെ നീതിപൂർവ്വകമായ നടത്തിപ്പിനും കാരണമാകുന്നുണ്ട്.

വൈദികരുടെയും സിസ്റ്റേഴ്സിന്റെയും സേവനങ്ങൾ ഒരു കാലത്തു വിലമതിക്കപ്പെട്ടിരുന്നുവെങ്കിൽ ഇന്ന് അവ വേണ്ടത്ര കണക്കാക്കപ്പെടുന്നില്ല. ചെയ്യുന്ന നന്മകൾക്കുപരിയായി വന്നുപോകുന്ന പിഴവുകളെ കടന്നാക്രമിക്കുമ്പോൾ മനസു വേദനിക്കുന്നുണ്ട്. പക്ഷേ വേദനയാണ് വിളിയുടെ പ്രതിഫലമെന്നു മറക്കരുത്. ' എന്റെ നാമം മൂലം നിങ്ങൾ സർവരാലും ദ്വേഷിക്കപ്പെടും' ( മത്താ 10:22) എന്നത് വിളിച്ചവൻ വെറുതെ പറഞ്ഞതാകാൻ വഴിയില്ലല്ലോ.... ' നിങ്ങൾ എനിക്ക് സാക്ഷികളായിരിക്കും' ( അപ്പ 1:8) എന്നതാണ് സത്യം. കുരിശിലെ വേദനയുടെ സാക്ഷ്യമാണ് ക്രിസ്തുസാക്ഷ്യം. ഈ സാക്ഷ്യമാണ് ക്രിസ്തുശിഷ്യനും പങ്കുവയ്ക്കാനുള്ളത്. ഇതു ഫലപ്രദമായി നിർവഹിക്കാൻ പരിശുദ്ധാത്മാവിനാൽ നമുക്ക് ഇനിയും ശക്തിപ്പെടേണ്ടിയിരിക്കുന്നു.

**രക്ഷാധികാരി**
മാർ റാഫേൽ തട്ടിൽ, മേജർ ആർച്ചുബിഷപ്പ്
**സഹ രക്ഷാധികാരി**
മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ, കൂരിയ ബിഷപ്പ്
**ചീഫ് എഡിറ്റർ**
ഫാ. എബ്രഹാം കാവിൽപുരയിടത്തിൽ
**മാനേജിങ് എഡിറ്റർ**
ഫാ. സെബി കൊളങ്ങര
**അസോസിയേറ്റ് എഡിറ്റേഴ്സ്**
ഫാ. ജോസഫ് തോലാനിക്കൽ, ഫാ.ജോസഫ് മറ്റത്തിൽ
**കൺസൾട്ടന്റ് എഡിറ്റർ**
വിനായക് നിർമ്മൽ

**എഡിറ്റോറിയൽ ബോർഡ്**
ഫാ. ജോജി കല്ലിങ്ങൽ
ഫാ. ആന്റണി വടക്കേകര VC
ഫാ. സിജു അഴകത്ത് MST
ഡോ. ചാക്കോ കാളംപറമ്പിൽ
ഡോ. കൊച്ചുറാണി ജോസഫ്
അഡ്വ. അജി ജോസഫ്
സി. ലിൻഡ മൈക്കിൾ MSMI
സി. സെലിൻ ജോർജ് MSMI
സി. ജിഷ ജോബ് MSMI

**Our benefactors**
Joji, Ozhukathanath, Monippally
Mathew Paily Muzhayammakkil, Monippally
Scaria MJ, Muthukulathel, Monippally

**ഡിസൈൻ:** എബ്രഹാം തോമസ് | **ഐ.ടി. സപ്പോർട്ട്:** ജോബ് ജോസഫ്

For Editorial queries: Email: syromalabarvision@gmail. com
മാനേജിങ് എഡിറ്റർ : 9447269363, Website: www.syromalabarvision.com

## ഓർമിക്കാനൊരു ദിനം


- **മെയ് 1:** തൊഴിലാളി മധ്യസ്ഥനായ വി. യൗസേപ്പ്
- ആനിക്കുഴിക്കാട്ടിൽ മാർ മാത്യു മെത്രാന്റെ ചരമം ( 2020), തൂങ്കുഴി മാർ ജേക്കബ് (1973) വലിയമറ്റം മാർ ജോർജ് ( 1988), താഴത്ത് മാർ ആൻഡ്രൂസ് (2004) എന്നീ മെത്രാന്മാരുടെ അഭിഷേകം.
- **മെയ് 2:** കല്ലറങ്ങാട്ട് മാർ ജോസഫ് മെത്രാന്റെ അഭിഷേകം ( 2004)
- വി. അത്തനേഷ്യസ് മെ.
- **മെയ് 3:** വി.പീലിപ്പോസ്, വി. യാക്കോബ് ശ്ലീഹന്മാർ
- **മെയ് 4:** അഡോൾഫ് എഡ്വിൻ മെഡ്‌ലിക്കോട്ട് മെത്രാന്റെ ചരമം (1918)
- **മെയ് 6:** വി. ഡൊമിനിക് സാവിയോ
- **മെയ് 9:** നമ്മുടെ കർത്താവിന്റെ സ്വർഗാരോഹണം
- **മെയ് 14:** വി. മത്തിയാസ് ശ്ലീഹാ
- **മെയ്15:** പൊരുന്നേടം മാർ ജോസ് മെത്രാന്റെ അഭിഷേകം (2004)
- വിളവുകളുടെ സംരക്ഷകയായ പരി. കന്യകാമറിയം
- **മെയ് 16:** ആലപ്പാട്ട് മാർ ജോയി മെത്രാന്റെ നാമഹേതുകദിനം
- **മെയ് 19:** പന്തക്കുസ്താത്തിരുനാൾ
- **മെയ് 20:** സീറോമലബാർ സഭയുടെ പ്രഥമ സിനഡിന്റെ ഉദ്ഘാടനം, പ്രഥമ മേജർ ആർച്ചുബിഷപ്പ് പടിയറ മാർ ആന്റണി മെത്രാപ്പോലീത്തായുടെ സ്ഥാനാരോഹണം (1993) പെരുന്തോട്ടം മാർ ജോസഫ് മെത്രാപ്പോലീത്തായുടെ അഭിഷേകം ( 2002)
- **മെയ് 24:** സ്വർണ്ണവെള്ളി
- **മെയ് 26:** ആർച്ചുബിഷപ്പ് ഭരണികുളങ്ങര മാർ കുര്യാക്കോസിന്റെ അഭിഷേകം (2012)
- പരി. ത്രിത്വത്തിന്റെ തിരുനാൾ
- **മെയ് 29:** മേജർ ആർച്ചുബിഷപ്പ് ആലഞ്ചേരി മാർ ജോർജ് മെത്രാപ്പോലീത്തായുടെ സ്ഥാനാരോഹണം ( 2011)
- **മെയ് 30:** പരി. കുർബാനയുടെ തിരുനാൾ
- **മെയ് 31:** പനംതോട്ടത്തിൽ മാർ ജോൺ മെത്രാന്റെ അഭിഷേകം ( 2023)
- പരി.കന്യകാമറിയത്തിന്റെ സന്ദർശനം

# അത്തനാസ്യോസ് (373)

## മനുഷ്യരക്ഷ എന്നത് മൂന്നു ദൈവിക ആളുകളുടെയും കൂട്ടായ പ്രവർത്തനഫലമാണെന്ന് അത്തനാസ്യോസ് വരച്ചുകാട്ടി

വഴികാട്ടികൾ

**റവ.ഡോ.തോമസ് കുഴുപ്പിൽ**



നാലാം നൂറ്റാണ്ടിൽ ആവിർഭവിച്ച ആരിയനിസത്തിനെതിരെ ജീവിതകാലം മുഴുവൻ പോരാടുകയും പ്രസ്തുത പാഷണ്ഡതയുടെ പശ്ചാത്തലത്തിൽ വിളിച്ചുകൂട്ടപ്പെട്ട നിഖ്യാസൂനഹദോസിന്റെ (325) വിശ്വാസപ്രമാണത്തെ സമർഥിക്കുകയുംചെയ്ത സഭാപിതാവാണ് മാർ അത്തനാസ്യോസ്. ഗ്രീക്കുസഭാപാരമ്പര്യത്തിലെ നാലു പ്രമുഖ പിതാക്കന്മാരിൽ ഒരാളായ അത്തനാസ്യോസ്, സത്യവിശ്വാസത്തിന്റെ സംരക്ഷകൻ എന്ന പേരിലാണ് അറിയപ്പെടുന്നത്.


പുത്രൻ പിതാവിന്റെ ആദ്യസൃഷ്ടിയാണെന്നും പുത്രൻ ഇല്ലാതിരുന്ന സമയം ഉണ്ടായിരുന്നുവെന്നും പഠിപ്പിച്ച ആരിയൂസിന്റെ പാഷണ്ഡതയെ ഖണ്ഡിച്ചുകൊണ്ടു 'വചന' (Logos) കേന്ദ്രീകൃത ക്രിസ്തുവിജ്ഞാനീയം അദ്ദേഹം വികസിപ്പിച്ചെടുത്തു. എ.ഡി 328 ൽ അദ്ദേഹം അലക്സാൻഡ്രിയായിലെ മെത്രാനായിത്തീർന്നു. ആരിയനിസത്തിനെതിരേ നിലപാടെടുത്തതുകൊണ്ട് അദ്ദേഹം അഞ്ചു പ്രാവശ്യം നാടുകടത്തപ്പെട്ടു. അങ്ങനെ പതിനേഴുവർഷം പരദേശവാസിയായി കഴിച്ചുകൂട്ടേണ്ടതായി വന്നു.

പുത്രന്റെ ദൈവത്വത്തെ സമർഥിക്കുവാൻ നിഖ്യാസുനഹദോസ് ഉപയോഗിച്ച 'ഹോമോ ഉസിയോസ്' (ഏകസത്ത) എന്ന സംജ്ഞ തികച്ചും അനുയോജ്യമാണ് എന്ന് അദ്ദേഹം പഠിപ്പിച്ചു. അതായത് പിതാവും പുത്രനും സത്താപരമായി ഒന്നാണ്. പ്രസ്തുത പദത്തിന്റെ ദൈവശാസ്ത്രപരമായ പ്രാധാന്യം വിശദീകരിച്ചത് അത്തനാസ്യോസാണ്.

അദ്ദേഹത്തിന്റെ ക്രിസ്തുവിജ്ഞാനീയത്തിന്റെ കാതലായി നിലകൊള്ളുന്നത് 'വചനം മാംസമായി' (യോഹ 1,14) എന്ന വാക്യമാണ്. നമ്മെ ദൈവികരാക്കുവാൻ (Theosis) ദൈവം മനുഷ്യനായിത്തീർന്നു എന്ന് അദ്ദേഹം ആവർത്തിച്ചു പഠിപ്പിച്ചു. അതായത്, പുത്രൻ യഥാർത്ഥ ദൈവമല്ലെങ്കിൽ നമ്മൾ ദൈവികരാക്കപ്പെടുന്നില്ല അഥവാ രക്ഷിക്കപ്പെടുന്നില്ല. അവിടന്ന് നമ്മോടൊത്തു വസിച്ച ദൈവമാണ്. പരിശുദ്ധാരൂപിയും പൂർണ്ണദൈവവുമാണെന്ന് അദ്ദേഹം പഠിപ്പിച്ചു. മനുഷ്യരക്ഷ എന്നത് മൂന്നു ദൈവിക ആളുകളുടെയും കൂട്ടായ പ്രവർത്തനഫലമാണെന്ന് അത്തനാസ്യോസ് വരച്ചുകാട്ടി.

ദൈവീകരണത്തിന്റെ ഒരു ഉത്തമമാതൃകയായി, അദ്ദേഹത്തിന്റെ സമകാലികനും ഏകാന്തസന്യാസത്തിന്റെ പിതാവുമായ മരുഭൂമിയിലെ അന്തോനീസിന്റെ ജീവിതത്തെ അത്തനാസ്യോസ് അവതരിപ്പിക്കുന്നുണ്ട്.

### നാമഹേതുകദിന ആശംസകൾ (മെയ് 16)



ബിഷപ് മാർ ജോയി ആലപ്പാട്ട്

# വിശ്വാസകൈമാറ്റം ദൈവവിളിയുടെ പ്രോത്സാഹനകൈമാറ്റം

**മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ**



സീറോമലബാർസഭയുടെ മൂന്നുവലിയ പ്രത്യേകതകളിലൊന്ന് കുടുംബങ്ങളുടെ കെട്ടുറപ്പും പ്രാർഥനയുമാണ്. രണ്ടാമത്തേത് അനുദിന ദിവ്യബലിയിലുള്ള നമ്മുടെ ജനത്തിന്റെ സാനിധ്യവും അതിലുള്ള സഹകരണവുമാണ്. മൂന്നാമത്തേത് ദൈവവിളികളുടെ സമൃദ്ധിയാണ്.

ഇന്ത്യയുടെ എല്ലാ പ്രദേശങ്ങളിലും ഇന്ന് സീറോമലബാർസഭാംഗങ്ങളായ മിഷനറിമാർ എത്തിക്കഴിഞ്ഞു. എല്ലാ ലത്തീൻരൂപതകളിലും സന്യാസസമൂഹങ്ങളിലും സീറോമലബാർസഭയുടെ മക്കളുടെ സാന്നിധ്യമുണ്ട്. അവരുടെ കഠിനാദ്ധ്വാനത്തിന്റെ ഫലം അവിടെ പ്രകടവുമാണ്. നമ്മുക്ക് നല്ല ദൈവവിളികൾ ലഭിക്കാത്തതിന്റെ പ്രധാനപ്പെട്ട കാരണം നമ്മുടെ കുടുംബങ്ങൾ മക്കളെ വളർത്തുന്നതിൽ കാണിക്കുന്ന ദീർഘവീക്ഷണവും മക്കളെ നന്മയുടെ വഴിയിലൂടെ നടത്തുന്നതിൽ കാണിക്കുന്ന അനിതരസാധാരണമായ തീക്ഷ്ണതയുമാണ്.

വിശ്വാസപരിശീലനത്തിലൂടെയും നല്ല മാതൃകകളിലൂടെയുമൊക്കെ മക്കളിലേക്ക് വിശ്വാസം കൈമാറുന്നതിനായി ഒരുപാട് പരിശ്രമിക്കുന്നവരാണ് മാതാപിതാക്കൾ. എന്നാൽ ഈ വിശ്വാസ കൈമാറ്റത്തിന് പുതിയ കാലഘട്ടത്തിൽ അലപം മങ്ങലേറ്റിട്ടുണ്ടോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ട് വിശ്വാസകൈമാറ്റക്കാര്യത്തിൽ കുുടംബങ്ങൾ പുലർത്തുന്ന ജാഗ്രത ഈ കാലഘട്ടത്തിലെ വെല്ലുവിളികളുടെ നടുവിൽ നഷ്ടപ്പെടാതിരിക്കാൻ മാതാപിതാക്കൾ ശ്രദ്ധിക്കേണ്ടതുണ്ട്. നല്ല വൈദികൻ, നല്ല സന്യാസിനി ഇതൊക്കെ വിത്തുഗുണമാണ് നിശ്ചയിക്കുന്നത്.

ഈ സാഹചര്യത്തിൽ നമ്മുടെ കുടുംബങ്ങളിലെ വിശ്വാസകൈമാറ്റം ദൈവവിളിയുടെ പ്രോത്സാഹനകൈമാറ്റമായി നാം കാണണം. മക്കളിലെ ദൈവവിളികൾക്ക് വിത്തുപാകാനായി കുടുംബസാഹചര്യവും അന്തരീക്ഷവും അനുകൂലമാക്കണം. ഇക്കാര്യത്തിൽ നമ്മൾ നേരിടുന്ന വലിയൊരു പ്രതിസന്ധിയുണ്ട്. മക്കളുടെ എണ്ണത്തിൽ കാണിക്കുന്ന പിശുക്ക്.

അബ്രഹാമിന് യഹോവയായ കർത്താവു കൊടുത്ത ഏറ്റവും വലിയ അനുഗ്രഹം, 'നിന്റെ തലമുറ ആകാശത്തിലെ നക്ഷത്രങ്ങൾ പോലെയും ഭൂമിയിലെ മണൽത്തരിപോലെയും വർദ്ധിക്കുന്നുമെന്നാണ്'. അതു പണ്ടുകാലങ്ങളിൽ നമ്മുടെ കുടുംബങ്ങളിലെ മുദ്രാവാക്യംപോലെ നാം കാണുകയുംചെയ്തിട്ടുണ്ട്.

### വലിയ ഇടയന്റെ ഹൃദയത്തിൽനിന്ന്

കൂടുതൽ മക്കളെ ദൈവത്തിനുവേണ്ടി ജന്മം കൊടുക്കാനായി മാതാപിതാക്കൾ എടുത്തിരുന്ന മുൻകരുതലും ദീർഘവീക്ഷണവും സഭയെ ബലപ്പെടുത്തുകയും ചെയ്തിരുന്നു. എന്നാൽ പുതിയകാലഘട്ടത്തിൽ കുടുംബം വലുതാകാൻ പാടില്ല എന്നൊരു നയമാണ് ചിലരെങ്കിലും സ്വീകരിച്ചിരിക്കുന്നത്. കൂടുതൽ മക്കൾക്കു ജന്മംനല്കാൻ നമുക്ക് ദൈവത്തിന്റെ സന്നിധിയിൽ ഉത്തരവാദിത്വമുണ്ട്. മക്കളുടെ എണ്ണംകുറച്ചുകൊണ്ടു ജീവിതസൗകര്യം വർധിപ്പിക്കാൻ കാണിക്കുന്ന വെപ്രാളത്തിനു പിന്നിലുള്ളതു സ്വാർഥതയും തന്നിഷ്ടവുമാണ്. ഇത് ദൈവവിളി കുറയാൻ കാരണമാകുന്നുണ്ട്.

ദൈവവിളിയുടെ കുറവിനെക്കുറിച്ചു പറയുമ്പോൾ വൈദികർക്കെതിരേ ഉയരുന്നനിഷേധാത്മകമായ വിമർശനങ്ങളും കാണാതെ പോകരുത്. ശരിയാണ്; ചില വൈദികർക്കൊക്കെ ജീവിതത്തിൽ പാളിച്ചകളൊക്കെ ഉണ്ടാകാം. പക്ഷേ ഒരു നാടിനെ മുഴുവൻ ഉണർത്തുന്നവരും ഒരു നാടിന്റെ വികസനത്തിൽ പ്രധാനപങ്കുവഹിക്കുന്നവരായ വൈദികരുമുണ്ട്. അങ്ങനെയുള്ള വൈദികരെ പലരും വിസ്മരിച്ചുപോകുന്നു. വൈദികരുടെ കുറവുകൾ പെരുപ്പിച്ചുകാണിക്കുന്നതിലുള്ള ഉത്സാഹം മാറ്റിവച്ച് അവരുടെ നന്മ പറഞ്ഞുനടക്കുന്നതിൽ നമ്മൾ ശ്രദ്ധ കാണിക്കേണ്ടതുണ്ട്.

ദൈവവിളി വർധിപ്പിക്കാനായി നമ്മുടെ വിശ്വാസ പരിശീലനപദ്ധതിയിൽ ഇക്കാര്യത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ അവതരിപ്പിക്കണം. വിശ്വാസപരിശീലനകാര്യത്തിൽ നടത്തുന്ന പരിവർത്തനത്തിന്റെ വിജയമാണ് ദൈവവിളികൾ. സ്വന്തം അനുഭവം പറയട്ടെ. ഒരു വൈദികനാകണമെന്ന ആഗ്രഹം എന്നിലാദ്യമായി ജനിപ്പിച്ചത് എന്നെ വേദപാഠം പഠിപ്പിച്ച അധ്യാപകനായിരുന്നു. വിശുദ്ധരുടെ ചിത്രകഥാപുസ്തകങ്ങളൊന്നും ഇല്ലാതിരുന്ന കാലത്ത് അദ്ദേഹം എവിടെനിന്നോ ഒരു പുസ്തകം സംഘടിപ്പിച്ച് എനിക്കത് സമ്മാനമായി തരുകയായിരുന്നു. ആ ചിത്രകഥ വായിച്ചാണ് മിഷനറിയാകണമെന്നും വൈദികനാകണമെന്നും ആത്മാക്കളെ നേടണമെന്നുമൊക്കെയുള്ള ചിന്ത മനസ്സിലുണ്ടായത്. വിശ്വാസപരിശീലകരായ എല്ലാവരും ദൈവവിളിയുടെ വർദ്ധനവിനായി അധികംദൂരം സഞ്ചരിക്കേണ്ടവരാണ്.

നമ്മുടെ സംഘടനാ- ചെറുപുഷ്പമിഷൻ ലീഗ്, സിഎൽസി, അൾത്താരബാലസഖ്യം- പ്രവർത്തനങ്ങളിലൂടെയൊക്കെ ധാരാളം ദൈവവിളികൾ പ്രോത്സാഹിപ്പിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ പഴയതുപോലെ ഇന്നതു സംഭവിക്കുന്നില്ല. അതുകൊണ്ട് നമ്മുടെ വേദപാഠവും സംഘടനാപ്രവർത്തനങ്ങളുമൊക്കെ ദൈവവിളികൾ പ്രോത്സാഹിപ്പിക്കാൻ കാരണമാകണം. നമ്മുടെ സ്കൂളുകൾ അക്ഷരാഭ്യാസത്തിനും വിദ്യാഭ്യാസത്തിനുമായി സ്ഥാപിക്കപ്പെട്ടിരിക്കുന്നവയാണ്. അവ നന്നായി നാം ചെയ്യുന്നുമുണ്ട്.

കേരളത്തിലെ സാക്ഷരതയുടെ ഏറ്റവും പ്രധാനപ്പെട്ട ഒരുഘടകം ചാവറയച്ചനിലൂടെ തുടങ്ങിവയ്ക്കപ്പെട്ട പള്ളിക്കൂടങ്ങളാണ്. അതുകൊണ്ട് സ്കൂളുകൾവഴിയും ദൈവവിളികൾ പ്രോത്സാഹിപ്പിക്കണം. വിദ്യാർഥികളായി മുമ്പിലിരിക്കുന്ന കുട്ടികളിൽനിന്ന് നല്ല വൈദികരെയും സമർപ്പിതരെയും അല്മായരെയുമൊക്കെ രൂപപ്പെടുത്തിയെടുക്കാൻ അധ്യാപകർ പരിശ്രമിക്കണം.

ദൈവവിളി പ്രോത്സാഹനത്തിൽ വൈദികർക്കും വലിയ സ്ഥാനമുണ്ട്. ദൈവവിളിക്കു സാധ്യതയുണ്ടെന്ന് തോന്നുന്ന കുഞ്ഞുങ്ങളെ നമ്മുടെ വൈദികരും സമർപ്പിതരും നിരന്തരം അനുധാവനം ചെയ്യണം. സാമ്പത്തികസുസ്ഥിതിയുള്ള കുടുംബങ്ങളിലേതിനെക്കാൾ കൂടുതൽ ദൈവവിളികൾ ഉണ്ടാകുന്നത് പലപ്പോഴും സാമ്പത്തികസുരക്ഷിതത്വം ഇല്ലാത്ത കുടുംബങ്ങളിൽ നിന്നാണ്. ദൈവവിളി ലഭിച്ചുവരുന്ന ഈ കുട്ടികളെ പഠിപ്പിക്കാൻ നല്ലവിധത്തിലുള്ള സാമ്പത്തികസ്രോതസുകൾ അനിവാര്യമാണ്. അതുകൊണ്ട് എന്റെ മക്കൾ വൈദികരോ സമർപ്പിതരോ ആയില്ലല്ലോ എന്ന് സങ്കടപ്പെടാതെ, സാമ്പത്തിക സുസ്ഥിതിയില്ലാത്ത കുടുംബങ്ങളിൽനിന്നുള്ള ദൈവവിളി ലഭിച്ച കുട്ടികളെ ദത്തെടുക്കാനും അവരെ പഠിപ്പിക്കാനും പരിശീലിപ്പിക്കാനും തയ്യാറായി മുന്നോട്ടുവരണം. നമ്മുടെ എല്ലാ രൂപതകളിലും അതിനുള്ള സംവിധാനമുണ്ട്. അത്തരത്തിലുള്ള ഒരു പ്രചരണം നമ്മുടെ പള്ളികളിലും മറ്റും ഉണ്ടാകണം.

നല്ല ദൈവവിളികളുണ്ടെങ്കിൽ മാത്രമേ സഭയ്ക്ക് മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ. പാശ്ചാത്യനാടുകളിൽനിന്ന് മിഷനറിമാർ നമ്മുടെ നാട്ടിലെത്തി സുവിശേഷപ്രവർത്തനം നടത്തിയ ഒരു കാലമുണ്ടായിരുന്നു പണ്ട്. പക്ഷേ ഇന്ന് പാശ്ചാത്യനാടുകളിൽ ദൈവവിളി കുറഞ്ഞുപോയിരിക്കുന്നു. ഇതു നമുക്കും സംഭവിച്ചുകൂടായ്കയില്ല. അങ്ങനെയൊന്ന് സംഭവിക്കാതിരിക്കണമെങ്കിൽ നമുക്കു ദൈവവിളികൾ ഉണ്ടാകേണ്ടിയിരിക്കുന്നു. അതിന് വൈദികരും സമർപ്പിതരും മതബോധനാധ്യാപകരും വിദ്യാലയങ്ങളിലെ അധ്യാപകരും സംഘടനാപ്രവർത്തകരുമൊക്കെ ഒത്തൊരുമിച്ചുപ്രവർത്തിക്കേണ്ടിയിരിക്കുന്നു. അതിനായി ഓരോരുത്തരും ഉണർന്നുപ്രവർത്തിക്കണം. പ്രാർഥനകൊണ്ടും പ്രവർത്തനംകൊണ്ടും പണം കൊണ്ടും ദൈവവിളി പ്രോത്സാഹിപ്പിക്കാൻ എല്ലാവരും പരിശ്രമിക്കുക. ദൈവം നമ്മെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

---

**കൂരിയ ബിഷപ്പിന്റെ സന്ദേശം**

# വീടും ഇടവകയും ദൈവവിളിയുടെ പിള്ളത്തൊട്ടിൽ

**ബിഷപ്പ് സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ**



പൗരോഹിത്യത്തിലേക്കും സന്യാസത്തിലേക്കുമുള്ള ദൈവവിളി ലഭിക്കാൻ ഇടവന്ന സാഹചര്യത്തെക്കുറിച്ചും അതിനു കാരണക്കാരായവരെക്കുറിച്ചും വൈദികരോടും സന്യസ്തരോടും പലരും ചോദിക്കാറുണ്ട്. ഇതിനുത്തരമായി ചില വ്യക്തികളുടെ പേരുപറയുകയും ചില സാഹചര്യങ്ങൾ സൂചിപ്പിക്കുകയും ചെയ്യാറുണ്ടെങ്കിലും പലരുടെയും ജീവിതത്തിൽ ഒന്നിലധികം സാഹചര്യങ്ങളും വ്യക്തികളും അവരുടെ ദൈവവിളിയെ സ്വാധീനിച്ചിട്ടുണ്ടെന്നു പറയുന്നതാവും കൂടുതൽ ശരിയായ വസ്തുത.

ഈ ഗണത്തിൽ ഒന്നാമതു വരുന്നതു മാതാപിതാക്കളാണ്. അപ്പനും അമ്മയും നല്ല പ്രാർഥനാ ജീവിതം നയിക്കുന്നവരും വൈദികരോടും സന്യസ്തരോടും നല്ല അടുപ്പം പുലർത്തുന്നവരുമാണെങ്കിൽ മക്കൾക്ക് ഈ ജീവിതാന്തസുകളോടു താത്പര്യം കൂടുതൽ ഉണ്ടാകാൻ സാധ്യത ഏറെയാണ്.

ഒരിക്കൽ ഒരു വീടു സന്ദർശിച്ചപ്പോൾ 40 വയസ്സുകാരിയായ കുടുംബനാഥ പറഞ്ഞ ഒരു കാര്യം ഹൃദ്യമാണ്. അവൾക്കു രണ്ടു മക്കളുണ്ട്: ഒരാൺകുട്ടിയും ഒരു പെൺകുട്ടിയും. അച്ചനാകാൻ ആഗ്രഹമുണ്ടോ എന്നു ഞാൻ എട്ടുവയസു പ്രായമുള്ള ആൺകുട്ടിയോടു ചോദിച്ചപ്പോൾ, അതീവ സന്തോഷത്തോടും ഉത്സാഹത്തോടുംകൂടി അവൻ അതിന് അനുകൂലമായ ഉത്തരം നല്കി. ഇതുകേട്ടുകൊണ്ടിരുന്ന കുട്ടിയുടെ അമ്മ മറ്റുചില കാര്യങ്ങൾ കൂട്ടിച്ചേർത്തുപറഞ്ഞു: "ഞാൻ തിരുപ്പട്ടങ്ങൾക്കു ഗാനമാലപിക്കുന്ന ഒരാളാണു. കഴിഞ്ഞ 20 വർഷത്തിലധികമായി ഞാൻ ഈ ശുശ്രൂഷയിൽ താത്പര്യപൂർവ്വം വ്യാപൃതയാണ്. മക്കളെ ഗർഭംധരിച്ചിരുന്ന വേളയിലും പാട്ടുപാടുന്നതിൽ ഞാൻ ഉപേക്ഷ കാട്ടിയിട്ടില്ല എന്നു മാത്രമല്ല അവർക്കു ദൈവവിളി ലഭിക്കാൻ ഞാൻ കൂടുതൽ പ്രാർഥിച്ചിട്ടുമുണ്ട്. പുരോഹിതാർഥിയുടെ തലയിൽ കൈവച്ചു മെത്രാൻ പ്രാർഥിക്കുന്ന വേളയിൽ ഗർഭിണിയായ ഞാൻ എന്റെ വയറ്റിൽ കൈവെച്ചു ജനിക്കാനിരിക്കുന്ന കുഞ്ഞ് ആൺകുട്ടിയാണെങ്കിൽ അവനെ ഒരു പുരോഹിതനാക്കണെയെന്നു പ്രാർഥിക്കുമായിരുന്നു. അതിന്റെ കൃപ ഈ മകനു ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പായും ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ടുതന്നെയാണ് ഈ ചെറുപ്രായത്തിൽപ്പോലും അച്ചനാകാനുള്ള ആഗ്രഹം അവൻ പ്രകടിപ്പിക്കുന്നത്". ഇതുപോലെ മക്കളെ സന്യാസ വൈദികജീവിതാന്തസുകളിൽ പ്രവേശിപ്പിക്കാൻ ആഗ്രഹിച്ചു, പ്രാർഥിക്കുകയും പരിശ്രമിക്കുകയും ചെയ്യുന്ന മാതാപിതാക്കളുടെ വിശുദ്ധമായ മനോഭാവവും ശ്ലാഘനീയമാണ്.

ദൈവവിളി പ്രോത്സാഹിപ്പിക്കുന്നതിൽ സുപ്രധാന പങ്കുവഹിക്കുന്ന ആളുകളാണ് ഇടവകയിലെ വൈദികരും സന്യസ്തരും. വികാരിമാരോട് അടുപ്പംകൂടി പരിശുദ്ധ



കുർബാനയ്ക്കു സഹായിക്കുന്ന നിരവധി കുട്ടികൾ വൈദികരാകാൻ സന്നദ്ധരാകുന്നുണ്ട്. വിശ്വാസപരിശീലന ക്ലാസുകളിൽ പഠിപ്പിക്കുന്ന സന്യാസിനികൾ, പ്രത്യേകിച്ചും കുട്ടികളെ ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണത്തിന് ഒരുക്കുന്നവർ, ദൈവവിളി പ്രോത്സാഹനത്തിൽ വഹിക്കുന്ന പങ്ക് അവിസ്മരണീയമാണ്. വൊക്കേഷൻ പ്രൊമോട്ടേഴ്സ് എന്ന ഔദ്യോഗിക ചുമതല നിർവഹിച്ചുകൊണ്ട് പള്ളികളും സ്കൂളുകളും വീടുകളും കയറിയിറങ്ങി ദൈവവചന പ്രോത്സാഹനത്തിനായി ത്യാഗപൂർവം കഠിനാധ്വാനം ചെയ്യുന്ന വൈദികരും സന്യാസിനിമാരും ചെയ്യുന്ന സേവനങ്ങളും സ്തുത്യർഹമാണ്.

കോടിക്കണക്കിനു വിശ്വാസികളുള്ള കത്തോലിക്കാസഭയിൽ വൈദികരുടെയും സന്യസ്തരുടെയും എണ്ണം വളരെ ചെറുതാണെങ്കിലും ഈ ജീവിതാന്തസു സ്വീകരിച്ചുകൊണ്ട് അവർ ചെയ്യുന്ന ശുശ്രൂഷകൾ നിസ്തുലങ്ങളാണ്. നൂറുകണക്കിനു കുടുംബങ്ങൾ ഉള്ള ഒരു ഇടവകയിൽ ഒരു പിതാവിന് അടുത്ത മനോഭാവങ്ങളോടെ ജീവിക്കാൻ കഴിയുന്ന ഒരു പുരോഹിതൻ ഈ ജീവിത അന്തസ്സിൽ അഭിമാനിക്കുന്നവനും സന്തുഷ്ടനുമായിരിക്കും.

ആയിരക്കണക്കിനു വിദ്യാർഥികൾ ഉള്ള ഒരു വിദ്യാലയത്തിൽ പ്രിൻസിപ്പൽമാരും അധ്യാപകരുമായി ശുശ്രൂഷചെയ്തുകൊണ്ടു പഠിപ്പിക്കുന്ന സന്യാസിനിമാരെ അത്ഭുതത്തോടെ മാത്രമേ നോക്കിക്കാണുവാൻ കഴിയുകയുള്ളു. വേറൊരു വിഭാഗം സന്യാസിനിമാർ നഴ്സിങ് മേഖലയിൽ ചെയ്യുന്ന ശുശ്രൂഷകളും വിസ്മയകരങ്ങളാണ്. ഈ ജീവിതാന്തസ്സിലേക്കു ധാരാളം വിളികൾ ഉണ്ടാകുവാനായി നമുക്കു പ്രാർഥിക്കാം. സുവിശേഷത്തിൽ ഈശോ ഇപ്രകാരം അരുളിചെയ്തിട്ടുണ്ടല്ലോ "വിളവധികം: വേലക്കാരോ ചുരുക്കം അതിനാൽ തന്റെ വിളഭൂമിയിലേക്കു വേലക്കാരെ അയക്കാൻ വിളവിന്റെ നാഥനോടു പ്രാർഥിക്കുവിൻ (മത്താ. 9:3738). ഈ ആഹ്വാനം സ്വീകരിച്ചു നമുക്കു പ്രാർഥനയിൽ സ്ഥിരോത്സാഹികളാകാം.

നല്ലവനായ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

# ഉടമ്പടി ചെയ്ത വിശ്വസ്തർ

ബ്രം. സന്തോഷ് കരുമത്ര



''ബലിയർപ്പണത്തോടെ എന്നോട് ഉടമ്പടിചെയ്തിട്ടുള്ള എന്റെ വിശ്വസ്തരെ എന്റെ അടുത്തു വിളിച്ചുകൂട്ടുവിൻ'' (സങ്കീ 50 :5)

പുരോഹിതർ... അവർ ദൈവത്തിനും ദൈവജനത്തിനുംവേണ്ടി കർത്തൃസന്നിധിയിൽ ഉടമ്പടി ചെയ്യുന്ന കർത്താവിന്റെ അഭിഷിക്തദാസരാണ്...

ദൈവരാജ്യത്തിന്റെ വളർച്ചയ്ക്കും സഭാതനയരുടെ പോഷണത്തിനും സമൂഹത്തിന്റെ നന്മയ്ക്കുമായി സ്വയം ഉരുകിതീരുന്നവരാണ്. സ്വന്തബന്ധങ്ങളും സർവസുഖങ്ങളും ഉപേക്ഷിച്ച്, സഭയാകുന്ന ആട്ടിൻപറ്റത്തെ ക്രിസ്തുവിൽ ഒന്നായി നയിക്കാനുള്ള ഇടയധർമ്മം ചങ്കൂറ്റത്തോടെ ഏറ്റെടുക്കുന്ന വൈദികരുടെ ആത്മധൈര്യത്തിന്റെയും സമ്പൂർണത്യാഗത്തിന്റെയും ജീവിതങ്ങൾ തികച്ചും അസൂയാവഹങ്ങളാണ് .

അൾത്താരയിൽ കർത്താവിന്റെ പരിശുദ്ധ ബലി പരികർമംചെയ്യാനുള്ള അനുഗ്രഹം സിദ്ധിച്ച വൈദികരുടെ അഭിഷിക്ത കരങ്ങളും കർത്താവിന്റെ സുവിശേഷത്തിന്റെ പ്രഘോഷകരായി ദേശദേശാന്തരങ്ങൾ താണ്ടുന്ന അവരുടെ സുന്ദരപാദങ്ങളും എത്രയോ ഭാഗ്യമുള്ളവ! കല്ലുകളും മുള്ളുകളും നിറഞ്ഞ ജീവിതപന്ഥാവിൽ ദൈവത്തിനും ദൈവജനത്തിനും വേണ്ടി വലിയ വില നൽകുന്ന പുരോഹിതർ മറ്റേത് കാലത്തേക്കാളും ഇന്നിന്റെ വലിയ ആവശ്യമാണ്.

തിന്മയുടെ ശക്തികളും മായാമോഹങ്ങളും വ്യാജപ്രബോധനങ്ങളും നാൾക്കുനാൾ പ്രബലപ്പെടുമ്പോൾ, സഭയ്ക്കെതിരെ ശത്രുക്കൾ ഒളിഞ്ഞും തെളിഞ്ഞും അസ്ത്രങ്ങൾ എയ്തുകൊണ്ടിരിക്കുമ്പോൾ, ജാഗ്രതയോടെ സഭയെ നയിക്കാനും അജഗണത്തിന് കാവൽഗോപുരങ്ങളാകാനും കർത്താവിനു വിശ്വാസയോഗ്യരായ വൈദികരെ ആവശ്യമുണ്ട്. കാവൽക്കാർ ഉറക്കമാകുമ്പോൾ കൗശലപൂർവ്വം ആക്രമിക്കുന്ന കുറുനരികൾക്കും ചെന്നായ്ക്കൾക്കും അജഗണത്തെ വിട്ടുകൊടുക്കാത്ത, സദാ ഉണർന്ന് ജാഗരൂകരായ വൈദികർ ഇനിയും സഭയിൽ ഉണരട്ടെ.

ഗോതമ്പിനിടയിൽ കള വിതച്ചിട്ടു കടന്നുകളയുന്ന ശത്രുക്കൾ (മത്താ. 13 :25 ) സഭയിൽ പ്രബലപ്പെടാതിരിക്കാൻ ഇടയന്മാരുടെ ജാഗ്രതയോടെയുള്ള കാവൽ ഇന്നിന്റെ അനിവാര്യതയാണ്. സഭയുടെ വളർച്ചയിലും ആത്മീയ പോഷണത്തിലും അത്യന്താപേക്ഷിത പങ്ക് വഹിക്കുന്നതിനാൽത്തന്നെ ദുഷ്ടപിശാചും ലോകശക്തികളും പുരോഹിതരുടെ ശ്രേഷ്ഠ ജീവിതത്തിന്മേൽ ദൃഷ്ടിയുറപ്പിച്ചിട്ടുണ്ട് എന്ന് നിസ്സംശയം പറയാം. വൈദികരെ ലക്ഷ്യം വച്ചുള്ള ശത്രുവിന്റെ ചതിക്കെണികളുടെ നേർചിത്രങ്ങൾ ചുറ്റും കണ്ണോടിച്ചാൽ നമുക്കു സുവ്യക്തമായി കാണാൻ സാധിക്കും. ശാരീരികമായും മാനസികമായും ആത്മീയമായും ഇന്ന് വൈദികസമൂഹം നേരിടുന്ന വെല്ലുവിളികൾ ദൈവജനം മുഴുവന്റെയും വേദനയാകണം. കാരണം, വൈദികരാണ് നമ്മുടെ ആത്മീയജീവിതത്തിന്റെ പോഷകങ്ങൾ ആയ കൂദാശകൾ പരികർമം ചെയ്യുന്നവർ. അവർ വെല്ലുവിളികളിൽ തളരാതിരിക്കേണ്ടത് നമ്മുടെ ആവശ്യവും ഉത്തരവാദിത്വവുമാണ്. വിർശനങ്ങൾക്കും പീഡനങ്ങൾക്കും ആക്ഷേപങ്ങൾക്കും വ്യാജ ആരോപണങ്ങൾക്കും വിധേയരാകുമ്പോഴും നിശ്ശബ്ദ സഹനങ്ങളിലൂടെയും ഉറച്ച നിലപാടുകളിലൂടെയും അവർ നല്കുന്ന ധീരസാക്ഷ്യം സഭാതരുവിന് ഫലസമ്പുഷ്ടമായ വിളനിലംപാകപ്പെടുത്തട്ടെ.

### കർത്താവിനായി മുദ്രവയ്ക്കപ്പെട്ട നീരുറവകൾ

''എന്റെ മണവാട്ടി അടച്ച ഉദ്യാനമാണ്, മുദ്രവച്ച നീരുറവ'' (ഉത്തമഗീതം 4;12)

സന്യസ്തർ... സ്വന്തബന്ധങ്ങളും സുഖസൗകര്യങ്ങളും വെടിഞ്ഞ് സന്യാസഭവനത്തിന്റെ നാല് ചുവരുകൾക്കുള്ളിൽ ആരാലും അറിയപ്പെടാതെ തങ്ങളുടെ ആത്മനാഥനായ യേശുവിന്റെ പ്രിയ മണവാട്ടികളായി ജീവിതം സമർപ്പിക്കുന്നവർ... ദാരിദ്ര്യത്തെ പുല്കിയും അനുസരണം വ്രതമാക്കിയും കന്യകാത്വം സമർപ്പിച്ചും ലോകമോഹങ്ങളോടു വിടചൊല്ലി കർത്താവിനുവേണ്ടിയും അവിടത്തെ സഭയ്ക്കുവേണ്ടിയും സന്ന്യാസം വരിക്കുന്ന അവരുടെ ദൃഢനിശ്ചയവും മനോധൈര്യവും കണ്ടില്ലെന്നടിച്ച്, സന്യാസത്തെപ്പറ്റി നുണക്കഥകൾ പ്രചരിപ്പിക്കുന്നവരും സന്ന്യാസിനികൾക്കുനേരെ ആക്ഷേപചെളി വാരിയെറിയുന്നവരും ഇല്ലാകാര്യങ്ങൾ പറഞ്ഞുപരത്തുന്നവരും ഇന്ന് വർധിച്ചിരിക്കുകയാണ്. പൊതുസമൂഹത്തിന് സമർപ്പിതരിലൂടെ ചരിത്രത്തിലുടനീളം നല്കപ്പെട്ടിട്ടുള്ള സംഭാവനകൾ പാടെ വിസ്മരിക്കപ്പെടുന്ന സ്ഥിതിവിശേഷങ്ങളാണ് നിലവിലുള്ളത്.

അനാഥർക്ക് അമ്മമാരായും പട്ടിണിപ്പാവങ്ങൾക്ക് അന്നദാതാക്കളായും ഉറ്റവരും ഉടയവരും ഉപേക്ഷിച്ചവർക്ക് സഹോദരിമാരായും കരുതലിന്റെയും സ്നേഹത്തിന്റെയും ദൈവദൂതുകളുടെ വക്താക്കളാകുന്ന, അനേകർക്ക് ക്രിസ്തീയതയിൽ ജന്മം നല്കുന്ന ആത്മീയ അമ്മമാരായ ഈ കന്യാസ്ത്രീകളെപറ്റി യാഥാർഥ്യങ്ങൾ അറിയാതെ സന്യാസസമൂഹത്തെ മുഴുവൻ അടച്ചാക്ഷേപിക്കുന്നവരും അവർക്ക് വിലക്കേർപ്പെടുത്തുന്നവരും വ്യാജകേസുകളിൽ കുടുക്കുന്നവരും ഇന്ന് വർധിച്ചിരിക്കുന്നു. അതിനാൽത്തന്നെ, സന്യസ്തരെ പ്രാർഥനകൊണ്ടും പിന്തുണകൊണ്ടും പ്രോത്സാഹിപ്പിക്കേണ്ടതും സന്യസ്ത ദൈവവിളികൾക്കായി നമ്മുടെ മക്കളെ ഒരുക്കേണ്ടതും ഈ കാലഘട്ടത്തിന്റെ ആവശ്യകതയാണ്.

കാരണം, പ്രാർഥനയുടെ വേരുകളിൽ സഭയെ വളർത്തുന്നതിലും ആധുനിക ലോകത്തിൽ കർത്താവിന്റെ കാണപ്പെടുന്ന ശരീരമായി സഭയെ നിലനിർത്തുന്നതിലും സന്യസ്തരുടെ പങ്ക് ഒഴിച്ചുകൂടാനാകാത്തതാണ്.

### അത്മായർ സഭയുടെ മുത്തുകൾ

''പരിശുദ്ധ കന്യകാമറിയത്തെപ്പോലെ, തങ്ങളുടെ ജീവിതത്തിൽ ദൈവിക പദ്ധതിയോട് ആമ്മേൻ പറയുകയും അതനുസരിച്ച് ജീവിക്കുകയും ചെയ്യുന്ന ക്രിസ്തുവിന്റെ വിശ്വസ്തരായ അത്മായരെ കർത്താവിന്റെ വലിയ മുന്തിരിത്തോപ്പിലെ വേലക്കായി ആവശ്യമുണ്ട്''. ബെനഡിക്ട് പതിനാറാമൻ പാപ്പയുടെ ഈ വാക്കുകൾ മറ്റേതു കാലത്തേക്കാളും ഈ കാലഘട്ടത്തിൽ പ്രസക്തമാണ് .

വിവിധ സാഹചര്യങ്ങളിലും സ്ഥലങ്ങളിലും കർത്താവിന്റെ ശിഷ്യന്മാരും സാക്ഷികളുമായി ക്രിസ്ത്യാനികൾ ആയിരിക്കുന്നതിന്റെ ആനന്ദം അനുഭവിക്കുന്നവരും മറ്റുള്ളവരുമായി പങ്കുവക്കുന്നവരുമാണ് അത്മായർ. നിലവിലെ സാംസ്കാരികവും സാമൂഹികവുമായ അവസ്ഥകൾ കത്തോലിക്കാപാരമ്പര്യങ്ങളുടെയും സത്യവിശ്വാസത്തിന്റെയും സൂക്ഷിപ്പിലും കൈമാറ്റത്തിലും അത്മായരുടെ സാന്നിധ്യത്തെയും ഇടപെടലുകളെയും അടിയന്തിരമാക്കുന്നു. അതിർവരമ്പുകളില്ലാത്ത സുവിശേഷപ്രഘോഷണത്തിനുള്ള അനന്തസാധ്യതകളാണ് അത്മായർക്ക് മുന്നിൽ ഉള്ളത്. വൈദിക സന്ന്യസ്ത ദൈവവിളികളുടെയും ഉറവിടങ്ങൾ കുടുംബങ്ങൾ തന്നെയാണല്ലോ.

ധാർമ്മിക മൂല്യങ്ങളും സുവിശേഷപ്രബോധനങ്ങളും കാറ്റിൽപറത്തി നവയുഗമുന്നേറ്റങ്ങൾ പുതിയ തലമുറയെ ക്രൈസ്തവവിരുദ്ധ മൂല്യച്യുതിയിലേക്ക് തള്ളിവിടുമ്പോൾ, നമ്മുടെ കുഞ്ഞുങ്ങൾക്ക് ആത്മീയ പ്രതിരോധത്തിന്റെ പരിശീലനം നല്കേണ്ടത് പ്രധാനമായും കുടുംബങ്ങളിലാണ്. അതിനാൽ ത്തന്നെ, അത്മായർ സഭാഗാത്രത്തിലെ അവിഭാജ്യഘടകങ്ങൾ മാത്രമല്ല, സഭയുടെ തുടിപ്പുകൾ എന്നു വിശേഷിപ്പിക്കാവുന്ന അതിലെ അവയവങ്ങളാണ്.

അത്മായനേതൃത്വങ്ങളിലൂടെ സ്തുത്യർഹ ശുശ്രൂഷചെയുന്ന സഭാസംവിധാനങ്ങളും നിരവധിയാണ്. സഭയുടെ ശബ്ദമായി മാധ്യമരംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ചിരിക്കുന്ന ഷെക്കെയ്ന ന്യൂസ്, ശാലോം ടിവി തുടങ്ങിയവയും ഉപവിപ്രവർത്തനമേഖലയിൽ ദൈവസ്നേഹത്തിന്റെയും സഹോദരസ്നേഹത്തിന്റെയും കാണപ്പെടുന്ന അടയാളമായി മാറിയ പി യു തോമസിന്റെ നവജീവൻ സംരംഭവും കൂടാതെ മിഷൻ പ്രവർത്തനങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന മിഷൻ സംഘടനകളും അടക്കം എത്രയോ അത്മായ കൂട്ടായ്മകളും പ്രസ്ഥാനങ്ങളും സുവിശേഷകരും ആണ് ഇന്ന് സഭയുടെ അമൂല്യരത്നങ്ങളായി, കർത്താവിനും സഭയ്ക്കും സമൂഹത്തിനുമായി വിളങ്ങുന്നത്! തങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന ഉത്തരവാദിത്വങ്ങളും സാധ്യതകളും തിരിച്ചറിഞ്ഞ് അത്മായർ ഇനിയും ഉണരണം... സഭ വളരണം... അങ്ങനെ ലോകം കർത്താവിനെ അറിയണം.

# രുചി പകരുന്ന ഉപ്പാകുന്നവർ

ഒന്നാം പേജ് തുടർച്ച

ക്കാൻ തുടങ്ങുന്ന കുഞ്ഞുങ്ങൾ പോലും സ്മാർട്ട് ഫോൺ കൈകാര്യം ചെയ്യുമ്പോൾ പല സമർപ്പിതർക്കും വൈദികർക്കും ഇതിൽ ഒന്നും വലിയ പരിജ്ഞാനം ഇല്ല എന്നതു വിചിന്തനത്തിന് കാരണമാക്കേണ്ട ഒന്നാണ്. ഇന്റർനെറ്റും ദൈവത്തിന്റെ ദാനം ആണ്. നവമാധ്യമങ്ങളെ ഫലപ്രദമായി കൈകാര്യംചെയ്താൽ ലോകത്തിന്റെ അതിർത്തികൾ വരെ ക്രിസ്തുവിന്റെ സുവിശേഷം എത്തിക്കാൻ ഉതകുന്ന ഏറ്റവും നല്ല സാധ്യതയാണത്. ദൗർഭാഗ്യവശാൽ ഈ ഡിജിറ്റൽ യുഗത്തിലും നവമാധ്യമങ്ങളോടുംഇന്റർനെറ്റിനോടുമുള്ള ഭയം നമ്മിൽ പലരിൽനിന്നും അകന്നുപോകാത്തതിന് കാരണം ഈ പുതിയ സാധ്യതയിലുള്ള പരിജ്ഞാനക്കുറവാണ്. പരിശീലനകാലംമുതൽ വിവരസാങ്കേതികവിദ്യയിലും നവമാധ്യമ രംഗത്തുമുള്ള പരിജ്ഞാനം വർധിപ്പിക്കുവാനുതകുന്ന പരിശീലന കോഴ്സുകൾ സംഘടിപ്പിക്കുകയും സമയാസമയങ്ങളിൽ അതിൽ തന്നെ അപ്ഡേഷനുകൾ നടത്തുകയുംചെയ്യണം. വിവേകത്തോടെയും വിവേചനത്തോടെയും നവമാധ്യമങ്ങളെ കൈകാര്യംചെയ്യാൻ പഠിപ്പിക്കണം. ഡിജിറ്റൽ നേറ്റീവ്സിൽ നിന്ന് ഡിജിറ്റൽ വിസ്ഡത്തിലേയ്ക്ക് വളരാൻ നാം പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യണം. കാരണം ജ്ഞാനം ഉള്ള വ്യക്തി ഒരിക്കലും വഴിതെറ്റി പോകില്ല.

### 2. പുരോഹിതരും സമർപ്പിതരും കാലഘട്ടത്തിന്റെ പ്രവാചകദൗത്യം ഏറ്റെടുക്കുന്നവരായിരിക്കണം

സമൂഹത്തിൽ നടമാടുന്ന തിന്മകൾക്ക് എതിരേ വിവേകത്തോടെയും ഉത്തരവാദിത്വത്തോടെയും ശബ്ദിക്കുവാനുള്ള ആർജവം ഓരോ പുരോഹിതസമർപ്പിതവ്യക്തികൾക്കും ഉണ്ടാകണം. പ്രതികരണങ്ങൾ ജാതി മത രാഷ്ട്രീയ വ്യത്യാസങ്ങൾക്ക് അതീതമായിരിക്കണം. തങ്ങളുടെ സത്പേരിനും സ്ഥാനമാനങ്ങൾക്കും സ്ഥാപനങ്ങൾക്കും എന്തെങ്കിലും കോട്ടം സംഭവിച്ചാലോ എന്ന് കരുതി തങ്ങളുടെ പ്രവാചകദൗത്യം മറന്നു പോവുകയും തെറ്റു തെറ്റാണെന്ന് ചൂണ്ടിക്കാണിക്കാനുള്ള ആർജവം ഇല്ലാതാവുകയും ചെയ്താൽ നാം ദൈവത്തെക്കാൾ അധികം നമ്മെയും നമ്മുടെ സ്ഥാപനങ്ങളെയും ആണ് സ്നേഹിക്കുന്നത് എന്ന് ചുരുക്കം. ഇന്ന് നാം പൊതിഞ്ഞു സൂക്ഷിക്കുന്ന സത്പേരും സ്ഥാനമാനങ്ങളും സ്ഥാപനങ്ങളും കാലത്തിന്റെ കുത്തൊഴുക്കിൽ ഒലിച്ചു പോകില്ല എന്ന് ആരറിഞ്ഞു...

### 3. പുതുതലമുറയുടെ ആശയങ്ങളോട് പ്രതികരിക്കാൻ മടിക്കരുത്

മുതിർന്നവരുടെ വാക്കുകൾ വിവേകം നിറഞ്ഞതാണെങ്കിലും പുതുതലമുറയെ കേൾക്കാനും അവരുടെ ആശയങ്ങളോടുള്ള തുറവിയോടെ പ്രതികരിക്കാനും സാധിച്ചാൽ രണ്ടു തലമുറകൾക്ക് ഇടയിലുള്ള വിടവ് ഇല്ലാതായിത്തീരും. ത്രിത്വത്തിൽ പരസ്പരം മാത്സര്യം ഇല്ല. അതുപോലെ അധികാരം സേവനത്തിനു വേണ്ടിയാണ്. അധികാരത്തിന്റെ ആധ്യാത്മികത ത്രിത്വത്തിന്റെ ആധ്യാത്മികതയുമായി യോജിച്ചുപോകുന്ന ഒന്നാണ്..

### 4. സമർപ്പിതരും പുരോഹിതരും സാമൂഹികതിന്മകൾക്ക് എതിരേ അവബോധം നല്കുന്നവരും മാതൃകാപരമായ ജീവിതംനയിക്കുന്നവരും ആയിരിക്കണം.

പുരോഹിതരും സമർപ്പിതരും സമകാലിക സാമൂഹിക സംഭവങ്ങളോടു ക്രിയാത്മകമായി പ്രതികരിക്കാൻ ആർജവമുള്ളവർ ആയിരിക്കണം. തങ്ങളുടെ സേവനമേഖലയിൽ തനിച്ചായിരിക്കുമ്പോഴും ജനമധ്യത്തിൽ ആയിരിക്കുമ്പോഴും മാതൃകാപരമായ പെരുമാറ്റം മാത്രമേ ഉണ്ടാകാവൂ, പ്രത്യേകിച്ചു സ്ത്രീകളോടും കുട്ടികളോടും ഇടപഴകുമ്പോൾ. ഒരു പുരോഹിതന് അല്ലെങ്കിൽ സന്യാസിനിക്ക് തങ്ങളുടെ ജീവിതാന്തസ്സിൽകൂടി കൈവന്നിരിക്കുന്ന അധികാരം എപ്പോഴും സേവനത്തിനുള്ളതാണ്. മനുഷ്യത്വരഹിതമായ തീരുമാനങ്ങളും അഹന്ത നിറഞ്ഞ വാക്കുകളും ദൈവജനത്തെ തങ്ങളിൽനിന്നും ഒപ്പം ദൈവത്തിൽ നിന്നും അകറ്റികളയാൻ ഇടയാക്കും. നന്മചെയ്യാനും സ്നേഹത്തിൽ വളരാനും മറ്റുള്ളവരെ ഉപദേശിക്കുന്ന ഒരു പുരോഹിതൻ ഒരു തിന്മക്കും കീഴ്പ്പെട്ടവനാകരുത്.

പലപ്പോഴും ലോകസുഖങ്ങളിൽ മുഴുകികഴിയുന്നവർക്ക് മനസ്സിലാക്കാൻ ബുദ്ധിമുട്ടുള്ളതാണെങ്കിലും ക്രൈസ്തവ സന്യസ്തരുടെ വിശ്വാസവും ജീവിതരീതിയും വിശുദ്ധിയോടെ കാത്തുസൂക്ഷിക്കാൻ സന്യാസജീവിതത്തിന്റെ ഏറ്റവും വലിയ മാതൃകയായ ക്രൂശിതനായ ക്രിസ്തുവിലേക്ക് കണ്ണുകൾ ഉയർത്താൻ ഓരോ സമർപ്പിത വ്യക്തിക്കും കഴിയട്ടെ!

# ദൈവവിളിയുടെ വൻകരകളിൽ

● ആത്മാക്കളെ ക്രിസ്തുവിനുവേണ്ടി നേടുന്ന മിഷനറിമാരുടെ ജീവിതഗന്ധിയായ അനുഭവങ്ങൾ

## എല്ലാം ദൈവപരിപാലന



'ദൈവത്തിന്റെ അനന്തപരിപാലന'. ഫാ. കുര്യൻ പെരുമ്പള്ളിക്കുന്നേൽ സിഎംഐ തന്റെ മിഷൻ ലോകത്തെക്കുറിച്ചുള്ള അനുഭവങ്ങളെ ഏറ്റവും ഹ്രസ്വമായി വിവരിക്കുന്നത് അങ്ങനെയാണ്. മലയാളവുമായി മാത്രം പരിചയമുണ്ടായിരുന്ന തന്നെ കേരളത്തിൽ നിന്ന് പിഴുതെടുത്ത് ഗുജറാത്തിൽ നട്ട് അവിടെ നിന്ന് പാപ്പുവാ ന്യൂഗിനി വഴി യൂറോപ്പിലും ആഫ്രിക്കയിലും അമേരിക്കയിലും സുവിശേഷമെത്തിക്കാൻ ദൈവം ഉപകരണമാക്കിയതിനെക്കുറിച്ച് അതല്ലാതെ അദ്ദേഹം മറ്റെന്തുപറയും? എങ്കിലും ആ വഴികൾ മത്തായി 7:13 ൽ പറയുന്നതുപോലെ ഇടുങ്ങിയതും ക്ലേശകരവുമായിരുന്നുവെന്നും അച്ചൻ പറയുന്നു. കഴിഞ്ഞ അഞ്ചുവർഷമായി തെക്കേ അമേരിക്കയിലെ പെറുവിലെ പാമ്പാക്കൊൾക്ക ഇടവകയുടെ കീഴിലുള്ള ഇരുപത്തെട്ട് പള്ളികളുടെ ചുമതലയാണ് ഫാ.കുര്യനുള്ളത്.

വൈദികരുടെയും സന്യസ്തരുടെയും ദൗർലഭ്യമാണ് പെറുവിയൻ സഭ ഇന്ന് അനുഭവിക്കുന്ന പ്രധാന പ്രശ്നവും പ്രതിസന്ധിയും. 'അച്ചന്മാരെയും കന്യാസ്ത്രീകളേയും മുട്ടിട്ട് വഴിനടക്കാൻ ബുദ്ധിമുട്ടാണെന്ന്' പരാതി പറയുന്ന കേരളത്തിലെ മാർത്തോമാ ക്രിസ്ത്യാനികൾക്ക് ഇവിടുത്തെ അവസ്ഥ മനസ്സിലാവില്ല. അച്ചൻ പറയുന്നു.

ഒരു മിഷനറിയായി ജീവിതം സമർപ്പിക്കുന്നതിനെ ജീവിതത്തിലെ ഏറ്റവും വലിയനേട്ടമായിട്ടാണ് ഫാ.കുര്യൻ വിലയിരുത്തുന്നത്.

## നസ്രായന്റെ വഴിയെ...



ഈശോയെ അറിയാത്ത ജനങ്ങൾക്കു ഈശോയെ കൊടുക്കാൻ ശ്രമിക്കുന്ന ജീവിതമാണ് ഫാ. ജോയി അരീക്കലിന്റേത്. അതുകൊണ്ടുതന്നെ പുതിയ പുതിയ മിഷൻ മേഖലകളിൽ പ്രവർത്തിക്കാനാണ് അദ്ദേഹം ആഗ്രഹിക്കുന്നത്.മിഷനോടുള്ള സ്നേഹവും മിഷൻ പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള തീക്ഷ്ണതയുമാണ് അദ്ദേഹത്തെ ഒരു മിഷനറി വൈദികനാക്കി മാറ്റിയത്. 1991 ഏപ്രിൽ 20ന് ഒഡിഷയിലെ ബെർഹംപൂർ രൂപതക്കുവേണ്ടി അഭിഷിക്തനായ ഫാ. ജോയി 2021 ഫെബ്രുവരി 1ന് ഷംഷാബാദ് സീറോമലബാർ രൂപതയിൽ ചേർന്നു.ഇപ്പോൾ ഒഡിഷ ഷംഷാബാദ് മിഷനിലാണ് പ്രവർത്തിക്കുന്നത്.

അച്ചന്റെ മിഷൻ ഏരിയ മൂന്ന് ജില്ലകളിൽപെട്ട (രായകട, ഗജപതി, ഖണ്ഡമൽ )10 സിവിൽ ബ്ലോക്കുകളിൽ ആണ്. ഈ ചെറിയ സമയത്തിനുള്ളിൽ സീറോമലബാർ സഭക്ക് വേണ്ടി 32 പുതിയ ഗ്രാമങ്ങളിൽ ഈശോയെ കൊടുക്കുവാൻ സാധിച്ചു. ഏറ്റവും പാവപ്പെട്ടവരുടെ ഇടയിൽ സേവനം ചെയ്യാനും . അവർക്കു വേണ്ടി പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കാനുമായിട്ടാണ് ജീവിതം അദ്ദേഹം നീക്കിവച്ചിരിക്കുന്നത്.

## പരാതികളില്ലാത്തവർക്കിടയിൽ ആത്മസന്തോഷത്തോടെ



ആകർഷണം തോന്നത്തക്ക വിധത്തിലുള്ള യാതൊരു ബാഹ്യസാഹചര്യങ്ങളും ഇല്ലാതിരുന്നിട്ടും സെൻട്രൽ ആഫ്രിക്കയിലെ മിഷൻപ്രവർത്തനങ്ങളിൽ ഏറെ സന്തോഷത്തോടു കൂടി കഴിഞ്ഞ നാലു വർഷമായി വ്യാപൃതയാണ് സിസ്റ്റർ രേഷ്മ സിഎംസി. അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാതെ ജീവിക്കുന്ന ഒരു പറ്റം ജനത. ഒരുനേരം മാത്രം ഭക്ഷണം കഴിക്കുന്നവർ. കൗമാരത്തിലെത്തും മുമ്പേ അമ്മമാരാകേണ്ടിവരുന്ന പെൺകുട്ടികൾ. പ്രസവിച്ചതിന്റെ പിറ്റേന്ന്തന്നെ കുഞ്ഞുങ്ങളെ പുറത്തുതൂക്കിയിട്ട് ജോലിക്ക് ഇറങ്ങിത്തിരിക്കേണ്ടിവരുന്ന സ്ത്രീകൾ.

അന്തിയുറങ്ങാൻ അടച്ചുറപ്പുള്ള വീടോ മാനം മറയ്ക്കാൻ വേണ്ടത്ര വസ്ത്രമോ ഇല്ലാത്തവർ. കുടിവെള്ളം പോലും കിട്ടാനില്ലാത്തവർ. അധ്യാപകരില്ലാത്ത വിദ്യാലയങ്ങൾ..എന്നിട്ടും നാളെയെക്കുറിച്ച് അവർക്ക് ആകുലതകളില്ല. സമാധാനഭരിതവും സന്തോഷപൂരിതവുമായ ജീവിതമാണ് അവരുടേത്. ആ ജീവിതങ്ങൾ തന്നെയും സ്വാധീനിച്ചിട്ടുണ്ടെന്ന് സിസ്റ്റർ രേഷ്മ പറയുന്നു. പ്രതികൂലങ്ങളൊന്നും സിസ്റ്ററിന്റെ മിഷൻപ്രവർത്തനത്തിന്റെ തീക്ഷ്ണത കെടുത്തിക്കളയുന്നില്ല. ദൈവത്തിന്റെ പദ്ധതിയനുസരിച്ചാണ് ഇവിടെയെത്തിച്ചേർന്നതെന്ന ബോധ്യവും നിസ്സാരമെങ്കിലും തന്റെ പ്രവർത്തനങ്ങളെ മാനിച്ച് സ്വർഗ്ഗത്തിൽ തന്റെ പേരു എഴുതിച്ചേർക്കപ്പെടും എന്ന വിശ്വാസവുമാണ് സിസ്റ്ററുടെ മിഷൻപ്രവർത്തനങ്ങളുടെ മുതൽക്കൂട്ട്.

## ഇവിടെ ആയിരിക്കുന്നത് നല്ലതാണ്



ഒരു ദിവസം രാവിലെ ഫാ. ജോമറ്റ് ചക്കാലയിൽ സെബാസ്റ്റ്യനെ തേടി ഇടവകക്കാരനായ ഒരു ഗ്രാമീണൻ എത്തി. വരവിന്റെ ഉദ്ദേശ്യം ഇതായിരുന്നു. അദ്ദേഹത്തിന്റെ എരുമകൾ എണീറ്റ് നില്ക്കുകയോ പുല്ലു തിന്നുകയോ ചെയ്യുന്നില്ല. അച്ചൻ വന്ന് എരുമകളുടെ തലയിൽ എണ്ണ പുരട്ടി പ്രാർത്ഥിക്കണം. കേട്ട മാത്രയിൽ അച്ചനിലെ തിയോളജിയും ഫിലോസഫിയും സടകുടഞ്ഞെണീറ്റു. മനുഷ്യർക്കുവേണ്ടിയല്ലാതെ മൃഗങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനെക്കുറിച്ച് അച്ചൻ ചിന്തിച്ചിട്ടുണ്ടായിരുന്നില്ല. എങ്കിലും നിർബന്ധം സഹിക്കവയ്യാതെ വന്നപ്പോൾ അച്ചന് അയാൾക്കൊപ്പം പോകേണ്ടിവന്നു. എരുമകൾക്കുവേണ്ടി പ്രാർത്ഥിച്ചു. ഏതാനും ദിവസം കഴിഞ്ഞ് അയാൾ സന്തോഷത്തോടെ ഓടിവന്ന് അറിയിച്ച് കാര്യം കേട്ടപ്പോൾ അച്ചൻ വിസ്മയിച്ചുപോയി, 'എരുമകൾ പഴയതുപോലെ സുഖമായി.എല്ലാം അച്ചന്റെ പ്രാർത്ഥനയുടെ ഫലം.' ഈ അനുഭവം എന്നെ ആഴത്തിൽ സ്പർശിച്ചു. ജഗദൽപ്പൂർ ബിഷപ്പിന്റെ സെക്രട്ടറിയായും രൂപതയിലെ അഞ്ചു ചെറിയ ദേവാലയങ്ങളുടെ ചുമതലക്കാരനായും സേവനം ചെയ്യുന്ന ഫാ. ജോമറ്റ് പറഞ്ഞു. ബുദ്ധിയും യുക്തിയും മാറ്റിവച്ച് നിഷ്ക്കളങ്കമായ വിശ്വാസത്തോടും ശിശുസഹജമായ പ്രത്യാശയോടും കൂടി ജീവിക്കാനാണ് ഇത്തരം അനുഭവങ്ങൾ പ്രേരിപ്പിക്കുന്നത്.

## ജീവിതത്തിന്റെ ഉത്സവച്ഛായയിൽ



ഇരുതലവാളിന് തുല്യമാണ് വചനം എന്നത് അക്ഷരാർത്ഥത്തിൽ സ്വജീവിതംകൊണ്ട് അനുഭവിച്ചറിഞ്ഞ വ്യക്തിയാണ് സിസ്റ്റർ ഡോണ കുമ്പുക്കൽ SNDS. അന്നത്തെ സുവിശേഷവായനയിലെ മത്തായി 25:35-40 മറ്റാരെയും പോലെയല്ല ഡോണ കേട്ടത്. ചെറിയവരിൽ ഒരുവന് ചെയ്തുകൊടുത്തപ്പോഴെല്ലാം തനിക്ക് തന്നെയാണ് ചെയ്തു തന്നത് എന്ന ക്രിസ്തുവചനം അതുവരെയുള്ള ഡോണയുടെ ജീവിതത്തെ മറ്റൊരു ദിശയിലേക്ക് വഴിതിരിച്ചുവിടുകയായിരുന്നു. നിസ്സഹായരും നിരാശ്രയരുമായവർക്കുവേണ്ടി ജീവിക്കണം എന്ന ഉറച്ച തീരുമാനമായിരുന്നു അതിന്റെ ഫലം. അപ്പോൾ കോളജ് പഠനം കഴിഞ്ഞ് ജോലി ചെയ്യുകയായിരുന്നു ഡോണ. ആ ജോലി ഉപേക്ഷിച്ചാണ് തന്റെ കാരിസത്തിന് അനുയോജ്യമായ സന്യാസസമൂഹം എന്ന ഉറച്ച ബോധ്യത്തിൽ തൃശൂർ, മുളയത്തുള്ള നിർമ്മലദാസി സന്യാസിനി സമൂഹത്തിൽ അംഗമായത്. കഴിഞ്ഞ 23 വർഷമായി അഗതിശുശ്രൂഷയിൽ മുഴുകിജീവിക്കുന്ന സിസ്റ്റർ ഡോണ പറയുന്നത് ഈ ശുശ്രൂഷയിലൂടെ തനിക്ക് ലഭിക്കുന്ന ആനന്ദം അവർണ്ണനീയമാണ് എന്നാണ്.

ഉള്ളിലുള്ള ക്രിസ്തു ചൈതന്യത്തെ കൂടുതൽ സ്നേഹിക്കാനും മറ്റുള്ളവർക്കത് അനുഭവവേദ്യമാക്കാനും ഈശോതന്നെ പ്രാപ്തയാക്കുന്നുവെന്ന് സിസ്റ്റർ പറയുന്നു.

ദൈവവിളി തനിക്ക് സമ്മാനിച്ച അസുലഭമായ ഭാഗ്യമായിട്ടാണ് തന്റെ ശുശ്രൂഷാമണ്ഡലത്തെ സിസ്റ്റർ ഡോണ വിലയിരുത്തുന്നത്. നസ്രായനൊപ്പം ജീവിതത്തെ ഉത്സവമാക്കി മുന്നോട്ടുപോവുകയാണ് സിസ്റ്റർ ഡോണ SNDS.

## അഴിയുന്ന ഗോതമ്പുമണി



കന്യാസ്ത്രീയാക ണം എന്ന ആഗ്രഹത്തോടെ സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ് സെന്റ് ജോൺ ഓഫ് ഗോഡ് (SCJG)സന്യാസിനിസമൂഹത്തിൽ ചേർന്ന സിസ്റ്റർ ബീന കുര്യാക്കോസ് കണ്ണമുണ്ടയിൽ തന്റെയുള്ളിലെ മിഷനറി സ്നേഹം തിരിച്ചറിഞ്ഞത് 2011 ൽ നേഴ്സിംഗ് പഠനം പൂർത്തിയാക്കിയതോടെയായിരുന്നു. അങ്ങനെയാണ് സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ് സെന്റ് ജോൺ ഓഫ് ഗോഡിലെ ആദ്യ മിഷനറിമാരിലൊരാളായി സിസ്റ്റർ ബീന മാറിയത്. ഒഡീഷയിലെ ബെരാംപൂർ രൂപതയിലാണ് സിസ്റ്റർ ബീന മിഷനറിപ്രവർത്തനം ആരംഭിച്ചത്. തുടക്കത്തിൽ എന്തു ചെയ്യണമെന്ന് യാതൊരു നിശ്ചയവുമുണ്ടായിരുന്നില്ല. ക്രമേണ ഭാഷ പഠിക്കുകയും തദ്ദേശവാസികളുമായി അടുത്ത് ഇടപഴകുകയും ചെയ്തുകഴിഞ്ഞപ്പോൾ മനസ്സിലായി താൻ എത്തിച്ചേർന്നത് കൃത്യമായ സ്ഥലത്തുതന്നെയായാണെന്നും ഒറീസയുടെ മക്കളെ ദൈവരാജ്യത്തിന് വേണ്ടി നേടാൻ തന്നെ ഇവിടെ ആവശ്യമുണ്ടെന്നും.

നിരവധി മിഷൻ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും അതിൽവച്ചേറ്റവും സന്തോഷകരമായ അനുഭവം സിസ്റ്റർ ബീനയ്ക്ക് നല്കിയത് ഇരുപത്തിയഞ്ചുവർഷമായി അടഞ്ഞുകിടക്കുകയായിരുന്ന ചാന്ദിപ്പുട്ട് ഇടവക ദൈവാലയം വിശ്വാസികൾക്കായി തുറന്നുകൊടുക്കാൻ സാധിച്ചതായിരുന്നു. എന്നാൽ അത്തരമൊരു വിജയം നേടിയെടുത്തത് വളരെ നിസ്സാരമായിട്ടായിരുന്നില്ല. അടഞ്ഞുകിടന്നിരുന്ന ദേവാലയത്തിന്റെ വാതിൽക്കൽ ഒരു മാസത്തോളം എല്ലാ ദിവസവും വൈകുന്നേരം ഗ്രാമവാസികളെ വിളിച്ചുചേർത്ത് മുട്ടുകുത്തിനിന്ന് ജപമാല ചൊല്ലി പ്രാർഥിച്ചതിന്റെ ഫലമായിട്ടായിരുന്നു ദേവാലയം വിശ്വാസികൾക്കായി വീണ്ടും തുറന്നുകിട്ടിയത്.

അധികാരികളുടെ അനുവാദത്തോടും കേരളത്തിലെ ഒരുപറ്റം നല്ലവരായ മനുഷ്യസ്നേഹികളുടെ സഹായത്തോടും കൂടി നാല് വില്ലേജ് പള്ളികൾ പൂർത്തീകരിക്കാനും നാല് ചെറിയ വില്ലേജ് പള്ളികകളുടെ ഭാഗികനിർമാണത്തിൽ പങ്കാളിയാകാനും സിസ്റ്റർക്ക് സാധിച്ചു. ഒരു ഡിസ്പെൻസറിയും വിദ്യാർഥികൾക്കായി ഒരു ഹോസ്റ്റലും, കൊച്ചുകുട്ടികൾക്കായി കെ. ജി. സെക്ഷനും ഇന്ന് ഇവിടെ ഉണ്ട്. കൂടാതെ, ഒരു മൊബൈൽ ക്ലിനിക്കുപോലെ, സിസ്റ്റർ തന്നെ സ്വയം ഡ്രൈവ് ചെയ്തു എല്ലാ ഗ്രാമങ്ങളിലേക്കും മരുന്നുമായി എത്താറുമുണ്ട്.

ബെരാംപോർ രൂപതയിലെ, ചാന്ദിപുട്ട് ഗ്രാമത്തിൽ നിന്നുകൊണ്ട് ഒഡിഷയിലെ മറ്റു രൂപതകളിലും, ഷംഷാബാദ് രൂപതയുടെ കീഴിലുള്ള റായഗട, എന്നസ്ഥലത്തും ആധ്യാത്മിക ഭൗതിക വിദ്യാഭ്യാസ രംഗങ്ങളിൽ സിസ്റ്റർ പ്രവർത്തിക്കുന്നു. ഈ കാലയളവിൽത്തന്നെ ഒഡിയാ ഭാഷയിൽ സമ്പൂർണ ബൈബിൾ എഴുതാനും സിസ്റ്റർക്ക് സാധിച്ചു.

ഈ സാധുക്കൾക്ക്, സന്യസ്തരെ വളരെയധികം വിശ്വാസമാണ്. ഞങ്ങളിൽനിന്ന് മരുന്നോ ഉപദേശമോ സ്വീകരിക്കുന്നതിനെ ദൈവിക ഇടപെടലായിട്ടാണ് ഇവർ കരുതുന്നത്. ഇവരുടെ സന്തോഷമാണ് എന്റെ സന്തോഷം. ഇവരിലൊരാളായി ഇവരോടു കൂടെയായിരിക്കാൻ ജീവിതകാലം മുഴുവനും ഞാൻ ആഗ്രഹിക്കുന്നു, സിസ്റ്റർ ബീന പറഞ്ഞു.

# മിഷൻപ്രവർത്തനത്തിന്റെ മായാത്ത മുദ്രകൾ

## ● സീറോമലബാർസഭയിൽ മിഷൻ പ്രവർത്തനം കാരിസമായുള്ള ആദ്യത്തെ ഏതദ്ദേശീയ മിഷനറി സന്യാസിനീസമൂഹമാണ് ഡോട്ടേഴ്സ് ഓഫ് സെന്റ് തോമസ് മിഷനറിസമൂഹം (ഡി.എസ്.റ്റി)

നല്ല സമരിയാക്കാരന്റെ തീക്ഷ്ണതയും ആദർശവും ജീവിതത്തിൽ കാത്തുസൂക്ഷിച്ച പാലാ രൂപതയിലെ പുണ്യശ്ലോകനായ ജേക്കബ് താഴത്തേലച്ചനാണ് ഡോട്ടേഴ്സ് ഓഫ് സെന്റ്തോമസ് മിഷനറി സമൂഹത്തിന്റെ സ്ഥാപകൻ. മിഷനറിയാകുവാൻ ആഗ്രഹിച്ച ജേക്കബച്ചൻ എന്ന ക്രാന്തദർശി, മിഷനറി സന്യാസിനിസമൂഹത്തിന്റെ സ്ഥാപകനാകാൻ ദൈവത്താൽ നിയോഗിക്കപ്പെടുകയായിരുന്നു.

''നിങ്ങൾ ലോകമെങ്ങുംപോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ'' (മർക്കോ.16:15) എന്ന ഈശോയുടെ സ്വരം സദാ ചെവികളിൽ മുഴങ്ങിക്കൊണ്ടിരുന്ന ജേക്കബച്ചൻ, ക്രിസ്തുവിന്റെ സാക്ഷികളായി വചനം പ്രഘോഷിക്കുന്ന ഒരു സമൂഹസ്ഥാപനം എന്ന ആഗ്രഹവും ആത്മാവിന്റെ പ്രചോദനവും ഉൾക്കൊണ്ടുകൊണ്ട് പാലാരൂപതയുടെ ഇടയനായിരുന്ന മാർ സെബാസ്റ്റ്യൻ വയലിലിനെ ചെന്നുകണ്ടു. രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം സീറോമലബാർസഭയ്ക്കായി അനുവദിക്കപ്പെട്ട "എക്സാർക്കേറ്റുകളിൽ പ്രേഷിതരെ ആവശ്യമായിരുന്നതിനാൽ മിഷൻപ്രവർത്തനങ്ങളിൽ സഹകരിക്കാൻ വിളിയുള്ള, തീക്ഷണമതികളായ യുവതികളെ അയക്കുകയെന്ന ആശയം വയലിൽ പിതാവിന്റെ മനസിലുമുണ്ടായിരുന്നു. അങ്ങനെ കാലഘട്ടത്തിന്റെ ആവശ്യങ്ങൾ വായിച്ചെടുത്ത് ദൈവികപദ്ധതികൾ പൂർത്തീകരിക്കാൻ സ്വയം സമർപ്പിച്ചിരുന്ന താഴത്തേലച്ചനിലൂടെ സ്വഭാവത്താലേ പ്രേഷിതയായ ഒരു സമൂഹം രൂപംകൊള്ളുകയായിരുന്നു. 1969 ൽ പാലാ രൂപതയിലെ അരുവിത്തുറ സെന്റ് ജോർജ് ഇടവകയിൽ ദുക്റാന ദിനമായ ജൂലൈ 3-നാണ് ഡോട്ടേഴ്സ് ഓഫ് മിഷനറി സന്യാസിനിസമൂഹം സ്ഥാപിതമായത്.




വി. തോമാശ്ലീഹായുടെ പ്രേഷിതതീക്ഷണത ഉൾക്കൊണ്ട് തിരുവചനത്തിലൂടെ, ഉത്ഥിതനായ ഈശോയെ അനുഭവിച്ചറിഞ്ഞ് ഈ മിശിഹാനുഭവം മനുഷ്യരാശിയുമായി പ്രത്യേകിച്ച് വചനം എത്തിപ്പെടാത്ത ഇടങ്ങളിൽ പങ്കുവയ്ക്കുകയെന്നതാണ് ഡി.എസ്. റ്റിയുടെ സിദ്ധി. പ്രാർഥന, താപസികത, സ്വയംദാനം, ജീവിതസാക്ഷ്യം എന്നിവയിലൂടെ ഡി. എസ്. റ്റി തനയർ തങ്ങളുടെ മിശിഹാനുഭവം ലോകത്തിൽ പങ്കുവയ്ക്കുന്നു.

പ്രാർഥന, പരിത്യാഗം, നിസ്വാർത്ഥമായ സേവനം ഇവയിലൂടെ പ്രേഷിതപ്രവർത്തനം നടത്തി കർത്താവിന്റെ രാജ്യം വിസ്തൃതമാക്കി ആത്മാക്കളുടെ രക്ഷ സാധ്യമാക്കുകയാണ് ഈ സമൂഹത്തിന്റെ പ്രത്യേകലക്ഷ്യം. ഇന്ത്യയിലും വിദേശരാജ്യങ്ങളിലും പ്രത്യേകിച്ച് സ്ഥാപകപിതാവിന്റെ ക്രാന്തദർശനമായ മിഷൻ രൂപതകളിലെ പ്രേഷിതപ്രവർത്തനം, ആതുരശുശ്രൂഷ, കുടുംബപ്രേഷിതത്വം, ട്രെയിനിംഗ് സെന്ററുകൾ, സ്പെഷ്യൽ സ്കൂളുകൾ, അഗതി മന്ദിരം, ബോർഡിംങ്, പ്രസ്സ് തുടങ്ങിയ കർമവീഥികളിലൂടെ ദൈവത്തിനും ദൈവജനത്തിനുമായി സേവന നിരതമാണ് ഡി. എസ്. റ്റി.

ഡി. എസ്. റ്റിയുടെ നടവഴികൾ അമ്പത്തിയഞ്ചുവർഷങ്ങൾ പിന്നിടുമ്പോൾ ഉത്ഥിതനായ ഈശോയുടെ സാന്നിധ്യവും വി.തോമാശ്ലീഹായുടെ പ്രേഷിത ചൈതന്യവും സീറോമലബാർസഭയുടെ പൈതൃകവും, "നല്ലവരാകുക നന്മ പ്രവർത്തിക്കുക'യെന്ന് എപ്പോഴും ഉദ്ബോധിപ്പിച്ച ജേക്കബച്ചന്റെ അനുഗ്രഹവും കനലെരിയാത്ത മാർഗദീപങ്ങളാണ്.

ഭരണങ്ങാനം ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഡി. എസ്. റ്റി ക്ക് രണ്ട് പ്രോവിൻസുകളും (സാന്തോ പ്രോവിൻസ്, പാലാ, സെന്റ് തോമസ് പ്രോവിൻസ്, ഉജ്ജൈൻ) ഒരു റിജിയണും (സാന്തോം നോർത്ത് ഈസ്റ്റ് റീജിയൻ, മേഘാലയ) ആണുള്ളത്.

കേരളത്തിനുള്ളിൽ 9 സീറോമലബാർരൂപതകളിലും കേരളത്തിനു പുറത്ത് 13 സീറോമലബാർരൂപതകളിലും ഇന്ത്യയിൽ അഞ്ചു ലത്തീൻരൂപതകളിലും വിദേശരാജ്യങ്ങളിൽ ഏഴു രൂപതകളിലുമായി ഡി.എസ് .റ്റി സഹോദരിമാർ സേവനം ചെയ്യുന്നു. 74 സമൂഹങ്ങളിലായി 410 സഹോദരിമാർ ഇന്ന് ഡി. എസ് റ്റിയുടെ ഭാഗമാണ്. മേജർ ആർക്കിഎപ്പിസ്കോപ്പൽ പദവിയുള്ള ഡി. എസ്. റ്റിയുടെ ഇപ്പോഴത്തെ സുപ്പീരിയർ ജനറൽ സി.സലോമി മൂക്കൻതോട്ടമാണ്.

# ഗോത്രഭാഷയിൽ ഉയർന്നുകേൾക്കുന്ന സീറോമലബാർകുർബാന

## ● സിൽച്ചാർ മിഷന്റെ വിശേഷങ്ങൾ

**ഫാ. ടൈറ്റസ് കാട്ടുപറമ്പിൽ**

ഭാരതത്തിലെ ഏഴു സഹോദരിമാർ എന്നറിയപ്പെടുന്ന വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലെ ത്രിപുര, മിസോറാം, ആസാം എന്നീ സംസ്ഥാനങ്ങളിൽ വ്യാപിച്ചുകിടക്കുന്ന പ്രേഷിത വിളനിലമാണ് സിൽച്ചാർ സീറോമലബാർ കാത്തലിക് മിഷൻ. ഷംഷാബാദ് രൂപതയുടെ ഭാഗമായി പ്രേഷിതപ്രവർത്തനങ്ങളിൽ പങ്കുചേരാനുള്ള മാർ റാഫേൽ തട്ടിൽപിതാവിന്റെ ക്ഷണം സ്വീകരിച്ചുകൊണ്ട് മാർ പോളി കണ്ണൂക്കാടൻ പിതാവിന്റെ നേതൃത്വത്തിൽ ഇരിങ്ങാലക്കുട രൂപത നടത്തിയ രണ്ടാം പ്രേഷിത ദൗത്യമാണ് സിൽച്ചാർ മിഷൻ.(ഒന്നാം പ്രേഷിതയാത്ര ചെന്നൈ മിഷൻ-ഹൊസൂർ രൂപത) .

2019 ഓഗസ്റ്റ് പതിമൂന്നിന് മിഷൻ കോഓർഡിനേറ്റർ ഫാ. ടൈറ്റസ് കാട്ടുപറമ്പിലിന്റെ നേതൃത്വത്തിൽ ഫാ. ജോഫിൻ കാപ്പിൽ, ഫാ. ഫ്രാൻസൺ തന്നാടൻ എന്നിവർ സഭയുടെ പ്രേഷിത ദൗത്യവുമായി ത്രിപുരയിലെത്തി. 2019 ഓഗസ്റ്റ് 15 ന് ഈശോയുടെ തിരുഹൃദയത്തിന് പ്രതിഷ്ഠിതമായ പ്രഥമഭവനം അഗർത്തലയ്ക്കടുത്തുള്ള ഗോത്രവർഗ്ഗ ഭരണസിരാകേന്ദ്രമായ കുമുളുങ്ങിൽ ഇരിങ്ങാലക്കുട രൂപത വികാരിജനറാൾ മോൺ. ജോയ് പാല്യേക്കര ആശീർവദിച്ചതോടെ സിൽച്ചാർ മിഷൻപ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കപ്പെടുകയായിരുന്നു.

ത്രിപുരയിലെ എട്ടുജില്ലകളും മിസോറോമിലെ 11 ജില്ലകളും ആസാമിലെ മൂന്നുജില്ലകളും ചേർന്ന വിസ്തൃതമായ പ്രദേശത്ത് ഇരിങ്ങാലക്കുടയിൽ നിന്നുള്ള ആറു വൈദികരുടെയും



24 സിസ്റ്റേഴ്സിന്റെയും ആറു കാറ്റിക്കിസ്റ്റുകളുടെയും നേതൃത്വത്തിൽ ആറു പ്രദേശങ്ങളെ കേന്ദ്രീകരിച്ചുകൊണ്ടുള്ള പ്രേഷിതപ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുവരുന്നത്. വിശുദ്ധ പൗലോസ് ശ്ലീഹായാണ് സിൽച്ചാർ മിഷന്റെ മധ്യസ്ഥൻ.

സേക്രട്ട് ഹാർട്ട് കുമുളുങ് മിഷൻ സ്റ്റേഷൻ, സെന്റ് ജോസഫ് കൊവായ് ,ഇൻഫന്റ് ജീസസ് മനുഗട്ട്,സെന്റ് തോമസ് മോഹൻപൂർ, സെന്റ് മേരീസ് ചമ്പക് നഗർ, ക്രിസ്തുരാജ് ജെബൂയിജ്വാല എന്നീ മിഷൻ സ്റ്റേഷനുകളുടെ കീഴിൽ 33 ഗ്രാമങ്ങളിലായി 1300 ഓളം സീറോമലബാർ വിശ്വാസികളാണ് ഇവിടെയുള്ളത്. വിശുദ്ധ കുർബാനയിൽ അധിഷ്ഠിതമായ കുടുംബകേന്ദ്രീകൃത പ്രേഷിതപ്രവർത്തനമാണ് ഇവിടെ കാഴ്ച വയ്ക്കുന്നത്. ഏകലോകരക്ഷകനായ യേശുവിനെ അറിയാത്ത 23 ഗോത്രവർഗ്ഗക്കാരുടെ ഇടയിലാണ് മിഷനറിമാർ സേവനം ചെയ്യുന്നത്.

മണ്ണുകൊണ്ടും ടിൻഷീറ്റുകൊണ്ടും മുളകൊണ്ടുമുള്ള വീടുകൾ. അനുദിനജീവിതത്തിനുള്ള ഭക്ഷണം പോലും കിട്ടാനില്ലാത്തവർ. എന്നിട്ടും ക്രിസ്തുവിനെ അറിയാൻഇവർ കാണിക്കുന്ന ഉത്സാഹം അതിശയകരമാണ്.സുവിശേഷാധിഷ്ഠിതപ്രവർത്തനങ്ങൾക്കൊപ്പം ദേവാലയം, വിദ്യാലയം, ആതുരാലയം എന്നിവ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങളും നടത്തിവരുന്നു. ( SAY programme (SHIKSHA ANDOLAN YOJANA) Non Formal Education, Mobile Paliative Care,Village visit പ്രാർത്ഥനാക്കൂട്ടായ്മകൾ എന്നിവയിലൂടെയും ദൈവസ്നേഹം പകർന്നുനല്കുന്നു.

കോക്ക് ബെറോക്കാണ് ഇവരുടെ ഭാഷ. ഈ ഭാഷയിൽ സീറോ മലബാർ കുർബാന തക്സ തർജമ ചെയ്ത് തയ്യാറാക്കി ആ രീതിയിലാണ് ഇവിടെ ബലിയർപ്പണങ്ങൾ നടത്തുന്നത്. അതുപോലെ സീറോ മലബാർ സഭയുടെ പ്രാർത്ഥനകളും ഗോത്രവർഗ്ഗഭാഷയിലേക്ക് തർജ്ജമ ചെയ്ത് ഉപയോഗിക്കുന്നുണ്ട്. അതുവഴി ഓരോ കുടുംബത്തിലും പ്രാർത്ഥനയുടെ അന്തരീക്ഷം സൃഷ്ടിക്കാൻ വഴിയൊരുക്കുന്നു. കുടുംബ അൾത്താര നുക്കും തങ്ങ്സ ഒരുക്കാൻ എല്ലാ കുടുംബങ്ങളെയും സഹായിക്കുന്നുമുണ്ട്. ഇതിനായി നുക്കുംതങ്ങ്സ (കുടുംബക്കൂട്ടായ്മ) ഭുമ തങ്ങ്സ ( മാതൃസംഘം) സുവാരി തങ്ങ്സ ( മാലാഖക്കൂട്ടം) വിശ്വാസപരിശീലനം BOAT ( Basic orientation and Training For Preachers and Leaders ) എന്നിവയിലൂടെ തുടക്കത്തിന്റേതായ പരിമിതികളിലൂടെ ദൈവാനുഭവത്തിലേക്ക് നയിക്കാൻ ഈ ഗോത്രവിഭാഗത്തെ സഹായിക്കുന്നു. മുപ്പതോളം ഗ്രാമങ്ങളെ ഏകോപിപ്പിച്ചുകൊണ്ടുള്ള ഈ മിഷൻ മേഖലകളെ നയിക്കുന്നത് വൈദികരും സന്യസ്തരും അല്മായ പ്രേഷിതരായ കാറ്റിക്കിസ്റ്റുകളും ചേർന്നുള്ള ഒരു ടീമാണ്.

വൈദികർക്കു പുറമെ ആറു മിഷൻ പ്രദേശങ്ങളിലായി അഞ്ചു സന്യാസിനി സമൂഹങ്ങളും സിഎംസി ഉദയ പ്രോവിൻസ്, എഫ്സിസി അൽവേർണിയ പ്രോവിൻസ്, ഹോളി ഫാമിലി പാവനാത്മപ്രോവിൻസ്, ചാരിറ്റി മരിയൻ പ്രോവിൻസ് സമരിറ്റൻ സ്നേഹാറാം പ്രോവിൻസിൽ നിന്നുള്ള 24 സിസ്റ്റേഴ്സിന്റെ പ്രവർത്തനങ്ങളും സിൽച്ചർ മിഷന് അനുഗ്രഹദായകമാണ്.

സിൽച്ചാർ മിഷനിൽ കത്തോലിക്കാവിശ്വാസസമൂഹങ്ങൾ രൂപപ്പെട്ടിട്ടുള്ള 33 വില്ലേജുകളിലെ 17ഗ്രാമങ്ങളിലും പത്തുലക്ഷം രൂപ ചെലവിൽ ദേവാലയങ്ങൾ നിർമ്മിക്കാൻ ഇടവകകളും കുടുംബക്കൂട്ടായ്മകളും കുടുംബങ്ങളും വ്യക്തികളും കടന്നുവന്നു എന്നത് സീറോമലബാർ സഭയുടെ പ്രേഷിതചൈതന്യത്തിന്റെ അടയാളങ്ങളാണ്. മിഷൻഗ്രാമത്തിന് കാതലായ കരുതലാവുക എന്നതാണ് ഇതിലൂടെ അനാവരണം ചെയ്യപ്പെടുന്നത്.

സാമ്പത്തികമായ പങ്കുവയ്ക്കലിനൊപ്പം തന്നെ പ്രതികൂലമായ സാഹചര്യങ്ങളിലൂടെ കടന്നുപോകുന്ന, നാടും വീടും വിട്ട് വിദൂരങ്ങളിലായിരിക്കുന്ന നമ്മുടെ സഹോദരമിഷനറിമാർക്കുവേണ്ടി കൂടുതലായി പ്രാർത്ഥിക്കാൻ നമുക്കോരോരുത്തർക്കും കടമയുണ്ടെന്ന കാര്യവും ഓർമ്മിപ്പിച്ചുകൊള്ളട്ടെ. ത്യാഗപൂർവ്വം പ്രാർത്ഥിച്ചാൽ ദൈവം കേൾക്കും.

# ചെത്തിമിനുക്കാത്ത മുത്തുകൾ

**പ്രബോധനപാത**
**റവ. ഡോ. ഡെന്നി താണിക്കൽ**

**(വത്തിക്കാനിലെ വൈദികർക്കുവേണ്ടിയുള്ള തിരുസംഘം 2016 ഡിസംബർ 8 ന് പ്രസിദ്ധീകരിച്ച പൗരോഹിത്യ ദൈവവിളി എന്ന ദാനം വൈദികപരിശീലനത്തിനുള്ള മാർഗരേഖ (Ratio Fundamentalis)യുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്)**

സമർപ്പിത ദൈവവിളി എന്നതു ക്രിസ്തുവിന്റെ അളവില്ലാത്ത നന്മയുടെ പ്രകാശനമാണ്. അത് ദൈവം ചില ആളുകളുടെ മനസിൽ പാകുന്ന ആഗ്രഹമാണ്. ഈ ആഗ്രഹം ലഭിക്കുന്നത് ജീവിതത്തിന്റെ പല ഘട്ടങ്ങളിലായിരിക്കും ചിലപ്പോൾ അത് കുട്ടിക്കാലത്തായിരിക്കും, ചിലപ്പോൾ കൗമാരകാലത്തായിരിക്കും, മറ്റു ചിലപ്പോൾ യുവത്വത്തിലുമായിരിക്കാം. ഈ ആഗ്രഹം ചെത്തിമിനുക്കാത്ത മുത്തുകൾപോലെ ആണ്. ഇങ്ങനെയുള്ള മുത്തുകളെ കണ്ടെത്തുകയും ക്ഷമയോടെയും ശ്രദ്ധാപൂർവ്വവും ചെത്തിമിനുക്കുകയും ചെയ്യുമ്പോഴാണ് ദൈവജനത്തിന്റെ ഇടയിൽ പ്രശോഭിക്കുന്ന മാണിക്യമായി അവ മാറുന്നത്.



**സഭയുടെ കടമയും ഉത്തരവാദിത്വവും**

ദൈവവിളി കണ്ടെത്തുക, പരിപോഷിപ്പിക്കുക, വളർത്തുക എന്നത് മെത്രാന്റെയോ വൈദികരുടെയോ സന്യസ്തരുടെയോ മാത്രം കടമയോ ഉത്തരവാദിത്വമോ അല്ല. മറിച്ച് ദൈവജനം മുഴുവന്റെയും കടമയും ഉത്തരവാദിത്വവുമാണ്.

അത് നിർവഹിക്കേണ്ടത്:

**1. പ്രാർഥന**

ദൈവവിളിക്കായി ആദ്യം ചെയ്യേണ്ടത് പ്രാർഥിക്കുകയാണ്. അതു തന്നെയാണ് ഈശോ നമ്മോട് ആവശ്യപ്പെട്ടതും: "അതിനാൽ, തന്റെ വിളഭൂമിയിലേക്ക് വേലക്കാരെ അയക്കുവാൻ വിളവിന്റെ നാഥനോടു പ്രാർഥിക്കുവിൻ" (മത്താ. 9: 38). വീണ്ടും, യേശു ലൂക്കായുടെ സുവിശേഷത്തിൽ എഴുപത്തിരണ്ടുപേരെ അയക്കുമ്പോൾ ആവശ്യപ്പെട്ടതും പ്രാർഥിക്കാൻ തന്നെയാണ്. കൊയ്ത്തിനു വേലക്കാരെ അയക്കാൻ കൊയ്ത്തിന്റെ നാഥനോടു നിങ്ങൾ പ്രാർഥിക്കുവിൻ (ലൂക്കാ. 10:2).

**2. പ്രോത്സാഹനം**

ദൈവവിളി കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നത് സഭ മുഴുവന്റെയും കൂട്ടുത്തരവാദിത്വമാണ്. അതിൽ എല്ലാവരും അവരുടേതായ പങ്ക് വഹിക്കേണ്ടതുണ്ട്. വൈദികർ, സന്യസ്തർ, കുടുംബങ്ങൾ, ഇടവകകൾ, വിശ്വാസപരിശീലന അധ്യാപകർ, ഭക്തസംഘടനകൾ ഇവയെല്ലാമാണ് പ്രധാനമായും ഇത് നിർവഹിക്കേണ്ടത്.

**3. ജീവിതമാതൃക**

സമർപ്പിത ദൈവവിളി ജനിക്കുന്നത് പ്രധാനമായും തീക്ഷണമായ പ്രാർഥനയും ക്രിസ്തീയ തപശ്ചര്യയും ഉള്ള ക്രൈസ്തവജീവിതം വഴിയാണ്. വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും ഭക്തിയുടേയും ചൈതന്യം തുളുമ്പിനില്ക്കുന്ന വ്യക്തികൾ ദൈവവിളി പ്രോത്സാഹനത്തിൽ ഏറെ പങ്കുവഹിക്കുന്നു.

**4. മാധ്യമങ്ങൾ**

ദൈവവിളി കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനും പണ്ടത്തേക്കാൾ ഇന്ന് ഏറിയ പങ്ക് വഹിക്കുന്നതു മാധ്യമങ്ങളാണ്. ദൈവവിളി കണ്ടെത്താനും വളർത്താനും ഉതകുന്ന സിനിമകൾ, പ്രബോധനങ്ങൾ, പഠനങ്ങൾ, സെമിനാറുകൾ, ക്യാമ്പുകൾ, ചർച്ചകൾ എന്നിവയിലൂടെയും നവമാധ്യമങ്ങളിലൂടെയും ദൈവവിളി എന്താണെന്നും ദൈവവിളിയുടെ ആവശ്യകത, സ്വഭാവം, മാഹാത്മ്യം എന്നിവ എന്താണെന്നും വ്യക്തമാക്കണം.

**5. പ്രേഷിത തീക്ഷ്ണതയുള്ള വൈദികർ**

പൗരോഹിത്യത്തിലേക്കും സമർപ്പിത ജീവിതത്തിലേക്കുമുള്ള ദൈവവിളികളുടെ ദൗർലഭ്യം അനുഭവപ്പെടുന്നുണ്ടെങ്കിലും പ്രേഷിതതീക്ഷ്ണതയുള്ള വൈദികരുടെ സാന്നിധ്യം, കൂട്ടായ്മ, മാതൃകാപരമായ ജീവിതം എന്നിവ ഒരുപാട് പേരെ പൗരോഹിത്യ ദൈവവിളിയിലേക്ക് ആകർഷിക്കും.

**6. ചൈതന്യമുള്ള കുടുംബങ്ങൾ**

സമർപ്പണബുദ്ധിയും സന്തോഷവുമില്ലാത്ത വൈദികരുള്ള ഇടവകകളിൽപ്പോലും അവിടെ പരസ്നേഹവും പ്രാർത്ഥനാ ചൈതന്യവുമുള്ള കുടുംബങ്ങൾ ഉണ്ടെങ്കിൽ ദൈവത്തിന് പൂർണമായി സ്വയം സമർപ്പിക്കാനും സുവിശേഷം പ്രസംഗിക്കാനുമുള്ള ആഗ്രഹം മക്കളിൽ ഉണരും. അത്തരം കുടുംബങ്ങൾ നല്ല ദൈവവിളികളുടെ വിളനിലങ്ങളായിരിക്കും.

**7. ദൈവവിളിവാരങ്ങൾ സംഘടിപ്പിക്കുക**

ദൈവവിളി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ആഗോളസഭയോടുചേർന്ന് പ്രാദേശിക സഭയിലും ഇടവകകളിലും ദൈവവിളി വാരങ്ങളും, പ്രത്യേക ദൈവവിളിദിനങ്ങളും സംഘടിപ്പിക്കുകയും ഈ ദിവസങ്ങളിൽ ദൈവവിളിക്കായുള്ള പ്രാർഥനകളും മറ്റ് ആത്മീയ ശുശ്രൂഷകളും ദൈവവിളി സ്വീകരിച്ചവരുടെ പങ്കുവയ്ക്കലുകളും നടത്തുന്നത് അഭികാമ്യമാണ്.

**8. സങ്കുചിതമനോഭാവം വെടിയുക**

ദൈവവിളി പ്രോത്സാഹിപ്പിക്കേണ്ടത് ഒരിക്കലും സ്വന്തം രൂപതക്കുവേണ്ടിയോ സ്വന്തം കോൺഗ്രിഗേഷനുവേണ്ടിയോ മാത്രമാകരുത്. മറ്റ് രൂപതകൾക്കും മറ്റ് വ്യക്തിസഭകൾക്കും ആഗോള സഭക്കും അതുപോലെ ക്രിസ്തുവിനെ ഇതുവരെയും കേട്ടിട്ടില്ലാത്ത സ്ഥലങ്ങളിലേക്കും വേണ്ടികൂടി ആയിരിക്കണം. സഭയോടുള്ള സ്നേഹത്തിൽനിന്നും ഉളവാകുന്ന തുറവിയും ഔദാര്യവും കൂടാതെ നമുക്കതിനുസാധിക്കുകയില്ല.

**ഉപസംഹാരം**

വെല്ലുവിളികളുടെ ഈ കാലഘട്ടത്തിൽ നമ്മുടെ സമൂഹത്തിൽ ഒളിഞ്ഞിരിക്കുന്ന ദൈവവിളിയാകുന്ന മുത്തുകളെ നമുക്ക് ശ്രദ്ധാപൂർവം കണ്ടെത്താം. അവയെ ചെത്തിമിനുക്കി ദൈവജനത്തിനു വേണ്ടി ക്രിസ്തുവിന്റെ വെളിച്ചം പ്രതിഫലിക്കുന്ന മണിമുത്തുകളാക്കി മാറ്റാനുള്ള ഉത്തരവാദിത്വം നാമോരോരുത്തരുടെയും ആണെന്നത് മറക്കാതിരിക്കാം.

# പന്തേനൂസിന്റെ ഇന്ത്യാ സന്ദർശനം (എ. ഡി. 189)

**ലിറ്റർജിക്കൽ റിസർച്ച് സെന്റർ പഠനപരമ്പര**
**റവ. ഡോ. ജയിംസ് പുലിയുറുമ്പിൽ**

കേരളസഭാചരിത്രത്തിലെ ഒരു പ്രധാന സംഭവമാണ് പന്തേനൂസിന്റെ ഇന്ത്യാസന്ദർശനം. ക്രിസ്തുവർഷം 189 ലാണ് അലക്സാണ്ടറിയാക്കാരനായ പന്തേനൂസ് ഇന്ത്യ സന്ദർശിച്ചത്. അലക്സാണ്ടറിയൻസഭയിലെ ഒരു പ്രധാന വ്യക്തിയായിരുന്നു അദ്ദേഹം. യഹൂദനായി ഇറ്റലിയിലെ സിസിലിയിൽ ജനിച്ച പന്തേനൂസ് ഗ്രീക്ക്തത്വശാസ്ത്രപഠനത്തെതുടർന്ന് ക്രിസ്തുമതം സ്വീകരിച്ചു. പിന്നീട് ഈജിപ്തിലെ അലക്സാണ്ടറിയായിൽ എത്തി. ക്രിസ്തുമതത്തെപ്പറ്റി കൂടുതൽ പഠിക്കാൻ ആരംഭിച്ച അദ്ദേഹം അലക്സാണ്ടറിയൻ ദൈവശാസ്ത്രപീഠത്തിന്റെ തലവനായി. അക്കാലത്തെ ഏറ്റവും വലിയ ക്രൈസ്തവപണ്ഡിതനായിരുന്നു അദ്ദേഹം. അലക്സാണ്ടറിയായിലെ ക്ലമെന്റും ഒരിജനും പന്തേനൂസിന്റെ ശിഷ്യരായിരുന്നു. ഈ മൂന്നു പേരാണ് അലക്സാണ്ടറിയൻ ദൈവശാസ്ത്ര പീഠത്തിന് പ്രശസ്തി നൽകിയത്. ക്ലമെന്റും ഒരിജനും തങ്ങളുടെ ഗുരുവിന്റെ അറിവിനെ പ്രകീർത്തിക്കുന്നുണ്ട്. ഒരിജൻ പന്തേനൂസിനെ വിശേഷിപ്പിക്കുന്നത് 'അലക്സാണ്ടറിയായിലെ ഏറ്റവും വലിയ വിജ്ഞാനി' എന്നും 'എല്ലാ അറിവിന്റെയും ഭണ്ടാഗാരം' എന്നുമാണ്. ക്ലമെന്റ് ആകട്ടെ 'തന്റെ ഏറ്റവും വലിയ ഗുരു' എന്നും. തന്റെ ദൈവശാസ്ത്രഗ്രന്ഥങ്ങൾക്ക് കടപ്പെട്ടിരിക്കുന്നത് പന്തേനൂസിനോടാണ്' എന്നാണ് വേദപണ്ഡിതനായ ജെറോം എഴുതുന്നത്. പന്തേനൂസ് ഇന്ത്യയിൽ എത്തി സുവിശേഷം അറിയിച്ചു എന്ന് സഭാചരിത്രകാരനായ എവുസേബിയൂസ് രേഖപ്പെടുത്തുന്നു.

പന്തേനൂസിന്റെ ഇന്ത്യാസന്ദർശനത്തെ പരാമർശിക്കുന്ന അഞ്ചുരേഖകളാണ് നിലവിലുള്ളത്. ഇവയിൽ രണ്ടെണ്ണം സഭാപിതാവായ ജെറോമിന്റെയും മൂന്നെണ്ണം സഭാചരിത്രകാരനായ എവുസെബിയൂസിന്റെയും ആണ്. ജെറോമിന്റെ രണ്ടു ഗ്രന്ഥങ്ങൾ Liber de Viris Illutsribus, Epistola ad Magnum Oratorum Urbis Romae എന്നിവയും എവുസേബിയൂസിന്റേത് Ecclesiastical History എന്ന മഹത്തായ ഗ്രന്ഥവും ആണ്.

പന്തേനൂസിന്റെ ഇന്ത്യാസന്ദർശനത്തിന് വളരെ പ്രത്യേകമായ ലക്ഷ്യം ഉണ്ടായിരുന്നു. അലക്സാണ്ടറിയായിലെ അന്നത്തെ മെത്രാപ്പോലീത്ത ആയിരുന്ന ദിമെത്രിയസ് ആണ് അദ്ദേഹത്തെ ഇന്ത്യയിലേക്ക് അയച്ചത്. ഇന്ത്യയിലെ ക്രൈസ്തവരുടെ അഭ്യർഥനപ്രകാരമായിരുന്നു അതെന്ന് വിശുദ്ധ ജെറോം സാക്ഷ്യപ്പെടുത്തുന്നു. ഈജിപ്തിലെ ക്രിസ്തുമതത്തിന്റെ കേന്ദ്രമായ അലക്സാണ്ടറിയായിലെ വലിയ സഭ, തങ്ങളുടെ ഏറ്റവും വലിയ ക്രൈസ്തവപണ്ഡിതനും അലക്സാണ്ടറിയൻ ദൈവശാസ്ത്രപീഠത്തിന്റെ തലവനും ആയിരുന്ന പന്തേനൂസിനെ ഇന്ത്യയിലെ ബ്രാഹ്മണരോടും തത്വജ്ഞാനികളോടും സുവിശേഷം അറിയിക്കാൻ ഇന്ത്യയിലേക്ക് അയച്ചു എന്നാണ് ജെറോം അതേക്കുറിച്ച് എഴുതിയിരിക്കുന്നത് (Ptarologia Latina XXII, 667).

എന്തുകൊണ്ടാണ് ഇന്ത്യയിലെ ക്രൈസ്തവർ അലക്സാണ്ടറിയായിലെ സഭയ്ക്ക് എഴുതുന്നത് എന്നതു ശ്രദ്ധാർഹമായ ഒരു കാര്യമാണ്. അവിടത്തെ സഭയുമായി അന്ന് ഭാരതത്തിലെ സഭയ്ക്ക് നല്ല ബന്ധം ഉണ്ടായിരുന്നു. തോമാശ്ലീഹാ ജെറുസലത്തുനിന്നു പുറപ്പെട്ട് കേസറിയായിലൂടെ അലക്സാണ്ടറിയായിൽ എത്തി. അവിടെ നിന്ന് ഹബ്ബാന്റെ കൂടെ കപ്പലിൽ ഇന്ത്യയിലേക്കു വന്നു എന്ന് 'തോമായുടെ നടപടികൾ' എന്ന ഗ്രന്ഥത്തിലെ ഒന്നാം അധ്യായത്തിൽ കാണാം. അന്ന് നിലവിലിരുന്ന അലക്സാണ്ടറിയ മുസിരിസ് വാണിജ്യ പാത അവരുടെ യാത്രയ്ക്ക് സഹായകമായി. റോമാ-മലബാർ വാണിജ്യബന്ധം ഏറ്റവും ശക്തമായിരുന്ന ഒന്നാംനൂറ്റാണ്ടിലാണ് തോമാശ്ലീഹാ കേരളത്തിൽ എത്തുന്നത്. റോമാക്കാരും യഹൂദരും അന്നു ധാരാളമായി കേരളത്തിലെ മുസിരിസ്, നിരണം, പുറക്കാട് തുടങ്ങിയ വാണിജ്യകേന്ദ്രങ്ങളിൽ വന്നുപോയ്ക്കൊണ്ടിരുന്നു എന്ന് ഒന്നാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട പ്രഖ്യാതമായ Periplus of the Erythrean Sea എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അലക്സാണ്ടറിയായിൽ രൂപപ്പെട്ട സഭയുമായി ഇവിടത്തെ ക്രൈസ്തവർക്ക് ബന്ധമുണ്ടാകാൻ ഇത് സഹായിച്ചു. ഈ ബന്ധമാണ് ആവശ്യസമയത്ത് അലക്സാണ്ടറിയൻ സഭയെ സമീപിക്കാൻ ഭാരതക്രൈസ്തവരെ പ്രേരിപ്പിച്ചത്.



എന്തുകൊണ്ടാണ് ഭാരതക്രൈസ്തവർ അലക്സാണ്ടറിയൻസഭയുടെ സഹായം തേടിയത് എന്നതാണ് അടുത്ത വിഷയം. ഇതിനുത്തരം നാം നേരത്തെ കണ്ട, ജെറോമിന്റെ വാക്കുകളിൽ തന്നെയുണ്ട്. ഇതിൽനിന്നും വളരെയേറെ കാര്യങ്ങൾ മനസ്സിലാക്കാനാവും. 1. ഈജിപ്ഷ്യൻസഭയുടെ കേന്ദ്രമായിരുന്ന അലക്സാണ്ടറിയായുമായാണ് ഭാരതത്തിന് ആദിമനൂറ്റാണ്ടുകളിൽ വ്യാപാരബന്ധം ഉണ്ടായിരുന്നത്. 2. തോമാശ്ലീഹായുടെ യാത്ര ആരംഭിക്കുന്നതും അലക്സാണ്ടറിയായിൽ നിന്നാണ്. ഇതും അലക്സാണ്ടറിയായുമായുള്ള ഭാരതസഭയുടെ ബന്ധത്തിന് കാരണമായി. 3. ഈ സഭയുടെ അധികാരിയായ ദമിത്രിയൂസ് ആണ് അന്നത്തെ ഏറ്റവും വലിയ വിജ്ഞാനിയായ പന്തേനൂസിനെ ഇന്ത്യയിലേക്ക് അയക്കുന്നത്. 4. ഇവിടെ ഉള്ളവരോട് സുവിശേഷം പ്രസംഗിക്കാനോ സുവിശേഷ പ്രചാരണത്തിനു തടസ്സമാകുന്ന സാംസ്കാരികമോ തത്വശാസ്ത്രപരമോ ആയ കാരണങ്ങളെ ഇല്ലാതാക്കാനോ എതിരാളികളെ വാദപ്രതിവാദത്തിലൂടെ തോല്പ്പിക്കാനോ ആണ് പന്തേനൂസിനെ ഇന്ത്യയിലേക്ക് അയക്കുന്നത്. 5. ഭാരതത്തിലാണ് തോമാശ്ലീഹായാൽ സ്ഥാപിതമായ ഒരു സഭ ഉണ്ടായിരുന്നതെന്നും ആ സഭ ചെറുതായിരുന്നെങ്കിലും പ്രബലമായിരുന്നെന്നും അക്കാരണത്താൽ തന്നെ എതിരാളികൾ ഉണ്ടായിരുന്നുവെന്നും അവയെ പരാജയപ്പെടുത്തിയാലേ ഇവിടത്തെ സഭയ്ക്ക് വളരാൻ ആകുമായിരുന്നുള്ളൂ എന്നും ഇത് വ്യക്തമാക്കുന്നു. അതിനാൽ, തോമാശ്ലീഹായെ തുടർന്ന്, രണ്ടാം നൂറ്റാണ്ടിൽ ശ്ലീഹ തുടങ്ങിവച്ച ഒരു സഭ നിലനിന്നിരുന്നുവെന്ന് പന്തേനൂസിന്റെ ആഗമനം തെളിയിക്കുന്നു.

പന്തേനൂസിലൂടെ അലക്സാണ്ടറിയൻസഭയ്ക്കു ലഭിച്ച അറിവാണ് പിന്നീട് തോമായുടെ നടപടികളു'ടെ രചനക്കും സഭാപിതാക്കന്മാരുടെ കൃതികൾക്കും കുറയെങ്കിലും ഭാരതത്തെ പ്പറ്റിയും തോമാശ്ലീഹായുടെ ഭാരതത്തിലെ രക്തസാക്ഷിത്വത്തെപറ്റിയും എഴുതപ്പെടാൻ സഹായിച്ചത്. എദ്ദേസായിലെ സഭയുമായി ഔദ്യോഗികബന്ധം ആരംഭിക്കുന്നതിന് മുൻപുതന്നെ, അഥവാ അതോടൊപ്പംതന്നെ അലക്സാണ്ടറിയൻ സഭയുമായി ഭാരതസഭയ്ക്ക് ബന്ധമുണ്ടായിരുന്നു എന്നും പന്തേനൂസിന്റെ ഇന്ത്യസന്ദർശനം വ്യക്തമാക്കുന്നു.

# സ്വർഗ്ഗരാജ്യത്തെപ്രതി ഷണ്ഡർ

ബൈബിൾ സംശയങ്ങൾ

റവ. ഡോ. ആന്റണി വടക്കേകര വി. സി.

**''അവൻ പറഞ്ഞു: കൃപ ലഭിച്ചവരല്ലാതെ മറ്റാരും ഈ ഉപദേശം ഗ്രഹിക്കുന്നില്ല. എന്തെന്നാൽ, ഷണ്ഡരായി ജനിക്കുന്നവരുണ്ട്; മനുഷ്യരാൽ ഷണ്ഡരാക്കപ്പെടുന്നവരുണ്ട്; സ്വർഗ്ഗരാജ്യത്തെപ്രതി തങ്ങളെത്തന്നെ ഷണ്ഡരാക്കുന്നവരുണ്ട്. ഗ്രഹിക്കാൻ കഴിവുള്ളവൻ ഗ്രഹിക്കട്ടെ'' (മത്താ. 19:11-12)**



വിശുദ്ധ ബൈബിളിൽ സുവിശേഷകനായ വി. മത്തായി മാത്രം രേഖപ്പെടുത്തിയിട്ടുള്ള യേശുവചനമാണിത്. വിവാഹമോചനത്തെക്കുറിച്ച് ഫരിസേയർ ഉന്നയിച്ച ചോദ്യത്തിനുള്ള യേശുവിന്റെ മറുപടിയാണ് ഈ വാക്യത്തിന്റെ പശ്ചാത്തലം (മത്തായി 19:3-12). ''ഏതെങ്കിലും കാരണത്താൽ ഒരുവൻ ഭാര്യയെ ഉപേക്ഷിക്കുന്നതു നിയമാനുസൃതമാണോ?'' എന്നതാണു ചോദ്യം. വിവാഹം ദൈവം സ്ഥാപിച്ചതാണെന്നും അതു വിശുദ്ധവും അവിഭാജ്യവുമാണെന്നും അതിനാൽത്തന്നെ വിവാഹമോചനം അനുവദനീയമല്ലെന്നും യേശു ഉത്തരം നൽകി. അങ്ങനെയെങ്കിൽ വിവാഹം ചെയ്യാതിരിക്കുന്നതാണല്ലോ ഭേദം എന്ന് ശിഷ്യന്മാർ അഭിപ്രായപ്പെട്ടപ്പോഴാണ് ഷണ്ഡത്വത്തെക്കുറിച്ചു അവിടുന്നു പറഞ്ഞത്.

മൂന്നുതരം ഷണ്ഡന്മാരെക്കുറിച്ചാണ് യേശു പരാമർശിക്കുന്നത്:

1. ജന്മനാ ഷണ്ഡരായവർ
2. മനുഷ്യരാൽ ഷണ്ഡരാക്കപ്പെട്ടവർ
3. ദൈവരാജ്യത്തെപ്രതി തങ്ങളെത്തന്നെ ഷണ്ഡരാക്കുന്നവർ

ഷണ്ഡരായി ജനിക്കുന്ന ആദ്യഗണവും പൗരസ്ത്യദേശത്ത് സേവന ആവശ്യങ്ങൾക്കായി മറ്റുള്ളവരാൽ ഷണ്ഡരാക്കപ്പെട്ടിരുന്ന രണ്ടാംഗണവും വിവരണംകൂടാതെ മനസ്സിലാക്കാൻ സാധിക്കുന്നവയാണ്. ഇവരിൽ ഷണ്ഡത്വം പ്രകൃതിയോ മനുഷ്യരോ അടിച്ചേൽപ്പിച്ചതാണ്, അവർ സ്വയം തെരഞ്ഞെടുത്തതല്ല. വിവാഹജീവിതത്തിന്റെ കടമകൾ പൂർത്തീകരിക്കാൻ കഴിയാത്തവരാണിവർ. എന്നാൽ, ദൈവരാജ്യത്തെപ്രതി തങ്ങളെത്തന്നെ ഷണ്ഡരാക്കുന്നവർ എന്ന മൂന്നാംഗണം വിശദീകരണംകൂടാതെ മനസ്സിലാക്കാൻ പ്രയാസമേറിയതാണ്.

യഹൂദസമൂഹത്തിൽ വിവാഹമെന്നത് പൊതുവേ സ്വീകരിക്കപ്പെട്ട ജീവിതാവസ്ഥയായിരുന്നു. തന്നെയുമല്ല, വിവാഹം മതപരമായ കടമയായി അവർ കരുതിയിരുന്നു. ഈ സാഹചര്യത്തിലാണ് വിവാഹംകഴിക്കാതെ ബ്രഹ്മചര്യം അനുഷ്ഠിച്ചുജീവിക്കുന്ന ഷണ്ഡരെക്കുറിച്ച് യേശു പ്രതിപാദിക്കുന്നത്. മഹനീയമായ ലക്ഷ്യം മുൻനിറുത്തി സ്വയമേവ ഷണ്ഡത്വം സ്വീകരിച്ചവരാണ് ദൈവരാജ്യത്തെപ്രതി വിവാഹജീവിതം വേണ്ടെന്നു വച്ചവർ. യഹൂദരുടെ ഇടയിലും വിരളമായി ദൈവത്തെപ്രതി വിവാഹജീവിതം സ്വമനസ്സാ വേണ്ടെന്നുവച്ചവരുണ്ടായിരുന്നു. പലസ്തീനായിൽ ജീവിച്ച ശിമയോൻ ബെൻ അസ്സായി എന്ന യഹൂദ റബ്ബി ഖുമ്റാൻ പുരോഹിതരെപ്പോലെ നിയമം (തോറ) പഠിക്കാൻവേണ്ടി വിവാഹം വേണ്ടെന്നുവച്ചയാളാണ്. തോറയെ (Law) ഇസ്രായേലിന്റെ വധുവായി താൽമൂദിലും (Talmud) മിദ്രാഷിലും (Midrash) ചിത്രീകരിച്ചിട്ടുണ്ടെന്നതും ശ്രദ്ധേയമായ വസ്തുതയാണ്.

യേശുക്രിസ്തുവിന്റെ പ്രബോധനമനുസ്സരിച്ച് വിവാഹം വേണ്ടെന്നുവയ്ക്കുന്നവർ വിവാഹജീവിതത്തെക്കാൾ ഉപരിയായ ദൈവരാജ്യം എന്ന ലക്ഷ്യം മുമ്പിൽ കണ്ടുകൊണ്ടാണ് ജീവിക്കുന്നത്. ദൈവരാജ്യം എന്ന വിലപ്പെട്ട നിധിയാണ് പലതും വേണ്ടെന്നുവയ്ക്കാൻ ഒരുവനെ പ്രേരിപ്പിക്കുന്നത്. ദൈവരാജ്യത്തെപ്രതി അവിവാഹിതരായി ജീവിക്കുന്നത് ഒരു കൃപയാണെന്നു യേശു വ്യക്തമാക്കുന്നുണ്ട് (മത്താ. 19:11). വി. പൗലോസും ഏകാഗ്രമായ ദൈവശുശ്രൂഷയ്ക്കുവേണ്ടി അവിവാഹിതരായി ജീവിക്കുന്നതിനെപ്പറ്റി പറയുന്നുണ്ട് (1 കോറി. 7:32-35). ബ്രഹ്മചര്യം എന്നതുകൊണ്ട് ശാരീരികനിയന്ത്രണത്തെക്കാൾ ഒരുവന്റെ മുഴുവൻ സമയവും സിദ്ധികളും ദൈവരാജ്യത്തിന്റെ പൂർത്തീകരണത്തിനായി ഉപയോഗിക്കാനും മാനുഷികമായ കുടുംബബന്ധങ്ങളിൽനിന്നകന്നു ദൈവാരാജ്യത്തിനായുള്ള പ്രവർത്തനങ്ങളിൽ പൂർണമായും പങ്കുചേരാനുമുള്ള വിളിയാണ്.

ദൈവരാജ്യത്തെപ്രതി അവിവാഹിതരായി ജീവിക്കുന്നത് വിവാഹജീവിതംപോലെ മറ്റൊരു ദൈവവിളിയാണെന്നും പ്രത്യേക കൃപ ലഭിച്ചവർക്കല്ലാതെ ഇതിനു സാധിക്കുകയില്ലെന്നും ഈ വചനത്തിലൂടെ യേശു വ്യക്തമാക്കുന്നു.

# ഒന്നായിത്തീരേണ്ടവർ...

ഫാമിലി കോർണർ

ഒന്നായിത്തീരേണ്ടവരാണ് ദമ്പതികൾ. ഒന്നായിത്തീരുമ്പോൾ അവർക്കു ദൈവികഛായ. അങ്ങനെ സംഭവിക്കാതെ വരുമ്പോഴോ അവർക്കു കേവലം ലൗകികമായ മനുഷ്യരുടെ ഛായ. അതുകൊണ്ടാണ് വിശുദ്ധ ജോൺ ക്രിസോസ്റ്റം ഇങ്ങനെ പറയുന്നത്: ഭാര്യഭർത്താക്കന്മാർ ദാമ്പത്യത്തിൽ ഒന്നിച്ചിരിക്കുമ്പോൾ അവർ ഭൗമികരായി കാണപ്പെടുന്നില്ല, മറിച്ച് ദൈവത്തിന്റെ പ്രതിച്ഛായയിലാണ് അവർ കാണപ്പെടുന്നതെന്ന്.

ദൈവത്തിന്റെ പ്രതിഛായ ദമ്പതികളിലുണ്ടാവണമെങ്കിൽ ദൈവത്തിന്റെ ഛായ എന്താണെന്ന് മനസ്സിലാക്കണം. ദൈവത്തിന്റെ സ്വഭാവം മനസ്സിലാക്കണം.

**ദൈവം സ്നേഹമാണ്**

സ്നേഹത്തിന്റെ പൂർണതയും സ്നേഹത്തിന്റെ മഹനീയതയും ദൈവത്തിൽ മാത്രമേ ആരോപിക്കാനാവൂ. കാരണം ദൈവത്തിന്റെ സ്നേഹത്തിന് അതിരുകളോ അതിർത്തികളോ ഇല്ല.

പരിത്യാഗവും സ്വയം ഉരുകിത്തീരലും ആത്മദാനവും ദൈവത്തിന്റെ സ്നേഹത്തിൽ കലർന്നിട്ടുണ്ട്. അവസാനംവരെ സ്നേഹിച്ചുവെന്നാണല്ലോ ക്രിസ്തുവിന്റെ സ്നേഹത്തെക്കുറിച്ചുള്ള സാക്ഷ്യപ്പെടുത്തൽത്തന്നെ. അവസാനംവരെ സ്നേഹിക്കാൻ മറന്നുപോകുന്നവരാണ് ചില ദമ്പതികളെങ്കിലും.

തീർച്ചയായും ദമ്പതികൾക്കിടയിൽ സ്നേഹമുണ്ട്. അവർ പരസ്പരം സ്നേഹിക്കുന്നുമുണ്ട്. എന്നാൽ ആ സ്നേഹമെല്ലാം ഒരുതരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ പരിമിതികളോടുകൂടിയവയാണ്. സ്വാർഥതയുള്ളവയാണ്. മാനുഷികമായ ബലഹീനതകൾ കലർന്നവയാണ്. കാലഗണനയുള്ളതാണ്. അതുകൊണ്ടാണ് പിറന്നാളിനു ജീവിതപങ്കാളി സമ്മാനംനല്കാതെ പോവുകയോ പിറന്നാൾദിനം ഓർമിക്കാതെ പോവുകയോ ചെയ്തതുകൊണ്ട് ദേഷ്യപ്പെടുന്നതും പിണങ്ങിയിരിക്കുന്നതും. ഇഷ്ടമില്ലാത്തത് പങ്കാളി ചെയ്യുമ്പോഴും തന്റെ ഹിതത്തിനു വിരുദ്ധമായി പ്രവർത്തിക്കുമ്പോഴും അസഹിഷ്ണുത പ്രകടിപ്പിക്കുന്നത്.

ഇഷ്ടമുള്ളതു ചെയ്യുമ്പോഴും തനിക്കിഷ്ടമുള്ളതുപോലെ പെരുമാറുമ്പോഴും തന്റെ ഇഷ്ടങ്ങൾക്കുവേണ്ടിമാത്രവും പങ്കാളിയെ സ്നേഹിക്കുമ്പോൾ അവിടെ ദൈവം ആഗ്രഹിക്കുന്നതുപോലെയുള്ള സ്നേഹമില്ല. ദൈവം ആഗ്രഹിക്കുന്നതുപോലെയുള്ള ബന്ധത്തിലേക്ക് അവർ വളരുന്നുമില്ല. ദാമ്പത്യത്തിൽ സ്വാർഥത അന്വേഷിക്കുമ്പോൾ അവിടെ ദൈവത്തിന്റെ സ്നേഹമില്ലാതെപോകുന്നു.

**ദൈവം കരുണയുള്ളവനാണ്**

'സ്വർഗ്ഗസ്ഥനായ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ' എന്നാണല്ലോ തിരുവചനം നമ്മെ ഓർമിപ്പിക്കുന്നത്. കരുണ ചോർന്നുപോകുന്ന ഇടങ്ങളായി പലകുടുംബങ്ങളും മാറിക്കഴിഞ്ഞിരിക്കുന്നു. അർഹിക്കാത്തത് നല്കുന്നതാണ് കരുണ. തീർച്ചയായും പങ്കാളിക്ക് കുറവുകളുണ്ട്, മാനുഷികമായ പരിമിതികളുണ്ട്. നാം ആഗ്രഹിക്കുന്നതുപോലെ എല്ലാം ചെയ്തുതരാൻ കഴിവോ മനസ്സോ ഉണ്ടായിരിക്കണമെന്നുമില്ല. വിദ്യാഭ്യാസം, സാമ്പത്തികം, ആരോഗ്യം, സൗന്ദര്യം ഇങ്ങനെ ബാഹ്യമായ പല ഘടകങ്ങളുമായി തട്ടിച്ചുനോക്കിയാൽ ഒരുപക്ഷേ നമ്മെക്കാൾ ഒരു പടികൂടി താഴ്ന്ന നിലയിലുമായിരിക്കും.



പലതരത്തിലുള്ള കുറവുകൾ കൊണ്ട് വീണുകിടക്കുന്ന വ്യക്തിയുമായിരിക്കും. എന്നാൽ അതൊക്കെ വിസ്മരിച്ച് സഹിഷ്ണുതയോടെ അവരുടെ നേരെ കരംനീട്ടാൻ, കരംപിടിച്ചുയർത്താൻ കഴിയുമോ.. ഏതെങ്കിലും കാരണംകൊണ്ട് കണ്ണുനിറഞ്ഞിരിക്കുന്ന അവരെ ആശ്വസിപ്പിക്കാൻ, കണ്ണീരു തുടയ്ക്കാൻ കഴിയുമോ? തീരെ ചെറിയൊരു ഉദാഹരണം പറയാം: പാചകത്തിൽ ഉപ്പുകൂടിപോയതിനോ കുറഞ്ഞുപോയതിനോപോലും തെല്ലും സഹിഷ്ണുത കൂടാതെ പൊട്ടിത്തെറിക്കുന്നവരില്ലേ? കയ്യബദ്ധമാണെന്ന് മനസ്സിലാക്കിയിട്ടും കുറ്റപ്പെടുത്താൻ മറക്കാതെ പോകുന്നവരില്ലേ? സ്വന്തം കുടുംബത്തിൽ കാണിക്കാത്ത കരുണ മറ്റുള്ള ഇടങ്ങളിൽ കാണിച്ചതുകൊണ്ട് നല്ലയാളാണ് എന്ന പേരു സമ്പാദിച്ചേക്കാം, പക്ഷേ കുടുംബം നേടിയെടുക്കാൻ കഴിയില്ല.

**ദൈവം ക്ഷമാശീലനാണ്**

ജീവിതപങ്കാളി ബോധപൂർവ്വം തെറ്റുചെയ്തുവെന്ന് മനസ്സിലാക്കിയിട്ടും പിന്നെയും ആ വ്യക്തിയെ നിരുപാധികം സ്നേഹിക്കാനും ആ വ്യക്തിയുടെ തെറ്റുകൾ പൂർണമനസ്സോടെ ക്ഷമിക്കാനും കഴിയുമോ? കരുണപോലെതന്നെയാണ് ക്ഷമയും. അതു നമുക്കു അവകാശപ്പെട്ടതൊന്നുമല്ല. പക്ഷേ കരുണ കൊടുക്കുന്നതിനെക്കാൾ പ്രയാസകരമാണ് ക്ഷമ കൊടുക്കുന്നത്. കരുണ ചിലപ്പോഴെങ്കിലും സൗജന്യംപോലെ കൊടുക്കാം. കൈനീട്ടുന്ന യാചകന്റെ കൈവെള്ളയിലേക്ക് നാണയത്തുട്ടുകൾ വച്ചുകൊടുക്കുന്നതുപോലെ.. എന്നാൽ ക്ഷമ അങ്ങനെയല്ല. അത് മാറോട് ചേർക്കലാണ്, ഉടലിനെയും ഹൃദയത്തെയും ചേർത്തുപിടിക്കലാണ്. ബോധപൂർവമുള്ള മറവിയാണ് യഥാർഥ ക്ഷമ. തെറ്റുചെയ്ത ആൾക്ക് അറിയാം അയാൾ തെറ്റു ചെയ്തത് സുബോധത്തോടെയായിരുന്നുവെന്ന്. എന്നാൽ ആ തെറ്റിന് മാപ്പുകൊടുക്കുന്ന ആൾ കാണുന്നത് തെറ്റാണെന്ന് അറിയാതെ ചെയ്തതാണെന്ന മട്ടിലാണ്. 'ഇവർ ചെയ്യുന്നതെന്തെന്ന് ഇവരറിയുന്നചഷ്ടു, ഇവരോട് ക്ഷമിക്കണമേ' എന്നാണല്ലോ ക്രിസ്തുവിന്റെ ക്ഷമാപ്രാർഥന. അറിഞ്ഞു ചെയ്തിട്ടും അറിയാതെ ചെയ്തുവെന്നമട്ടിൽ ആശ്വസിപ്പിക്കാനും സാന്ത്വനിപ്പിക്കാനും കഴിയുന്നവിധത്തിലുള്ള ധൈര്യം കൊടുക്കലാണ് ക്ഷമ. ആത്മനിന്ദയിൽനിന്നും കുറ്റബോധത്തിൽനിന്നുമുള്ള ബോധപൂർവമായ വീണ്ടെടുക്കൽ. ദാമ്പത്യത്തിൽ ക്ഷമയോളം പ്രാധാന്യമുള്ള മറ്റൊന്നില്ല.

ചുരുക്കത്തിൽ, ദമ്പതികൾ പരസ്പരം ക്ഷമിക്കാനും കരുണ കാണിക്കാനും ഉപാധികളില്ലാതെ സ്നേഹിക്കാനും തയ്യാറാകുമ്പോൾ മാത്രമേ അവരിൽ ദൈവികഛായ കലരുകയുള്ളൂ. അല്ലാത്തിടത്തോളം അവർ ബാഹ്യമായ ഉടമ്പടി നിലനിറുത്തിക്കൊണ്ടു പരസ്പരം പോരടിക്കുന്നവരും വിട്ടുവീഴ്ചയില്ലാത്തവരും അസഹിഷ്ണുത പുലർത്തുന്നവരുമായ കേവലം ലൗകികമനുഷ്യർ മാത്രമായിരിക്കും.

സത്യത്തിൽ ദൈവികഛായയുള്ള എത്ര ദമ്പതികളുണ്ടാവും?

## ഓർമ്മകൾക്കുമുമ്പിൽ പ്രാർഥനയോടെ...



സീറോമലബാർസഭയുടെ പൊന്തിഫിക്കൽ ഡെലഗേറ്റ് ആയിരുന്ന ആർച്ചുബിഷപ്പ് മാർ അബ്രാഹം കാട്ടുമന പിതാവിന്റെ ഇരുപത്തിയൊൻപതാം ചരമവാർഷികദിനത്തിൽ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവ് വിശുദ്ധ കുർബാന അർപ്പിക്കുകയും ഒപ്പീസ് ചൊല്ലുകയും ചെയ്തു.



സീറോമലബാർ സഭയുടെ രണ്ടാമത്തെ മേജർ ആർച്ചുബിഷപ്പായിരുന്ന കർദിനാൾ മാർ വർക്കി വിതയത്തിൽ പിതാവിന്റെ പതിമൂന്നാമത് ചരമവാർഷികദിനത്തിൽ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവിന്റെ കാർമികത്വത്തിൽ വി. കുർബാനയും ഒപ്പീസും നടത്തി.

# FABC Mission Meet at Bangkok

The Office of the Evangelisation of the Federation of Asian Bishops' Conference (FABC OE) organized a 'Gathering of Pioneering Missionaries' at the Camillian Pastoral Social Centre, Bangkok, from the 18th-21st April, 2024.

The Gathering was graced by the presence of Bishop George Palliparambil SDB (Chairman, FABC-OE) throughout the meeting and was attended by 23 full-time missionaries from 13 countries. The Gathering took place in the context of the Silver Jubilee of 'Ecclesia in Asia' and the 10th anniversary of 'Evangelii Gaudium.'

Presentations by Bishop Palliparambil, Manoj Sunny (Executive Secretary, FABC-OE), and Bishop Indrias Rehmat (Faislabad), among others, guided the discussions.

The sessions focused on the FABC Bangkok Document, the synodal journey in the Asian Church, the change of heart 'Evangelii Gaudium' advocates, Missionary challenges from a South Asian perspective, the possibilities of Lay full-time mission, G033 and Rising Gospel Poverty and Global 2033, highlighting the urgent need to focus the efforts of the Church and galvanize it to the missionary mandate of Asia, especially in the context of the Jubilee year 2033.

The participants responded with questions, clarifications, and suggestions about various aspects raised in the presentations. The 'Voice of the Delegates sharing sessions by the participants on their faith journey and missionary experience were enriching and motivating.

Altogether, it was a fruitful initiative by the Office of Evangelisation as the participants joyfully responded to the challenging call to plant the Cross of Christ in Asia more intentionally and to network with one another to keep the flame glowing more zealously.

Three Bishops, a priest, and a lay missionary participated on behalf of the Syro-Malabar Church.


## സീറോമലബാർ യൂത്ത് അപ്പോസ്റ്റലേറ്റ് 'ഇന്ത്യ മിഷൻ' ആരംഭിച്ചു

മെൽബൺ രൂപത യൂത്ത് അപ്പോസ്റ്റലേറ്റിന്റെ ആഭിമുഖ്യത്തിലുള്ള 'sleeha d Mishiha' മിഷൻ ടീം ഇന്ത്യ മിഷൻ ആരംഭിച്ചു. ഓസ്ട്രേലിയായിലെ യുവജനങ്ങൾക്ക് പ്രേഷിത അനുഭവം പകരുകയാണ് ലക്ഷ്യം.

മെൽബോൺ രൂപതാദ്ധ്യക്ഷൻ മാർ ജോൺ പനന്തോട്ടത്തിൽ സിഎംഐ മിഷൻ ഔപചാരികമായി കമ്മീഷൻ ചെയ്തു. സോജിൻ സെബാസ്റ്റ്യൻ (ഡയറക്ടർ, യൂത്ത് അപ്പോസ്റ്റലേറ്റ്) നേതൃത്വം നല്കുന്ന ടീമിൽ ജോയൽ ബിജു (സെന്റ് ജോസഫ്സ് സീറോമലബാർ പാരിഷ്, പെർത്ത്), ഹിൽഡ ഔസേപ്പച്ചൻ (സെന്റ് ജോസഫ്സ് സീറോമലബാർ പാരിഷ്, പെർത്ത്), ടോണിയ കുരിശുങ്കൽ (സെന്റ് തോമസ് സീറോമലബാർ മിഷൻ, കാംപ്ബെൽ ടൗൺ), ജെസ്വിൻ ജേക്കബ് (സെന്റ് ജോസഫ്സ് ക്നാനായ സീറോമലബാർ മിഷൻ, സിഡ്നി) എന്നിവർ ഉൾപ്പെടുന്നു. മെയ് ഏഴിന് സംഘം തിരിച്ചെത്തും.

## സെമിനാർ സംഘടിപ്പിച്ചു

ജൂബിലി വർഷത്തോടുനുബന്ധിച്ചു തക്കല രൂപതയിൽ വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകളെക്കുറിച്ചുള്ള രണ്ടു ദിവസത്തെ സെമിനാർ സംഘടിപ്പിച്ചു. Sacro Sanctum Concilium, Lumen Gentium Dei Verbum, Gaudium et Spes എന്നീ പ്രമാണരേഖകളെക്കുറിച്ചാണ് സമ്മേളനം ചർച്ച ചെയ്തത്. 200 ഓളം വൈദികരും, സന്യസ്തരും അല്മായരും പങ്കെടുത്തു.





സൊസൈറ്റീസ് ഓഫ് ലേ ഡീസ് ഓഫ് മേരി ഇമ്മാ ക്കുലേറ്റ്(എസ്എൽഎംഐ) സന്യാസി നി സമൂഹത്തിന്റെ സുപ്പീരിയർ ജനറലായി തി രഞ്ഞെടുക്കപ്പെട്ട സിസ്റ്റർ ഷാജി അറങ്ങാശ്ശേരി, ഇറ്റലി ആസ്ഥാനമായി സേവനം ചെയ്യുന്ന ഡോട്ടേഴ്സ് ഓഫ് ഡിവൈൻ പ്രൊവിഡൻസ് സന്യസിനിസമൂഹത്തിന്റെ സുപ്പീരിയർ ജനറലായി തിരഞ്ഞെടുക്കപ്പെട്ട സിസ്റ്റർ ഫ്ലോറി കൊടിയൻ, വിസിറ്റേഷൻ സന്യാസിനിസമൂഹത്തിന്റെ പുതിയ സുപ്പീരിയർ ജനറലായി തിരഞ്ഞെടുക്കപ്പെട്ട സി. ഇമ്മാക്കുലേറ്റ്.



ഡോട്ടേഴ്സ് ഓഫ് സെന്റ് തോമസ് മിഷനറി സന്യാസിനിസമൂഹത്തിൽ ആദ്യവ്രതവാഗ്ദാനം നടത്തിയ രണ്ട-ണ്ടു നോവീസും നിത്യവ്രതവാഗ്ദാനം നടത്തിയ പത്ത് ജൂനിയർ സിസ്റ്റേഴ്സും തിരുക്കർമ്മങ്ങൾക്ക് കാർമികത്വം വഹിച്ച പാലാ രൂപതാധ്യക്ഷൻ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിനൊപ്പം.

## പരിശീലന ക്യാമ്പ് നടത്തി

കോട്ടയം അതിരൂപതയിലെ ക്നാനായ അക്കാദമി ഫോർ റിസേർച്ച് & ട്രെയിനിംഗിന്റെ (കാർട്ട്) നേതൃത്വത്തിൽ പടമുഖം ഫൊറോനയിലെ 6 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായി നേതൃത്വപരിശീലന ക്യാമ്പ് നടത്തി.. കോട്ടയം അതിരൂപതാ വികാരിജനറാൾ ഫാ. മൈക്കിൾ വെട്ടിക്കാട്ട് അധ്യക്ഷനായിരുന്നു.

കാഞ്ഞിരപ്പള്ളി രൂപതാ വികാരിജനറാൾ ഫാ. ബോബി അലക്സ് മണ്ണംപ്ലാക്കൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. വിവിധ ഇടവകകളിൽ നിന്നായി 102 കുട്ടികൾ പങ്കെടുത്തു.കുട്ടികളുടെ പ്രവർത്തന മികവു വിലയിരുത്തി 40 കുട്ടികളെ തുടർ പരിശീലനങ്ങൾക്കായി തെരഞ്ഞെടുത്തു.

# Indian Priest and Companion Achieve Remarkable Feat in Everest Base Camp Trek for Education and Zero Food Waste

In a remarkable display of determination and purpose, Fr. Bibin CST and Mr. Anto Thomas have completed the Everest Base Camp and Kalapathar Trek with a unique mission. Undertaken with the vision of promoting the saying of the Holy Rosary and championing the secular cause of education for children in Nepal, alongside minimizing food waste, their journey stands as a testament to the power of faith and social responsibiltiy.

What's more astonishing is the speed at which they accomplished this feat. Completing the trek in a mere 3 days and 6 hours, they have set a new standard for expeditionary prowess. Throughout their arduous journey, they attribute their resilience and protection to the guiding hand of Mother Mary, underscoring the spiritual dimension of their adventure.



Fr. Bibin's achievement is particularly noteworthy, as he becomes the first Indian Catholic priest to conquer the EBC and Kalapathart rek in such an astonishing timeframe. Hist rekking partner, Mr. Anto Thomas, hailing from Kerala but settled in Vasai, Mumbai, has been an indispensable companion in this endeavor.

Both Fr. Bibin and Mr. Anto are not only adventurers but also dedicated individuals actively involved in the social work sector. Theirt rek serves as a beacon of inspiration for those who seek to combine their passions for adventure with noble causes, leaving an indelible mark on both the spiritual and social landscapes.

# തീർഥാടനം നടത്തി

കുവൈറ്റ് കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ അഹമ്മദി ഔർ ലേഡി ഓഫ് അറേബ്യ ദൈവാലയത്തിലേക്ക് തീർഥാടനം നടത്തി. നൂറുകണക്കിനു വിശ്വാസികൾ പങ്കെടുത്തു.

അബ്ബാസിയ ഇടവക ദൈവാലയത്തിന്റെ മുന്നിൽനിന്നും ആരംഭിച്ച തീർഥാടനം അഹമ്മദി ദൈവാലയത്തിൽ പ്രാർഥനയോടെ എത്തിച്ചേർന്നപ്പോൾ തീർഥാടകസംഘത്തെ അഹമ്മദി ദൈവാലയ വികാരി ഫാ. റോസ്‌വിൻ പൈറസ്, അസിസ്റ്റൻറ് വികാരിയും സീറോമലബാർ ഇൻചാർജുമായ ഫാ. ജിജോ തോമസ് എന്നിവർ ചേർന്ന് സ്വീകരിച്ചു. വിശ്വാസികൾക്ക് വെഞ്ചരിച്ച ജപമാലകൾ നല്കി. ഗൾഫ് മേഖലയിൽ വിസ്തൃതികൊണ്ട് വളരെ ചെറിയൊരു രാജ്യമായ കുവൈറ്റിൽ അഹമ്മദി കൂടാതെ കത്തോലിക്കാ സഭയ്ക്ക് കുവൈറ്റ് സിറ്റിയിലും സാൽമ്യയിലും അബ്ബാസിയയിലും ദൈവാലയങ്ങൾ ഉണ്ട്. 2021ൽ ബഹറിനിൽ പണിത പുതിയ ദേവാലയത്തിനും കത്തീഡ്രൽ ചർച്ച് ഓഫ് ഔർ ലേഡി ഓഫ് അറേബ്യ എന്ന് നാമകരണം നൽകി. അഭിവന്ദ്യ ബിഷപ്പ് ആൽഡോ ബറാർഡി ആണ് അപ്പസ്തോലിക വികാരിയെറ്റ് ഓഫ് നോർത്തേൺ അറേബ്യയുടെ (കുവൈത്ത്, ഖത്തർ ബഹറിൻ, സൗദി അറേബ്യ) അപ്പോസ്തോലിക് വികാർ.

● ദൈവദാസൻ പൂതത്തിൽ തൊമ്മിയച്ചൻ

# കരുണാർദ്രസ്നേഹം പ്രാവർത്തികമാക്കിയ അജപാലകൻ: മാർ മാത്യു മൂലക്കാട്ട്

ദൈവദാസൻ പൂതത്തിൽ തൊമ്മിയച്ചൻ ഈശോയുടെ കരുണാർദ്രസ്നേഹം പ്രാവർത്തികമാക്കി വിശുദ്ധിയുടെ പരിമളം പരത്തിയ അജപാലകനായിരുന്നുവെന്ന് കോട്ടയം അതിരൂപതാ മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ട്. ദൈവകരുണ അനുഭവിച്ച് കാരുണ്യമനോഭാവത്തോടെ ശുശ്രൂഷചെയ്തതിനാലാണ് ഒരു നൂറ്റാണ്ടു മുൻപുതന്നെ ഭിന്നശേഷിയുള്ളവർക്ക് സവിശേഷ പരിഗണനനല്കി സ്ഥാപനങ്ങളും ഇതര സൗകര്യങ്ങളുമൊരുക്കാൻ അദ്ദേഹത്തിനു സാധിച്ചതെന്നും അദ്ദേഹം പറഞ്ഞു. കോട്ടയം അതിരൂപതാവൈദികനും സെന്റ് ജോസഫ്സ് സന്യാസിനി സമൂഹത്തിന്റെ സ്ഥാപകനുമായ ദൈവദാസൻ പൂതത്തിൽ തൊമ്മിയച്ചന്റെ നാമകരണ നടപടികളുടെ അതിരൂപതാതല സമാപനം കോട്ടയം ക്രിസ്തുരാജ ക്നാനായ കത്തോലിക്കാ മെത്രോപ്പോലീത്തൻ കത്തീഡ്രലിൽ നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. നാമകരണ നടപടികൾക്കുള്ള രേഖകൾ പരിശുദ്ധ സിംഹാസനത്തിനു സമർപ്പിക്കുന്നതിനായാണ് അതിരൂപതാതലത്തിലുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയത്. അതിരൂപതാധ്യക്ഷൻ മാർ മാത്യു മൂലക്കാട്ട് മെത്രാപ്പോലീത്തയുടെ മുഖ്യകാർമികത്വത്തിൽ അർപ്പിക്കപ്പെട്ട കൃതജ്ഞതാബലിയോടെയാണു കർമങ്ങൾക്കു തുടക്കമായത്. അതിരൂപതയിലെ സഹായമെത്രാന്മാരും സമർപ്പിത പ്രതിനിധികളും പാസ്റ്ററൽ കൗൺസിൽ, സമുദായസംഘടനാ ഇടവക പ്രതിനിധികളും പങ്കെടുത്തു.



ദൈവദാസൻ പൂതത്തിൽ തൊമ്മിയച്ചന്റെ നാമകരണനടപടികളുടെ അതിരൂപതാതല സമാപന ത്തോടനുബന്ധിച്ച് കോട്ടയം അതിരൂപതാ മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ടിന്റെ മുഖ്യകാർമ്മികത്വത്തിൽ കൃതജ്ഞതാബലിയർപ്പിക്കുന്നു

വിശുദ്ധ കുർബാനയെത്തുടർന്ന് സഭാനിയമമനുസരിച്ചുള്ള അതിരൂപതാതല നാമകരണ നടപടികളുടെ സമാപന കർമങ്ങളിൽ മാർ മാത്യു മൂലക്കാട്ട് അധ്യക്ഷത വഹിച്ചു. അതിരൂപതാ വികാരി ജനറാൾ ഫാ. മൈക്കിൾ വെട്ടിക്കാട്ട് സ്വാഗതവും അതിരൂപതാ സഹായമെത്രാന്മാരായ മാർ ജോസഫ് പണ്ടാരശ്ശേരിൽ അനുഗ്രഹപ്രഭാഷണവും ഗീവർഗീസ് മാർ അപ്രേം ആശംസാ പ്രസംഗവും നടത്തി. തുടർന്ന് എപ്പിസ്കോപ്പൽ ഡെലഗേറ്റ് ഫാ. തോമസ് ആദോപ്പിള്ളിൽ, പ്രമോട്ടർ ഓഫ് ജസ്റ്റീസ് ഫാ. തോമസ് ആനിമൂട്ടിൽ, നോട്ടറിമാരായ ഫാ. മാത്യു മെത്താനത്ത്, സിസ്റ്റർ റ്റിജി എസ്.ജെ.സി. എന്നിവർ അതിരൂപതാതല നടപടിക്രമങ്ങൾ പൂർത്തിയാക്കിയതായി സാക്ഷ്യപ്പെടുത്തി. തുടർന്ന് അതിരൂപതാദ്ധ്യക്ഷൻ നടപടിക്രമങ്ങളുടെ രേഖകൾ ഔദ്യോഗികമായി സ്വീകരിച്ച് അതിരൂപതയുടെ രേഖാലയത്തിൽ സൂക്ഷിക്കുന്നതിനായുള്ള കോപ്പി ചാൻസിലർ ഫാ. ജോൺ ചേന്നാകുഴിക്കും പരിശുദ്ധ സിംഹാസനത്തിൽ സമർപ്പിക്കേണ്ട രേഖകൾ സിസ്റ്റർ റ്റിജി എസ്.ജെ.സിക്കും കൈമാറി. സെന്റ് ജോസഫ്സ് സന്യാസിനി സമൂഹം സുപ്പീരിയർ ജനറൽ സിസ്റ്റർ അനിത എസ്.ജെ.സി നന്ദി അറിയിച്ചു. കത്തീഡ്രൽ വികാരി ഫാ. ജിതിൻ വല്ലർകാട്ടിൽ, അസിസ്റ്റന്റ് വികാരി ഫാ. ജെഫിൻ ഒഴുങ്ങാലിൽ എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നല്കി.

1871 ഒക്ടോബർ 24ന് നീണ്ടൂർ പൂതത്തിൽ കുടുംബത്തിൽ ജനിച്ച തൊമ്മിയച്ചൻ 1897 ഡിസംബർ 28 ന് കോട്ടയം അതിരൂപതയിൽ വൈദികനായി. ശാരീരികവും മാനസികവുമായ വൈകല്യമുള്ളവർ കുടുംബത്തിനും സമൂഹത്തിനും ശാപമെന്ന് കരുതിയ കാലഘട്ടത്തിൽ അവർക്ക് പ്രത്യാശ പകർന്നുകൊണ്ട് അവർക്കായി പുണ്യപ്രവർത്തികളിൽ അദ്ദേഹം വ്യാപൃതനായി. 1925 മെയ് 3ന് അഗതികൾക്കും ആലംബഹീനർക്കുമായി കൈപ്പുഴയിൽ സെന്റ് തോമസ് അസൈലം സ്ഥാപിച്ചു.

തുടർന്ന് 1928 ജൂലൈ 3ാം തീയതി അഗതി ശുശ്രൂഷാർഥം സെന്റ് ജോസഫ് സന്യാസിനി സമൂഹവും സ്ഥാപിച്ചു. 1943 ഡിസംബർ 4ന് ദിവംഗതനായി. 2009 ജനുവരി ജനുവരി 26 ന് ദൈവദാസ പദവിയിലേക്ക് ഉയർത്തപ്പെട്ടു.

# താമരശ്ശേരി വൈദിക സമർപ്പിത കൂട്ടായ്മയുടെ ആഘോഷമായി 'അർപ്പിതം 2024'

താമരശ്ശേരി രൂപതയുടെ റൂബി ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിച്ച 'അർപ്പിതം 2024' കൂട്ടായ്മയുടെയും സൗഹൃദത്തിന്റെയും ആഘോഷമായി. തിരുവമ്പാടി സേക്രഡ് ഹാർട്ട് ഫൊറോന ചർച്ച് പാരിഷ്ഹാളിൽ നടന്ന സംഗമത്തിൽ ആയിരത്തോളം വൈദികരും സമർപ്പിതരും പങ്കെടുത്തു. സഭയാകുന്ന വലിയ രഹസ്യത്തിലേക്കാണ് ഓരോ സമർപ്പിത വ്യക്തിയും വിളിക്കപ്പെട്ടിരിക്കുന്നതെന്നും സഭയുടെ തൂണും സത്യത്തിന്റെ കോട്ടയുമാണ് അവരെന്നും ആമുഖപ്രഭാഷണത്തിൽ ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പറഞ്ഞു.

സമർപ്പിത ജീവിതത്തിലെ വെല്ലുവിളികളെയും പരിഹാരമാർഗങ്ങളെയുംകുറിച്ച് അദിലബാദ് രൂപതാ ബിഷപ് മാർ പ്രിൻസ് ആന്റണി പാണേങ്ങാടൻ വിശദീകരിച്ചു. സിനിമാ താരം സിജോയ് വർഗീസ് മുഖ്യപ്രഭാഷണം നടത്തി. വികാരി ജനറൽ മോൺ. അബ്രഹാം വയലിൽ, ഫാ. തോമസ് ചിലമ്പിക്കുന്നേൽ എന്നിവർ പ്രസംഗിച്ചു. രൂപതാ ചാൻസലർ ഫാ. സുബിൻ കാവളക്കാട്ട്, ഫാ. കുര്യൻ പുരമഠത്തിൽ, ഫാ. ജിൽസൺ തയ്യിൽ എന്നിവർ നേതൃത്വം നൽകി.

ഡോ. ജെയിംസ് കിളിയനാനി രചിച്ച രണ്ടു ഗ്രന്ഥങ്ങൾ ചടങ്ങിൽ ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പ്രകാശനം ചെയ്തു. 'അഭിഷിക്തനും അഭിഷേകവും' എന്ന ഗ്രന്ഥത്തിന്റെ ആദ്യ പ്രതി മാർ പ്രിൻസ് പാണേങ്ങാട് ഏറ്റുവാങ്ങി. 'വിശ്വാസത്തിന്റെ വിജയാഘോഷം' എന്ന ഗ്രന്ഥത്തിന്റെ ആദ്യ പ്രതി എംഎസ്എംഐ സുപ്പീരിയർ ജനറൽ സിസ്റ്റർ എൽസി വടക്കേമുറിയിൽ ഏറ്റുവാങ്ങി.

# പാലക്കാട് രൂപതയുടെ രണ്ടാം എപ്പാർക്കിയൽ അസംബ്ലി സമാപിച്ചു

ഏഴക്കാട് യുവക്ഷേത്ര കോളേജിൽ നടക്കുന്ന പാലക്കാട് രൂപതയുടെ രണ്ടാം എപ്പാർക്കിയൽ അസംബ്ലി തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. അസംബ്ലിളിയിലൂടെ പാലക്കാട് രൂപതയുടെ വരുന്ന പത്ത് വർഷത്തേയ്ക്കുള്ള കർമ്മ പദ്ധതി രൂപീകരിക്കണമെന്ന് മാർ താഴത്ത് നിർദേശിച്ചു. പാലക്കാട് രൂപത മെത്രാൻ മാർ പീറ്റർ കൊച്ചുപുരയ്ക്കൽ അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ മാർ ജേക്കബ് മനത്തോടത്ത്, മാർ യൂഹന്നോൻ തെയഡോഷ്യസ് എന്നിവർ അനുഗ്രഹപ്രഭാഷണം നടത്തി. സിസ്റ്റർ ടെസി കാച്ചപ്പിള്ളി ഒ.പി, തോമസ് ആന്റണി, സോളി തോമസ് എന്നിവർ പ്രസംഗിച്ചു. രൂപതയുടെ സുവർണ ജൂബിലിയോട് അനുബന്ധിച്ച് നടത്തപ്പെടുന്ന അസംബ്ലിയിൽ വിശ്വാസപരിശീലനം, സാമുദായിക ശാക്തീകരണം, പ്രേഷിതപ്രവർത്തനം എന്നീ വിഷയങ്ങളെ അധികരിച്ച് വിഷയാവതരണങ്ങളും ചർച്ചകളും സംഘടിപ്പിച്ചു. മാർ പോൾ ആലപ്പാട്ട്, മാർ പ്രിൻസ് പാണേങ്ങാടൻ, മാർ ടോണി നീലങ്കാവിൽ എന്നിവർ വിവിധ ദിവസങ്ങളിലെ സമ്മേളനത്തിൽ സംബന്ധിച്ചു.

# മേജർ ആർച്ചുബിഷപ്പിന് സ്വീകരണം നല്കി

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പു മാർ റാഫേൽ തട്ടിൽ പിതാവിനു കോതമംഗലം രൂപതയിൽ സ്വീകരണം നൽകി. സെന്റ് ജോർജ് കത്തീഡ്രലിൽ മാർ റാഫേൽ തട്ടിൽ പിതാവിന്റെ കാർമികത്വത്തിൽ അർപ്പിച്ച വിശുദ്ധ കുർബാനയിൽ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ, മാർ ജോർജ് പുന്നക്കോട്ടിൽ എന്നിവർ സഹകാർമികരായി. ആദരസൂചകമായി മേജർ ആർച്ചുബിഷപ്പിന് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് അംശവടി സമ്മാനിച്ചു. മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ രൂപതയിലെ മുഴുവൻ വൈദികരെയും മേജർ ആർച്ചു ബിഷപ്പ് അഭിസംബോധന ചെയ്തു. രൂപതാ വികാരി ജനറൽ മോൺ. പയസ് മലേക്കണ്ടത്തിൽ കത്തീഡ്രൽ വികാരി ഫാ. തോമസ് ചെറുപറമ്പിൽ, ചാൻസലർ ഫാ. ജോസ് കുളത്തൂർ, ഫാ. ജോസ് പുൽപ്പറമ്പിൽ എന്നിവർ നേതൃത്വം നൽകി.

# പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിന് മികച്ച നേട്ടം

2023ലെ യുപിഎസ്‌സി പരീക്ഷയിൽ പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട് മികച്ച നേട്ടം കരസ്ഥമാക്കി. 179-ാം റാങ്ക് കരസ്ഥമാക്കിയ അമൃത എസ്. കുമാർ, 22-ാം റാങ്ക് കരസ്ഥമാക്കിയ അനഘ കെ. വിജയ്, 465-ാം റാങ്ക് നേടിയ അശ്വതി ശിവരാമൻ, 781-ാം റാങ്ക് നേടിയ എസ്. കൃഷ്ണകുമാർ എന്നിവർ ഇൻസ്റ്റിറ്റ്യൂട്ടിലെ ഫുൾടൈം കോഴ്സിൽ പഠിച്ചവരാണ്. 195-ാം റാങ്ക് നേടിയ മഞ്ജുഷ ബി. ജോർജ് ഇൻസ്റ്റിറ്റ്യൂട്ടിൽ പിസിഎം ഇന്റൻസീവ് പരിശീലനം നേടി. മലയാളം ക്രാഷ് കോഴ്സിലൂടെ ഫെബിൻ ജോസ് തോമസ് (റാങ്ക് 133), പി. മഞ്ജിമ (റാങ്ക് 235), നജ്മ.എ.സലാം (റാങ്ക് 839) എന്നിവരും വിജയിച്ചു. വിഷ്ണു ശിവകുമാർ (റാങ്ക് 31), ബെൻജോ പി. ജോസ് (റാങ്ക് 59), അൻജിത് എ. നയ്യാർ (റാങ്ക് 205), ഫാത്തിമ ഷിമ്നാ (റാങ്ക് 317), ഭരത് കൃഷ്ണ പിഷാരടി (റാങ്ക് 347), കാജൽ രാജു (റാങ്ക് 956) എന്നിവരും ഇൻസ്റ്റിറ്റ്യൂട്ടിൽ പരിശീലനം നേടിയവരാണ്.

# കാലഘട്ടം സഭാംഗങ്ങളിൽനിന്നും നിതാന്തജാഗ്രത ആവശ്യപ്പെടുന്നു: മാർ പെരുന്തോട്ടം

മുൻകാലങ്ങളേക്കാൾ എല്ലാ മേഖലകളിലും ജാഗ്രത അനിവാര്യമായ കാലഘട്ടത്തിലാണ് സഭാംഗങ്ങൾ ഇന്ന് ജീവിക്കുന്നതെന്നും നിലവിലെ രാഷ്ട്രീയ സാമൂഹികസാഹചര്യങ്ങളെ നിരന്തരം വീക്ഷിക്കുകയും നിതാന്തജാഗ്രത പുലർത്തുകയും ചെയ്യണമെന്നും ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത മാർ ജോസഫ് പെരുന്തോട്ടം പ്രസ്താവിച്ചു. അതിരൂപതാ പബ്ലിക് റിലേഷൻസ് ജാഗ്രതാസമിതിയുടെ പ്രവർത്തനങ്ങൾ മഹനീയമാണെന്നും അതിരൂപതയ്ക്ക് എല്ലാക്കാലത്തും അഭിമാനകരമാണെന്നും മാർ പെരുന്തോട്ടം പറഞ്ഞു. പബ്ലിക് റിലേഷൻസ് ജാഗ്രതാസമിതിയുടെ രജതജൂബിലി അതിരൂപതാകേന്ദ്രത്തിൽ ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. അതിരൂപതാ സിഞ്ചെല്ലൂസ് ഫാ. വർഗീസ് താനമാവുങ്കൽ അധ്യക്ഷത വഹിച്ചു. അതിരൂപതാ മുൻ സിഞ്ചെല്ലൂസ് ഫാ. ജോസ് പി. കൊട്ടാരം സമിതിയുടെ ആരംഭകാലാനുഭവങ്ങൾ പങ്കുവച്ചു. കുടമാളൂർ മേജർ ആർക്കി എപ്പിസ്കോപ്പൽ പള്ളിവികാരി ആർച്ചുപ്രീസ്റ്റ് ബഹു. മാണി പുതിയിടം 'ആധുനിക കാലഘട്ടത്തിൽ സഭ ജാഗ്രത പുലർത്തേണ്ട മേഖലകൾ' എന്ന വിഷയത്തിൽ ക്ലാസെടുത്തു.

# മനുഷ്യജീവനോടുള്ള ക്രൂരമായ നിസംഗത അവസാനിപ്പിക്കുക : മാർ ജോസ് പുളിക്കൽ

മനുഷ്യരുടെ ജീവനും സ്വത്തിനും വെല്ലുവിളിയായി വന്യമൃഗങ്ങൾ നാട്ടിലിറങ്ങുന്നത് തടയാൻ സത്വര നടപടികൾ സ്വീകരിക്കണമെന്നു കാഞ്ഞിരപ്പള്ളി രൂപതാധ്യക്ഷൻ മാർ ജോസ് പുളിക്കൽ. സമാനമായ ആക്രമണങ്ങൾ ആവർത്തിക്കപ്പെടുമ്പോഴും നിസ്സംഗത പുലർത്തുന്നത് കാട്ടു നീതിയാണ്. തുലാപ്പള്ളിയിൽ കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട ബിജുവിന്റെ കുടുംബത്തിന്റെ ദുഃഖത്തിൽ പങ്കുചേരുന്നു. തുടർച്ചയായുണ്ടാകുന്ന വന്യജീവിആക്രമണങ്ങളിൽ നഷ്ടപരിഹാര തുക കൊണ്ടുമാത്രം കുടുംബത്തിനും സമൂഹത്തിനുമുണ്ടാകുന്ന നഷ്ടം നികത്താനാവില്ല. തലമുറകളായി അധ്വാനിക്കുന്ന കൃഷി ഭൂമിയിൽ പ്രാണഭയമില്ലാതെ ജീവിക്കുവാൻ മനുഷ്യർക്ക് സാഹചര്യം ഒരുക്കേണ്ടത് സർക്കാരുകളുടെ ഉത്തരവാദിത്വമാണ്.

വന്യജീവിയാക്രമണങ്ങളിൽ നിസ്സഹായമാകുന്ന ജനതയോടും ബിജുവിന്റെ കുടുംബത്തോടും രൂപതയുടെ ഐക്യദാർഢ്യം അറിയിക്കുന്നതായും അദ്ദേഹം പറഞ്ഞു.

# നല്ലൊരു നാളേയ്ക്കുവേണ്ടി

**● മാനന്തവാടി രൂപതയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന ഫെഡാർ ഫൗണ്ടേഷന്റെ പ്രവർത്തനങ്ങളെക്കുറിച്ച്...**

വിളക്ക്

**ഫാ. നോബിൽ തോമസ് പാറയ്ക്കൽ**

ക്രൈസ്തവപിന്നാക്കാവസ്ഥ പഠിക്കാൻ നിയമിതമായ ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ മുമ്പാകെ വിവരാധിഷ്ഠിതമായ പഠനറിപ്പോർട്ട് നല്കുന്നതിനു മാനന്തവാടി രൂപത ഡിജിറ്റൽ പ്ലാറ്റ്ഫോം നിർമിച്ച് നടത്തിയ കമ്മ്യൂണിറ്റി സർവേ 2021ന്റെ പശ്ചാത്തലത്തിലാണ് സമുദായാംഗങ്ങളുടെ ഉന്നതവിദ്യാഭ്യാസവും തൊഴിലും സാമ്പത്തികസുരക്ഷിതത്വവും മുൻനിറുത്തി മാനന്തവാടി രൂപതാധ്യക്ഷൻ മാർ ജോസ് പൊരുന്നേടം പിതാവ് Futuristic Education and Research (FEDAR) Foundation 2021 മാർച്ച് 1-ന് സ്ഥാപിച്ചത്. വിദ്യാർഥികൾ ഏറ്റവും കൂടുതൽ ആശയക്കുഴപ്പം നേരിടുന്ന ഉന്നതവിദ്യാഭ്യാസത്തിന്റെയും തൊഴിലിന്റെയും മേഖലകളിൽ ഫലപ്രദമായ ഇടപെടലുകൾനടത്തി അവർക്കു മാർഗനിർദേശങ്ങൾ നല്കുന്നതിലൂടെ സമുദായാംഗങ്ങളുടെ ഭൗതികസുസ്ഥിതിയുടെ മേഖലയിലും തിരുസഭ പ്രസക്തമാകുന്നു എന്നതാണ് ഫെഡാർ ഫൗണ്ടേഷനെന്ന പുതിയ ചുവടുവെയ്പിന്റെ പ്രത്യേകത.

പൂർണമായും ഐടി പ്ലാറ്റ്ഫോമുകളിൽ അധിഷ്ഠിതമാണ് ഫെഡാറിന്റെ പ്രവർത്തനരീതി. കുട്ടികളെ തിരിച്ചറിയുന്നതിനും അവരുടെ വിവിധ താത്പര്യങ്ങളും കഴിവുകളും മനസ്സിലാക്കുന്നതിനും അതനുസരിച്ച് അവർക്ക് ആവശ്യമായ മാർഗനിർദ്ദേശങ്ങൾ നല്കുന്നതിനും ഫെഡാർ ഫൗണ്ടേഷന്റെ ഐടി വിഭാഗം നിർമിച്ചിരിക്കുന്ന പ്ലാറ്റ്ഫോം ഏറെ ഗുണപ്രദമാണ്.

ചെറുപ്പംമുതൽതന്നെ കുട്ടികളെ അവരുടെ അക്കാദമികവും തൊഴിൽപരവുമായ മേഖലകൾ മുൻനിറുത്തി പിന്തുടരുകയും മാർഗനിർദ്ദേശം നല്കുകയുംചെയ്യുന്നതുവഴിയായി ഏറെ സമ്പന്നമായ ഒരു കരിക്കുലം വീത്തേ (CV) കുട്ടികളുടേതായി ഫെഡാറിന്റെ പ്ലാറ്റ്ഫോമിൽ രൂപപ്പെടുന്നുണ്ട്. അതവർക്ക് പിന്നീട് തൊഴിലന്വേഷണത്തിന്റെ സമയത്ത് ഏറെ ഗുണപ്രദമാണ്.

കുട്ടികളെയും അവരുടെ മാതാപിതാക്കന്മാരെയും വ്യക്തിപരമായി ബന്ധപ്പെടാനും അവരുടെ വിവിധങ്ങളായ പ്രതിസന്ധികളിൽ സഹായിക്കാനും വിദ്യാഭ്യാസപരമായ മാർഗനിർദ്ദേശങ്ങൾ നല്കാനുമായി FEDAR Connect എന്ന

FEDAR FOUNDATION
COMPANION TO YOUR FUTURE

പേരിൽ ക്രിസ്തുദാസി സന്ന്യാസിനിസമൂഹത്തിലെ എട്ടു സിസ്റ്റേഴ്സ് സേവനമനുഷ്ഠിക്കുന്നുണ്ട്. വിദ്യാഭ്യാസം, തൊഴിൽ, മന:ശാസ്ത്രം എന്നിങ്ങനെ വിവിധ മേഖലകളിൽ പരിശീലനംനേടിയ സിസ്റ്റേഴ്സിന്റെ പ്രവർത്തനഫലമായി 2022- 23 വർഷത്തിൽ മാനന്തവാടി രൂപതയിലെ പന്ത്രണ്ടാം ക്ലാസ്സിൽ പഠിച്ചിരുന്ന 1518 കുട്ടികളെ ബന്ധപ്പെടുകയും അവർക്കാവശ്യമായ മാർഗനിർദ്ദേശങ്ങൾ നല്കുകയുംചെയ്തു. ഈ കുട്ടികളെല്ലാം പഠിക്കുന്ന വിഷയങ്ങളും പഠിക്കുന്ന കോളേജുകളും സ്ഥലങ്ങളും അടിസ്ഥാനമാക്കി അവർക്കാവശ്യമായ തുടർപിന്തുണയും ഫൗണ്ടേഷൻ നല്കുന്നുണ്ട്. 2023-24 അക്കാദമികവർഷത്തിൽ പത്ത്, പതിനൊന്ന്, പന്ത്രണ്ട് ക്ലാസ്സുകളിൽ നിന്ന് യഥാക്രമം 1815,1594, 1494 കുട്ടികളെ ബന്ധപ്പെടാൻ സാധിച്ചു. മൊത്തം 4903 കുട്ടികളെ പിന്തുടരുന്നതിൽ 2443 പേർ ആൺകുട്ടികളും 2460 പേർ പെൺകുട്ടികളുമാണ്. വിവിധ രീതികളിൽ കുട്ടികൾക്കുള്ള സഹായങ്ങൾ നല്കാനും ഏതു സമയത്തും അവരുടെ ആശങ്കകൾ പങ്കുവെക്കുന്നതിനുള്ള ഇടമായും ഫെഡാർ കണക്ട് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

ഇന്ത്യയിലും ഇന്ത്യക്കു പുറത്തും വിവിധ സ്ഥാപനങ്ങളിൽ പഠനത്തിനായുള്ള അഡ്മിഷൻ നേടിയെടുക്കുന്നതിന് വിദ്യാർഥികളെ ഫൗണ്ടേഷൻ സഹായിക്കുന്നുണ്ട്. സാമ്പത്തികബുദ്ധിമുട്ട് അനുഭവിക്കുന്നവരെയും പഠനം പാതിവഴിയിൽ ഉപേക്ഷിക്കുന്നവരെയും പ്രത്യേകമായി പിന്തുടരുന്നതിനും ആവശ്യമായ പിന്തുണനല്കുന്നതിനും ഫൗണ്ടേഷൻ ശ്രദ്ധിക്കുന്നു. കുട്ടികളുടെ അഭിരുചിനിർണയവും വിവിധ കോഴ്സുകളുടെ പരിചയപ്പെടുത്തലും സ്ഥാപനങ്ങളുടെ ഗുണനിലവാരത്തിനനുസരിച്ച് അഡ്മിഷൻ നേടാൻ അവരെ സഹായിക്കലും അവരുടെ വിവിധ പ്രതിസന്ധികളിൽ കൂടെനടക്കലുമാണ് ഫെഡാർ ഫൗണ്ടേഷൻ ചെയ്യുന്നത്. പ്ലസ്ടുവിനുശേഷം ഡിഗ്രി പഠനകാലത്ത് പഠിക്കുന്ന വിഷയങ്ങൾക്കനുസരിച്ച് ഗ്രൂപ്പ് ചെയ്യപ്പെടുന്ന കുട്ടികൾക്ക് ബ്ലൻഡഡ് ലേണിംഗ് പ്ലാറ്റ്ഫോമുകളെ പരിചയപ്പെടുത്തി ഹ്രസ്വകാല ഓൺലൈൻ കോഴ്സുകൾ ചെയ്യിപ്പിക്കുക, ഇന്റേൺഷിപ്പിന് അവസരങ്ങൾ നല്കുക, ഇൻഡസ്ട്രിയുമായി കണക്ട് ചെയ്യുക, അഭിമുഖങ്ങൾക്കും സംരംഭകത്വത്തിനും മറ്റുമുള്ള പരിശീലനം നല്കുക, പഠനകാലയളവിൽ വിവിധ സ്കോളർഷിപ്പുകൾ പരിചയപ്പെടുത്തുക എന്നിങ്ങനെ വിദ്യാർഥികൾക്കായി ഫൗണ്ടേഷൻ നല്കുന്ന സൗജന്യ സേവനങ്ങൾ നിരവധിയാണ്. പ്രവർത്തനമാരംഭിച്ച് മൂന്നു വർഷങ്ങൾ പിന്നിടുമ്പോൾ നാല്പതോളം പേർ ഫെഡാർ ഫൗണ്ടേഷനിൽ ജോലി ചെയ്യുന്നുണ്ട്. വിവിധ രീതികളിലായി ഏതാണ്ട് ആറായിരത്തിലധികം കുട്ടികൾ ഫെഡാറിന്റെ ഗുണഭോക്താക്കളുമാണ്.

വൈദികരും അത്മായരും സമർപ്പിതരും ചേരുന്ന ഒരു ടീമാണ് ഈ സംവിധാനത്തിന് വിവിധ തലങ്ങളിലായി രൂപതയിൽ നേതൃത്വം നല്കുന്നത്.

# ഭാവി മെച്ചപ്പെട്ടതാക്കണോ?

**● അവരവരെ ആത്മാർത്ഥമായി സ്നേഹിക്കുകയും കൃത്യമായി മനസ്സിലാക്കുകയും ചെയ്യുന്നവർ ടെൻഷൻ ഫ്രീയാണെന്നാണ് മനശ്ശാസ്ത്രം പറയുന്നത്**




ഇന്നലെത്തെക്കാൾ കൂടുതൽ നാളെ നന്നാവണമെന്ന് ആഗ്രഹിക്കുന്നവരാണ് പലരും. പക്ഷേ നാളെ നന്നാക്കാൻ വേണ്ടി ഇന്ന് ചെയ്യേണ്ട പല കാര്യങ്ങളും ചിലരെങ്കിലും വിസ്മരിച്ചുപോകുന്നു. ഇന്ന് നാം ചെയ്യുന്ന നല്ല കാര്യങ്ങളാണ് നാളെ നല്ലതായി പരിണമിക്കുന്നത്. അതിനായി നല്ലൊരു നാളേയ്ക്കുവേണ്ടി ഇന്ന് ചെയ്യേണ്ട ചില കാര്യങ്ങൾ പരാമർശിക്കാം.

## നന്ദി പറയാൻ പരിശീലിക്കുക

തുടർച്ചയായി എല്ലാ കാര്യങ്ങളിലും എല്ലാവരോടും നന്ദിപറയുന്നത് മാനസികമായും ശാരീരികമായും മികച്ച ഫലങ്ങൾ സൃഷ്ടിക്കുമെന്നാണ് ഗവേഷകർ പറയുന്നത്. നന്ദിപറയുന്നതിലൂടെ പോസിറ്റീവ് ഇമോഷൻസ് ഉണ്ടാകുന്നു. ഉറക്കം മെച്ചപ്പെടുന്നു. കൂടുതൽ ദയയും അനുകമ്പയും പ്രകടിപ്പിക്കാൻ കഴിയുന്നു. സർവോപരി ശക്തമായ രോഗപ്രതിരോധശേഷിയുണ്ടാകുന്നു.

നന്ദി പറയുന്നതിലൂടെ, പരിശീലിക്കുന്നതിലൂടെ ജീവിതത്തിലെ വെല്ലുവിളികളെ അവഗണിക്കുകയോ എല്ലാം നല്ലതാണെന്ന് ഭാവിക്കുകയോ അല്ല മറിച്ച് ജീവിതത്തിലെ കൂടുതൽ നന്മകൾ കാണാനുള്ള കഴിവു ആർജിച്ചെടുക്കുകയാണ് ചെയ്യുന്നത്.

## മനസ്സിനെ ശാന്തമാക്കിയെടുക്കുക

ഇപ്പോൾ ഈ നിമിഷം സന്തോഷത്തോടെ ജീവിക്കുന്നതിന് മനസ്സിന്റെ സ്വസ്ഥതയും ശാന്തതയും അനിവാര്യമാണ്. ചിന്തകളെയും വികാരങ്ങളെയുംകുറിച്ചുള്ള തിരിച്ചറിവാണ് ഇവിടെ പ്രധാനം. മനസ്സിനെ ശാന്തമാക്കിയെടുക്കാൻ സാധിക്കുന്നതിലൂടെ സ്ട്രസ് കുറയ്ക്കാനും മനശ്ശക്തി വർദ്ധിപ്പിക്കാനും സാധിക്കും. സാഹചര്യങ്ങളെ ക്രിയാത്മകമായി നേരിടാനുള്ള കരുത്തും നല്കും. ഈ നിമിഷം, ഇന്നിൽ ജീവിക്കാൻ സാധിക്കുന്നതിലൂടെ ബന്ധങ്ങളെ പരുക്കില്ലാതെ സംരക്ഷിക്കാനും നല്ല തീരുമാനങ്ങൾ വ്യക്തമായി നടപ്പിലാക്കാനും സാധിക്കും.

## സ്ക്രീൻ ടൈം കുറയ്ക്കുക

അമിതമായ സ്ക്രീൻ ടൈം ഉത്കണ്ഠകളും ആകുലതകളും വർധിപ്പിക്കാൻ കാരണമാകുന്നുവെന്നാണ് ഗവേഷകരുടെ നിഗമനം. സ്ക്രീൻ ടൈം അധികമാകുന്നതിലൂടെ നാം ചുറ്റുപാടുമുള്ള ജീവിതത്തിൽനിന്ന് പുറത്താവുകയാണ് ചെയ്യുന്നത്. ജീവിക്കുന്ന ജീവിതത്തിന്റെ സൗന്ദര്യം കാണാൻ കഴിയാതെപോവുന്നു. പല യാഥാർഥ്യങ്ങളും മനസ്സിലാക്കപ്പെടാതെ പോകുന്നു. സോഷ്യൽ മീഡിയായിലെ റീൽസും ടോക്കുമല്ല യഥാർഥജീവിതം. അതുകൊണ്ട് ദിവസത്തിലെ സ്ക്രീൻ ടൈം കുറച്ചുകൊണ്ടുവരിക.

## ലക്ഷ്യം കണ്ടെത്തുക

ജീവിതത്തിന്റെ ലക്ഷ്യം മനസ്സിലാക്കുക. ജീവിതത്തിന്റെ ലക്ഷ്യം കണ്ടെത്തുക. ആ ലക്ഷ്യത്തിന് വേണ്ടി പ്രവർത്തിക്കുക. കഠിനാദ്ധ്വാനം ചെയ്യുക. സ്വന്തം ജീവിതത്തെക്കുറിച്ച്, എത്തിച്ചേരേണ്ട വഴികളെക്കുറിച്ച് കൃത്യമായ കാഴ്ചപ്പാടുള്ള വ്യക്തികൾ സന്തുഷ്ടരും ആരോഗ്യമുള്ളവരും സംതൃപ്തരുമായിരിക്കും. ചുറ്റുപാടുമുഴുവൻ അവർ സന്തോഷം പ്രസരിപ്പിക്കുന്നവരുമായിരിക്കും.

## ദൈവാലയമായി ശരീരത്തെ കാണുക

ശാരീരികാരോഗ്യം മാനസികാരോഗ്യവുമായി ബന്ധപ്പെട്ടാണിരിക്കുന്നത്. ശരീരത്തിന്റെ ആരോഗ്യം നമ്മുടെ വൈകാരികതയെ നിയന്ത്രിക്കുന്നു. ആരോഗ്യകരമായ ശീലങ്ങൾ നമ്മെ മെച്ചപ്പെട്ട വ്യക്തികളാക്കിമാറ്റും. മതിയായ ഉറക്കം, പോഷകസമ്പുഷ്ടമായ ആഹാരം, നിർജലീകരണം ഒഴിവാക്കൽ, തുടർച്ചയായ വ്യായാമം, പുകവലി-മദ്യം- മയക്കുമരുന്ന് ഇവ ഉപേക്ഷിക്കൽ എന്നിവയിലൂടെയെല്ലാം ശാരീരികാരോഗ്യം നേടിയെടുക്കുകയും നിലനിർത്തിക്കൊണ്ടുപോവുകയും ചെയ്യാം.

## സ്വയം സ്നേഹിക്കുക

സ്വയം സ്നേഹിക്കുന്നത് അക്ഷന്തവ്യമായ തെറ്റൊന്നുമല്ല. അത് ആത്മരതിയും സ്വാർഥതയുമാകാതിരുന്നാൽ മതി. സെൽഫ് ലവ് എന്നതുകൊണ്ട് അർഥമാക്കുന്നത് സ്വന്തം വില മനസ്സിലാക്കുകയും സ്വന്തം കുറവുകളെ അംഗീകരിക്കുകയുമാണ്. വൈകാരികവും മാനസികവും ശാരീരികവുമായ ക്ഷേമം ഉറപ്പുവരുത്തുകയാണ്.

അവരവരെ ആത്മാർത്ഥമായി സ്നേഹിക്കുകയും കൃത്യമായി മനസ്സിലാക്കുകയും ചെയ്യുന്നവർ ടെൻഷൻ ഫ്രീയാണെന്നാണ് മനശ്ശാസ്ത്രം പറയുന്നത്.

# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭാതലവൻ മൗണ്ട് സെന്റ് തോമസ് സന്ദർശിച്ചു

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ തലവൻ അഭി. ബസേലിയൂസ് മാർത്തോമ്മാ മാത്യൂസ് ത്രിതീയൻ തിരുമേനി സീറോ മലബാർസഭയുടെ ആസ്ഥാനമായ മൗണ്ട് സെന്റ് തോമസിൽ അനൗപചാരിക സന്ദർശനം നടത്തി. സഭാകാര്യാലയത്തിലെത്തിയ തിരുമേനിയെ കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവും കൂരിയ ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കലും കൂരിയായിലെ വൈദികരും സന്യസ്തരും ചേർന്ന് സ്വീകരിച്ചു. മേജർആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവ് പൊന്നാടയണിയിച്ചു. തുടർന്ന് ഇരുവരും കൂടിക്കാഴ്ച നടത്തി. ചായസൽക്കാരത്തിൽ കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിനൊപ്പം പിതാക്കന്മാരും വൈദികരും പങ്കെടുത്തു. പാലക്കാട് ബിഷപ് എമിരത്തൂസ് മാർ ജേക്കബ് മനത്തോടത്തും തദവസരത്തിലുണ്ടായിരുന്നു. ആലഞ്ചേരി പിതാവുമായും കൂടിക്കാഴ്ച നടത്തിയതിന് ശേഷമാണ് ബസേലിയൂസ് മാർത്തോമ്മാ മാത്യൂസ് ത്രിതീയൻ തിരുമേനി മൗണ്ട് സെന്റ് തോമസിൽ നിന്ന് യാത്ര പറഞ്ഞത്.





# ദൈവജനത്തിന് നീതി നിഷേധിക്കരുത്: മേജർ ആർച്ചുബിഷപ്പ്



കാക്കനാട്: വിവാഹബന്ധങ്ങൾ അസാധുവാക്കാൻ സഭാകോടതികളെ സമീപിക്കുന്നവർക്ക് ആവശ്യമായ നീതി നടപ്പിലാക്കിക്കൊടുക്കുകയും അതേസമയം വിവാഹത്തിന്റെ പരിശുദ്ധി കാത്തുസൂക്ഷിക്കുകയും വേണമെന്ന് സീറോമലബാർ സഭ മേജർആർച്ചുബിഷപ്പ് മാർ റാഫേൽതട്ടിൽ പിതാവ്. സീറോമലബാർസഭയിലെ ജുഡീഷ്യൽ വികാരിമാരുടെയും മേജർആർക്കിഎപ്പിസ്ക്കോപ്പൽ ട്രൈബ്യൂണലിലെ ജഡ്ജിമാരുടെയും നീതിസംരക്ഷകരുടെയും സംയുക്ത യോഗം മൗണ്ട് സെന്റ് തോമസിൽ ഉദ്ഘാടനം ചെയ്തുസംസാരിക്കുകയായിരുന്നു തട്ടിൽപിതാവ്. കോട്ടയം അതിരൂപതാധ്യക്ഷൻ മാർ മാത്യു മൂലക്കാട്ട് അധ്യക്ഷത വഹിച്ചു. വിവാഹത്തിന്റെ സത്താപരമായ ഐക്യവും അവിഭാജ്യതയും കാത്തുസൂക്ഷിക്കുവാൻ ട്രൈബ്യൂണലിലെ ജഡ്ജിമാർ ദമ്പതികളെ സഹായിക്കണമെന്ന് അദ്ദേഹം പറഞ്ഞു. വിവാഹബന്ധങ്ങൾ വെല്ലുവിളികൾ നേരിടുന്ന ഇക്കാലത്ത് സഭാകോടതികൾ പ്രായോഗികമായി മുന്നോട്ടുകൊണ്ടുപോകാൻ പ്രതിജ്ഞാബദ്ധരായിരിക്കണമെന്ന് കൂരിയ ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ പറഞ്ഞു. റവ. ഡോ. തോമസ്ആദോപ്പിള്ളിൽ, റവ. ഡോ. ജോസഫ് മുകളേപ്പറമ്പിൽ, റവ.ഡോ. സെബാസ്റ്റ്യൻ മുട്ടംതൊട്ടിൽ, സിസ്റ്റർ ജിഷ ജോബ് എംഎസ്എംഐ എന്നിവർ യോഗത്തിന് നേതൃത്വം നല്കി.



# പ്രേഷിതസഹകാരികളുടെ കൂട്ടായ്മ നടന്നു

കാക്കനാട്: സീറോ മലബാർ സഭയുടെ പ്രേഷിതപ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും സഭാമക്കളെ പ്രേഷിതപങ്കാളികളാക്കുന്നതിനുമായി മൗണ്ട് സെന്റ് തോമസിൽ പ്രവർത്തിക്കുന്ന മിഷൻഓഫീസ് പ്രേഷിത സഹകാരികളുടെ കൂട്ടായ്മ നടന്നു .

മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽപിതാവ് ഉദ്ഘാടനം ചെയ്തു. സഭയുടെ പ്രേഷിത പ്രവർത്തനങ്ങളിൽ അല്മായ സാന്നിധ്യവും സഹകരണവും വർദ്ധിപ്പിക്കുന്നതിന് സീറോമലബാർസഭയുടെ മിഷൻ ഓഫീസിന്റെ പദ്ധതികൾ കാര്യക്ഷമമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. സീറോ മലബാർ മിഷൻ ഓഫീസ് ഡയറക്ടർ മാർ പ്രിൻസ് ആന്റണി പാണേങ്ങാടനും കൂരിയ ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കലും പ്രസംഗിച്ചു. ഫാ. ജിജോ കോട്ടക്കാവിൽ എംഎസ്ടി ഒറീസ മിഷനെക്കുറിച്ചും ഫാ. ജിയോ കടവി പ്രവാസികളുടെയിടയിലെ പ്രവർത്തനങ്ങളെക്കുറിച്ചുമുള്ള അനുഭവങ്ങൾ പങ്കുവച്ചു. മിഷൻ ഓഫീസ് സെക്രട്ടറി ഫാ. സിജു അഴകത്ത് എംഎസ്ടി, കൂരിയ പ്രൊക്യുറേറ്റർ ഫാ. ജോസഫ് തോലാനിക്കൽ, സിസ്റ്റർ മെർലിൻ ജോർജ് എന്നിവർ കൂട്ടായ്മയ്ക്ക് നേതൃത്വം നല്കി.

# 'വിശുദ്ധിയിലേക്കുള്ള വഴി' പ്രകാശനം ചെയ്തു

കാക്കനാട്: റവ. ഡോ. തോമസ് മാത്യു ആദോപ്പിള്ളിൽ രചിച്ച Path to Sainthood (വിശുദ്ധിയിലേക്കുള്ള വഴി) എന്ന പുസ്തകം സീറോമലബാർസഭ മേജർആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ പിതാവ് പ്രകാശനം ചെയ്തു. കോട്ടയം അതിരൂപതാധ്യക്ഷൻ മാർ മാത്യു മൂലക്കാട്ട് ആദ്യകോപ്പി ഏറ്റുവാങ്ങി. വിശുദ്ധരുടെ നാമകരണനടപടികൾ വിവരിക്കുന്നതിനൊപ്പം സീറോമലബാർസഭയിലെ വിശുദ്ധർ, വാഴ്ത്തപ്പെട്ടവർ, ധന്യർ,ദൈവദാസർ എന്നിവരെക്കുറിച്ചുള്ള വിശദമായ പഠനമാണ് പുസ്തകത്തിലുള്ളത്. മൗണ്ട്സെന്റ് തോമസിൽ നടന്ന പ്രകാശനചടങ്ങിൽ സീറോമലബാർസഭയിലെ ജുഡീഷ്യൽ വികാരിമാരും മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ ട്രൈബ്യൂണിലെ ജഡ്ജിമാരും പങ്കെടുത്തു. വിശ്വാസപരിശീലനരംഗത്ത് ഏറെ ഉപകാരപ്രദമായ കൃതിയാണ് ഇതെന്ന് മാർ റാഫേൽതട്ടിൽ പിതാവ് പറഞ്ഞു.

# സമർപ്പിത സംഗമം

പാലക്കാട് രൂപതയുടെ സുവർണജൂബിലിയോട് അനുബന്ധിച്ച് കത്തീഡ്രൽ ദൈവാലയത്തിൽ രൂപതയിലെ സമർപ്പിതരുടെയും രൂപതയിൽനിന്നുള്ള സമർപ്പിതരുടെയും സംഗമം സംഘടിപ്പിച്ചു. മുൻ രൂപതാധ്യക്ഷൻ മാർ ജേക്കബ് മനത്തോടത്ത് ഉദ്ഘാടനം ചെയ്തു. മാർ പീറ്റർ കൊച്ചുപുരയ്ക്കൽ സ്വാഗതം ആശംസിച്ചു. സി. ജോസിയ എസ്.ഡി. ആമുഖ പ്രഭാഷണം നടത്തി. മാർ പീറ്റർ കൊച്ചുപുരയ്ക്കൽ പൊതുസമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയും പൗരോഹിത്യ സന്യാസസമർപ്പണത്തിന്റെ ജൂബിലി ആഘോഷിക്കുന്നവരെ അനുമോദിക്കുകയും ചെയ്തു.



# ദൈവവിളി പ്രോത്സാഹനം സമർപ്പിതരുടെ കടമ: മേജർആർച്ചുബിഷപ്പ്

കാക്കനാട്: ദൈവവിളി പ്രോത്സാഹനം ഓരോ സമർപ്പിതരുടെയും കടമയാണെന്നും കുടുംബപ്രേഷിതത്വത്തിൽ വൈദികരുടെയും സിസ്റ്റേഴ്സിന്റെയും പങ്ക് വളരെ പ്രധാനപ്പെട്ടതാണെന്നും മേജർആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവ്. സീറോമലബാർസഭ വൊക്കേഷൻ പ്രമോട്ടേഴ്സ് വാർഷികസമ്മേളനം മൗണ്ട് സെന്റ് തോമസിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ദൈവവിളി എന്ന മഹോന്നത ദാനം നല്കുന്നത് ദൈവമാണെന്നും വൊക്കേഷൻ പ്രമോട്ടേഴ്സ് ദൈവവിളിക്ക് വെള്ളമൊഴിച്ച് വളമിട്ടുവളരാൻ സഹായിക്കുന്നവരാണെന്നും തട്ടിൽപിതാവ് പറഞ്ഞു. വൊക്കേഷൻ കമ്മീഷൻ ചെയർമാൻ മാർ ലോറൻസ് മുക്കുഴി അധ്യക്ഷനായിരുന്നു. വൊക്കേഷൻ കമ്മീഷൻ എപ്പിസ്ക്കോപ്പൽ അംഗം മാർ പീറ്റർ കൊച്ചുപുരയ്ക്കൽ ആശംസകൾ നേർന്നു. വിവിധ രൂപതകളിൽ നിന്നും സന്യാസസമൂഹങ്ങളിൽ നിന്നുമായി 145 പേർ പങ്കെടുത്തു. മാർ പീറ്റർ കൊച്ചുപുരയ്ക്കലും സി.ഡോ ജോസിയ എഫ്സിസിയും ക്ലാസെടുത്തു. ഫാ. ജോസ്മോൻ പെരുവാച്ചിറ, ഫാ. തോമസ് മേൽവെട്ടത്ത്, സിസ്റ്റർ ജാൻസി ചാക്കോ എംഎസ്എംഐ എന്നിവർ പ്രസംഗിച്ചു.

# മേജർ ആർച്ചുബിഷപ്പിന്റെ ഡയറി

### മാർച്ച്

**21 ബുധൻ :** കുറവിലങ്ങാട് മർത്ത് മറിയം മേജർ ആർക്കിഎപ്പിസ്കോപ്പൽ തീർഥാടനപള്ളി വികാരി ബഹു. അഗസ്റ്റിൻ കൂട്ടിയാനിക്കലച്ചനെയും കൈക്കാരൻമാരെയും സ്വികരിച്ചു.

**22 വ്യാഴം :** പാലാ മെഡിസിറ്റിയിൽ പുതുതായി ആരംഭിക്കുന്ന ക്യാൻസർ സെന്ററിന്റെ ശിലാസ്ഥാപനം നടത്തി സന്ദേശംനല്കി.

- മുത്തോലി സി. എം. ഐ ആശ്രമം സന്ദർശിച്ചു.

**23 ശനി:** ക്രിസ്തുദാസി സന്യാസിനീസമൂഹത്തിന്റെ ജനറലേറ്റു സന്ദർശിക്കുകയും വി. കുർബാനയർപ്പിക്കുകയുംചെയ്തു.

- മാനന്തവാടിയിലെ നോർബർട്ടൈൻ പ്രയറി സന്ദർശിക്കുകയും സായാഹ്നപ്രാർഥനകൾക്കു നേതൃത്വംനല്കുകയും ചെയ്തു.

**24 ഞായർ :** മാനന്തവാടി രൂപതയിലെ നടവയൽ മേജർ ആർക്കിഎപ്പിസ്കോപ്പൽ തീർഥാടനദൈവാലയത്തിൽ ഓശാന തിരുകർമങ്ങൾക്കു കാർമികത്വം വഹിച്ചു.

- നടവയൽ ഇടവകലുള്ള സി.എം.സി പ്രൊവിൻഷ്യൽ ഹൗസ്, വിൻസെന്റ് ഡിപോൾ സംഘടനയുടെ നേതൃത്വത്തിൽ നടത്തുന്ന ഓസാനാം വൃദ്ധമന്ദിരം, ലാസ്ലെറ്റ് സന്യാസസമൂഹത്തിന്റെ ഭവനം എന്നിവ സന്ദർശിച്ചു.
- മാനന്തവാടി രൂപതാ കേന്ദ്രത്തിൽ നടത്തിയ ഔദ്യോഗിക സ്വീകരണയോഗത്തചന്റ സംബന്ധിക്കുകയും പങ്കെടുത്തവരെ അഭിസംബോധന ചെയ്യുകയും ചെയ്തു.

**25 തിങ്കൾ :** മാനന്തവാടിയിലുള്ള വിൻസെന്റ്ഗിരി സിസ്റ്റേഴ്സിന്റെ ജനറലേറ്റു സന്ദർശിച്ചു വി. കുർബാന അർപ്പിച്ചു.

- വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പരിക്കേല്ക്കുകയും ജീവൻ നഷ്ടപ്പെടുകയുംചെയ്തവരുടെ ഭവനങ്ങൾ സന്ദർശിച്ചു.
- ക്രിസ്തുദാസി സന്യാസിനിസമൂഹത്തിന്റെ മാതൃഭവനത്തിലും മാനന്തവാടി രൂപതയുടെ പ്രീസ്റ്റ്ഹോമിലും കത്തിഡ്രൽപള്ളിയിലും മൈനർ സെമിനാരിയിലും സന്ദർശനം നടത്തി.

**26 ചൊവ്വ :** രാവിലെ താമരശ്ശേരി രൂപതകേന്ദ്രത്തിൽ വി. കുർബാന അർപ്പിച്ചു.

- താമരശ്ശേരി രൂപതയിലെ പെരിന്തൽമണ്ണ സെന്റ് അൽഫോൻസാ ഫൊറോന ദൈവാലയം സന്ദർശിച്ചു.

**28 വ്യാഴം :** ഇരിങ്ങാലക്കുട രൂപതയിലെ താഴെക്കാട് സെൻറ് സെബാസ്റ്റ്യൻസ് മേജർ ആർക്കിഎപ്പിസ്കോപ്പൽ പള്ളിയിൽ പെസഹാവ്യാഴ തിരുക്കർമങ്ങൾളിൽ കാർമികത്വം വഹിച്ചു.

- ഇരിങ്ങാലക്കുട ബിഷപ്സ് ഹൗസ് സന്ദർശിച്ചു.
- കുഴിക്കാട്ടുശ്ശേരി വി. മറിയം ത്രേസ്യയുടെ കബറിടവും ഹോളി ഫാമിലി പ്രൊവിൻഷ്യൽ ഹൗസും സന്ദർശിച്ചു.
- അഴീക്കോട് മാർ തോമാശ്ലീഹായുടെ തീർഥാടനകേന്ദ്രം സന്ദർശിച്ചു.

**29 വെള്ളി :** ചങ്ങനാശ്ശേരി അതിരൂപതയിലെ കുടമാളൂർ സെൻറ് മേരീസ് മേജർ ആർക്കി എപ്പിസ്കോപ്പൽ പള്ളിയിൽ ദുഃഖവെള്ളി തിരുക്കർമങ്ങൾക്ക് നേതൃത്വം നല്കി.

**30 ശനി :** കാക്കനാട് മൗണ്ട് സെൻറ് തോമസിലെ ചാപ്പലിൽ ദുഃഖശനിയുടെ തിരുക്കർമങ്ങൾക്ക് കാർമികത്വം വഹിച്ചു, വി. കുർബാന അർപ്പിച്ചു.

**31 ഞായർ :** കോതമംഗലം രൂപതയിലെ ആരക്കുഴ സെൻറ് മേരീസ് മേജർ ആർക്കിഎപ്പിസ്കോപ്പൽ പള്ളിയിലെ ഉയിർപ്പുതിരുകർമങ്ങൾ നടത്തുകയും വി. കുർബാന അർപ്പിക്കുകയും ചെയ്തു.

### ഏപ്രിൽ

**1 തിങ്കൾ :** രണ്ടാമത്തെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ വർക്കി വിതയത്തിൽ പിതാവിൻറെ ചരമവാർഷികത്തോടനുബന്ധിച്ച് കൂരിയായിലെ ചാപ്പലിൽ വി. കുർബാന അർപ്പിച്ചു.

**2 ചൊവ്വ :** മൗണ്ട് സെൻറ് തോമസിൽവച്ചു നടത്തപ്പെട്ട ട്രൈബ്യൂണൽ മിനിസ്റ്റേഴ്സിന്റെയും ജുഡീഷ്യൽ വികാരിമാരുടെയും യോഗത്തിൽ സംബന്ധിച്ചു.

**3 ബുധൻ :** 'ദിവീന മിസേരികോർദിയ' മിനിസ്ടിയുടെ നേതൃത്വത്തിൽ ആരംഭിച്ച റാലി മൗണ്ട് സെൻറ് തോമസിൽ ഫ്ലാഗ് ഓഫ് ചെയ്തു.

**4 വ്യാഴം :** സഭയുടെ പൊന്തിഫിക്കിൽ ഡലഗേറ്റ് ആർച്ചുബിഷപ്പ് മാർ അബ്രഹാം കാട്ടുമനപിതാവിൻറെ ചരമവാർഷികത്തോടനുബന്ധിച്ച് കൂരിയായിലെ ചാപ്പലിൽ വി. കുർബാന അർപ്പിച്ചു.

**5 വെള്ളി :** സി.എം.ഐ. സന്യാസസമൂഹത്തിന്റെ ജനറേറ്റിൽ എസ്.

- എം.ആർ.സി .യുടെ ജനറൽബോഡി മീറ്റിങ്ങിൽ പങ്കെടുത്തു സംസാരിച്ചു.
- പി.ഒ.സി.യിൽ ജീസസ് യൂത്തിന്റെ ആഭിമുഖ്യത്തിൽ സിസ്റ്റേഴ്സിനായി നടത്തിയ ആനിമേഷൻ പ്രോഗ്രാം ഉദ്ഘാടനംചെയ്തു സംസാരിച്ചു.
- മൗണ്ട് സെൻറ് തോമസിൽവച്ചു നടത്തപ്പെട്ട കത്തോലിക്കാകോൺഗ്രസിന്റെ മീറ്റിങ്ങിൽ പങ്കെടുത്തവരെ അഭിസംബോധന ചെയ്തു.

**6 ശനി :** സി.എം.ഐ കോട്ടയം പ്രോവിൻസിലെ പാലാ സെന്റ് വിൻസെൻറ്

- സ്കൂളിൽ വച്ചു ജൂബിലേറിയൻസിനെ ആദരിച്ചു.

**7 ഞായർ :** എഫ്.സി.സി. ജനറലേറ്റു സന്ദർശിച്ചു വി. കുർബാന അർപ്പിച്ചു.

**10 ബുധൻ :** സഭാകാര്യാലയത്തിൽ നടന്ന സെൻട്രൽ ലിറ്റർജിക്കൽ കമ്മിറ്റിയുടെ സമ്മേളനത്തെ അഭിസംബോധന ചെയ്തു.

**11 വ്യാഴം :** ഏറ്റുമാനൂരിൽ പുതുതായി ആരംഭിക്കുന്ന ഃശാല ഇൻറർനാഷണൽ

- സ്കൂളിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ചു വി. കുർബാന അർപ്പിച്ചു.
- ചങ്ങനാശ്ശേരി അതിരൂപതയിലെ ഏറ്റുമാനൂർ ക്രിസ്തുരാജ പള്ളി സന്ദർശിച്ചു.

**14 ഞായർ :** കുറവിലങ്ങാട് മർത്ത് മറിയം മേജർ ആർക്കിഎപ്പിസ്കോപ്പൽ തീർഥാടനപള്ളിയിൽ ഔദ്യോഗിക സന്ദർശനത്തിന്റെ ഭാഗമായി വി. കുർബാന അർപ്പിച്ചു സന്ദേശംനൽകുകയും പ്രതിനിധിയോഗത്തെയും ഭക്തസംഘടനകളെയും അഭിസംബോനചെയ്യുകയും ചെയ്തു.

---




# അഷ്ടഭാഗ്യങ്ങളുടെ മനുഷ്യൻ

**വിനായക് നിർമ്മൽ**

അവന് അന്ന് അഞ്ചോ ആറോ വയസേ പ്രായമുണ്ടായിരുന്നുള്ളൂ. വീട്ടുമുറ്റത്ത് ഭിക്ഷയാചിച്ച് എത്തിയ സ്ത്രീയുടെ വിരൽത്തുമ്പു പിടിച്ചുനിന്നിരുന്ന കുട്ടിയിലേക്കാണ് അവന്റെ ശ്രദ്ധ പോയത്. ആ കുട്ടിക്കും അവന്റെ യത്ര പ്രായമേയുണ്ടായിരുന്നുള്ളൂ. ആ കുട്ടിയുടെ കാലിൽ ഷൂസില്ല. ഈ തണുപ്പത്ത് ഷൂസില്ലാതെ തന്നെപോലെയൊരു കൊച്ചുകുട്ടിയെങ്ങനെ ജീവിക്കുമെന്നോർത്ത് അവൻ സങ്കടപ്പെട്ടു. പിന്നെയൊട്ടും മടിച്ചില്ല. തന്റെ കാലിൽ കിടന്നിരുന്ന ഷൂസൂരി അവൻ ആ കുട്ടിക്കു നല്കി.

മറ്റൊരു സംഭവം.

സഹായം ചോദിച്ച് വീട്ടുമുറ്റത്തെത്തിയ ആ വ്യക്തിയെ അയാൾക്ക് അർഹിക്കുന്നവിധത്തിൽ സഹായം നല്കാൻ അവന്റെ അപ്പൻ തയ്യാറായിരുന്നില്ല. മറ്റൊന്നുമായിരുന്നില്ല കാരണം. അയാൾ അന്ന് കണക്കറ്റ് മദ്യപിച്ചിട്ടുണ്ടായിരുന്നു. അതുകൊണ്ട് എത്രയും വേഗം ആ യാചകനെ ഇറക്കിവിട്ടതിനുശേഷം മാത്രമേ അയാൾക്ക് സമാധാനമുണ്ടായുള്ളൂ. ഇതെല്ലാം അയാളുടെ മകൻ കാണുന്നുണ്ടായിരുന്നു. അവന് താൻ കണ്ട കാഴ്ച സഹിക്കാൻ കഴിയുമായിരുന്നില്ല. അവൻ ഏങ്ങലടിച്ചുകരഞ്ഞുകൊണ്ട് അമ്മയുടെ അടുക്കലേക്കോടി.

''അമ്മേ അയാളെ വിളിച്ചുകൊണ്ടുവാ അമ്മേ.. അയാൾക്ക് എന്തെങ്കിലും ഭക്ഷണം കൊടുക്കൂ...''

ഈ രണ്ടുസംഭവങ്ങളിലെയും കേന്ദ്രകഥാപാത്രമായ കുട്ടിയുടെ പേരാണ് പിയെർ ജോർജിയോ ഫ്രസാത്തി. ഈ രണ്ടുസംഭവങ്ങളും വിവരിച്ചത് ചെറുപ്പം തൊട്ടേ ദരിദ്രരോടും അഭയാർത്ഥികളോടും സ്നേഹവും അനുകമ്പയും നിറഞ്ഞ മനസ്സാണ് അവനുണ്ടായിരുന്നത് എന്നു മനസ്സിലാക്കാനാണ്. മുതിർന്നപ്പോൾ പല ജീവകാരുണ്യപ്രവർത്തനങ്ങളിലും അവൻ ക്രിസ്തുവിൽ നിറഞ്ഞ സ്നേഹത്തോടെ മുഴുകി. സെന്റ് ഡൊമിനിക് തേർഡ് ഓർഡറിൽ അംഗമായിരുന്ന ഫ്രസാറ്റി നിരവധി ചാരിറ്റി സംഘടനകളിൽ അംഗമായിരുന്നു, കാത്തലിക് ആക്ഷനും വിൻസെന്റ് ഡി പോളും അതിലുൾപ്പെടുന്നു.



1901 ഏപ്രിൽ ആറിന് ടൂറിനിലായിരുന്നു ജനനം. കുലീനകുടുംബമായിരുന്നു അവന്റേത്. പിതാവ് ഇറ്റാലിയൻ സെനറ്ററും പിന്നീട് ജർമ്മനിയിലേക്കുള്ള ഇറ്റാലിയൻ അംബാസിഡറുമായി മാറിയ ആൽഫ്രെഡോ ആയിരുന്നു. അമ്മ അമ്മെത്തിസ് മികച്ച ഒരു ചിത്രകാരിയും. ഫ്രസാറ്റിക്ക് ഒരു സഹോദരി മാത്രമേ കൂടപ്പിറപ്പായി ഉണ്ടായിരുന്നുള്ളൂ.

സമ്പന്നവും കുലീനവുമായ കുടുംബത്തിലാണ് ജനിച്ചതെങ്കിലും പഠനകാര്യത്തിൽ ശരാശരിക്കാരൻ മാത്രമായിരുന്നു. പരീക്ഷകളിൽ തോല്ക്കുകപോലും ചെയ്തിരുന്നു. പിന്നീട് ജസ്യൂട്ട്സ് നടത്തുന്ന ഒരു സ്വകാര്യസ്കൂളിൽ ചേർന്നാണ് കോഴ്സ് പൂർത്തിയാക്കിയത്. പക്ഷേ വ്യക്തമായ കാഴ്ചപ്പാടും ദർശനങ്ങളും അവനുണ്ടായിരുന്നു. ഫാസിസത്തിനെതിരേ ശക്തമായ നിലപാടായിരുന്നു ഫ്രസാറ്റി പുലർത്തിയിരുന്നത്. അതിനെതിരെ മുദ്രാവാക്യം വിളിക്കുകയും സംഘടിക്കുകയും ചെയ്തതിന്റെ പേരിൽ മുസോളിനിയുടെ പോലീസ് യങ് കാത്തലിക് വർക്കേഴ്സ് കോൺഗ്രസിലെ മറ്റ് അംഗങ്ങൾക്ക് ഒപ്പം ഫ്രസാറ്റിയെയും അറസ്റ്റു ചെയ്തിട്ടുണ്ട്.

വിശുദ്ധ പൗലോസ് അപ്പസ്തോലൻ, തോമസ് അക്വിനാസ്, സിയന്നയിലെ വിശുദ്ധ കാതറിൻ എന്നിവരായിരുന്നു ആത്മീയമേഖലയിൽ ഫ്രസാറ്റിയുടെ പ്രചോദനങ്ങൾ. പോപ്പ് ലിയോ പതിമൂന്നാമന്റെ റേരും നോവാരും പങ്കുവച്ച ആശയങ്ങൾ ആസ്പദമാക്കിയുള്ള മൊമെന്റോ എന്ന പത്രം തുടങ്ങാനുള്ള സഹായസഹകരണങ്ങൾ നല്കിയതും ഫ്രസാറ്റിയായിരുന്നു. എൻജിനീയറിങ് പാസായപ്പോൾ പിതാവ് ഓഫർ നല്കിയത് സമ്മാനമായി ഒരു കാറും വലിയൊരുതുകയുമായിരുന്നു. കാർവേണ്ടെന്ന് വച്ച് രണ്ടാമത്തേതാണ് ഫ്രസാറ്റി സ്വീകരിച്ചത്. മറ്റൊന്നുമായിരുന്നില്ല അതിന്റെ ലക്ഷ്യം. ആ പണം പാവങ്ങൾക്കുവേണ്ടി ചെലവഴിക്കുക.

1925 ജൂൺ 30 ന് രണ്ടുസുഹൃത്തുക്കളുമൊത്ത് ബോട്ടിംങിന് പോയ ഫ്രസാറ്റി മടങ്ങിയെത്തിയത് കഠിന തലവേദനയുമായിട്ടായിരുന്നു. കൂടാതെ മസിലുകൾക്കും പുറത്തും വേദനയും. അടുത്തദിവസമായപ്പോഴേയ്ക്കും പനിയും തുടങ്ങി. കിടക്കയിൽനിന്ന് എഴുന്നേല്ക്കാൻ കഴിയില്ലെന്ന് ഫ്രസാറ്റി വേദന കടിച്ചമർത്തി ഡോക്ടേഴ്സിനോട് പറഞ്ഞു. വിദഗ്ദപരിശോധനയിൽ ജീഹശീ്യലഹശശേ എന്ന അസുഖമാണെന്ന് കണ്ടെത്തി. മോർഫിൻ കുത്തിവച്ചാണ് വേദന കുറച്ചിരുന്നത്.

ദിവസങ്ങൾ കഴിയും തോറും അവസ്ഥ ഗുരുതരമായി. ഫ്രസാറ്റിക്ക് രോഗീലേപനം നല്കി. ഞാൻ എന്റെ ആത്മാവിനെ സമാധാനപൂർവം സമർപ്പിക്കുന്നു എന്നായിരുന്നു അന്ത്യവാക്കുകൾ. 1925 ജൂലൈ നാലായിരുന്നു ആ ദിനം. ഫ്രസാറ്റിയുടെ സംസ്കാരച്ചടങ്ങിൽ സുഹൃത്തുക്കളും പിതാവിന്റെ പദവിയനുസരിച്ചുള്ള ആളുകളും മാത്രമായിരുന്നില്ല, ആയിരക്കണക്കിന് ദരിദ്രരും അതിൽ പങ്കെടുത്തിരുന്നു. അവരെല്ലാം ഫ്രസാറ്റിയിൽ നിന്ന് സഹായം കൈപ്പറ്റിയവരായിരുന്നു. പോള്ളോൻ സെമിത്തേരിയിൽ അടക്കംചെയ്ത ഭൗതികദേഹം 1981 ൽ ടൂറിൻ കത്തീഡ്രലിലേക്ക് മാറ്റി സംസ്കരിച്ചു. മൃതദേഹം അഴുകാത്തനിലയിൽ കണ്ടെത്തിയതുകൊണ്ടായിരുന്നു അത്.

ടൂറിനിലെ ദരിദ്രരാണ് ഫ്രസാറ്റിയുടെ നാമകരണത്തിന് വേണ്ടി ആദ്യം മുറവിളി കൂട്ടിയത്. അതനുസരിച്ച് 1932 ജൂലൈ രണ്ടിന് നാമകരണ നടപടികൾ ആരംഭിച്ചു. പോൾ ആറാമൻ മാർപാപ്പ 1978 ജൂൺ 12 ന് ദൈവദാസനായി പ്രഖ്യാപിച്ചു, 1987 ഒക്ടോബർ 23 ന് ധന്യനായി ജോൺ പോൾ രണ്ടാമൻ മാർപാപ്പ ഉയർത്തി. ഫ്രസാറ്റിയുടെ മധ്യസ്ഥതയിലുണ്ടായ അത്ഭുതരോഗസൗഖ്യത്തെ തുടർന്ന് 1990 മെയ് 20 ന് വാഴ്ത്തപ്പെട്ടവനുമായി. അഷ്ടസൗഭാഗ്യങ്ങളുടെ മനുഷ്യൻ എന്ന വിശേഷണം ഫ്രസാറ്റിക്ക് നല്കിയത് ജോൺ പോൾ രണ്ടാമൻ മാർപാപ്പയാണ്. കൗമാരക്കാരുടെ റോൾ മോഡലായി വിശേഷിപ്പിക്കപ്പെടുന്ന ഫ്രസാറ്റി അവരുടെ പ്രത്യേക മധ്യസ്ഥനുംകൂടിയാണ്. 2008 ൽ സിഡ്നിയിലും 2016 ൽ ക്രാക്കോവിലും നടന്ന ലോകയുവജനസംഗമത്തിൽ ഫ്രസാറ്റിയുടെ തിരുശേഷിപ്പും വണങ്ങിയിരുന്നു.

# വിവാഹത്തിനു മുമ്പുള്ള വിളിച്ചുചൊല്ലലുകൾ

CANON LAW

റവ.ഡോ ജോസഫ് മറ്റത്തിൽ

**നമ്മുടെ സഭയിൽ വിവാഹത്തിനുമുമ്പ് എത്ര പ്രാവശ്യം വിളിച്ചുചൊല്ലണം? ഇപ്രകാരമുള്ള വിളിച്ചുചൊല്ലലുകളിൽനിന്ന് ഒഴിവു നല്കാൻ ആർക്കാണ് അധികാരമുള്ളത്?**

വിവാഹിതരാകുന്ന വ്യക്തികളെക്കുറിച്ച് ഇടവകജനത്തെ അറിയിക്കുന്നതിനും വിവാഹിതരാകാൻ നിശ്ചയിച്ചിരിക്കുന്ന വ്യക്തികൾക്കു വിവാഹമെന്ന കൂദാശയിലേക്കു പ്രവേശിക്കാൻ നൈയാമികമായ തടസങ്ങൾ (Canonical impediments) ഒന്നുമില്ലെന്ന് ഉറപ്പുവരുത്താനും സഹായിക്കുന്ന നടപടിക്രമമാണ് വിവാഹത്തിന്റെ വിളിച്ചുചൊല്ലൽ (Publication of banns). വിവാഹത്തിലേക്കു പ്രവേശിക്കുന്ന വ്യക്തി കാനോനികതടസങ്ങളുമായി വിവാഹത്തിൽ ഏർപ്പെട്ടാൽ അത്തരം വിവാഹങ്ങളെ അസാധുവായിട്ടാണ് സഭ കണക്കാക്കുന്നത്. അസാധുവായ വിവാഹങ്ങൾ (invalid marriages) ഒഴിവാക്കാൻ വിവാഹാർഥികൾ അംഗമായിരിക്കുന്ന ഇടവകാസമൂഹത്തിന്റെ സവിശേഷശ്രദ്ധയും ഉത്തരവാദിത്വവും ഉറപ്പുവരുത്തുന്നതാണ് വിവാഹ അറിയിപ്പുകൾ. വിളിച്ചുചൊല്ലൽ നടത്തുമ്പോൾ വിവാഹത്തിനായി ഒരുങ്ങുന്ന വ്യക്തികൾക്ക് ഏതെങ്കിലും തരത്തിലുള്ള നൈയാമിക തടസമുണ്ടെന്ന് അറിയാമെങ്കിൽ ഇടവകാംഗങ്ങൾ ഇക്കാര്യം ബന്ധപ്പെട്ട അധികാരിയെ (ഇടവക വികാരിയെയോ രൂപതാധ്യക്ഷനെയോ) അറിയിക്കേണ്ടതാണെന്ന് സീറോമലബാർസഭയുടെ പ്രത്യേക നിയമം Art 163 §1 അനുശാസിക്കുന്നു. ഇങ്ങനെ ഏതെങ്കിലും തരത്തിലുള്ള പരാതികൾ ലഭിച്ചാൽ ഇടവകവികാരി, രൂപതാധ്യക്ഷനെ അറിയിക്കുകയും വിവാഹമെന്ന കൂദാശയിലേക്ക് പ്രവേശിക്കുന്നതിൽനിന്ന് നൈയാമിക തടസ്സമുള്ള വ്യക്തിയെ പിന്തിരിപ്പിക്കേണ്ടതുമാണ്.

സാധാരണഗതിയിൽ മനസമ്മതത്തിനുശേഷമുള്ള മൂന്നു ഞായറാഴ്ചകളിലോ കടമുള്ള ദിവസങ്ങളിലോ വിശുദ്ധ കുർബാനയോട് അനുബന്ധിച്ച് വിവാഹാർഥികളുടെ ഇടവക ദൈവാലയത്തിലും ആവശ്യമെങ്കിൽ കുരിശുപള്ളികളിലും വിളിച്ചുചൊല്ലൽ നടത്തേണ്ടതാണ്. ആദ്യത്തെ വിളിച്ചുചൊല്ലലിനു ശേഷം ഇടവകയുടെ നോട്ടീസുബോർഡിലും ഇക്കാര്യം പ്രസിദ്ധീകരിക്കേണ്ടതാണ് (Art. 164).

എന്നാൽ ചില പ്രത്യേക അവസരങ്ങളിൽ വിവാഹവാഗ്ദാനത്തിനും വിവാഹത്തിനുമിടയിൽ മൂന്നുഞായറാഴ്ചകൾ വിളിച്ചുച്ചൊല്ലാൻ ഇല്ലെങ്കിൽ മനസമ്മതത്തിനുമുമ്പുള്ള ഞായറാഴ്ചകളിൽ വിളിച്ചുചൊല്ലൽ നടത്താൻ വധുവോ വരനോ അംഗമായിരുന്ന ഫൊറോനയിലെ വികാരിക്കു മതിയായ കാരണം ബോധിപ്പിച്ചു ഇടവകവികാരിയുടെ സമ്മതത്തോടുകൂടി അപേക്ഷ സമർപ്പിച്ചാൽ അനുവാദം ലഭിക്കുന്നതാണ്. ഇതിനായി വധുവോ അല്ലെങ്കിൽ വരനോ രണ്ടുപേരുടെയും ഇടവകവികാരിയുടെ അനുവാദത്തോടുകൂടി ഒഴിവിനായുള്ളപ്രത്യേക അപേക്ഷാപത്രം പൂരിപ്പിച്ച് ഫൊറോന വികാരിയിൽനിന്ന് ഒഴിവുവാങ്ങാവുന്നതാണ്. ഇങ്ങനെ അനുവാദം ലഭിച്ചാൽ അനുവാദം ലഭിച്ചയാൾ ഇക്കാര്യം മറ്റേയാളുടെ വികാരിയെ അറിയിക്കേണ്ടതാണ് (Art. 163§2).

കൂടാതെ ചില പ്രത്യേക സാഹചര്യങ്ങളിൽ ന്യായവും മതിയായതുമായ കാരണങ്ങൾ ഉണ്ടെങ്കിൽ ബന്ധപ്പെട്ട അധികാരിയെ സമീപിച്ചാൽ വിളിച്ചുചൊല്ലലിൽനിന്ന് ഒഴിവു വാങ്ങാവുന്നതാണ്. നൈയാമികമായി മൂന്നു ഞായറാഴ്ചകളിലോ കടമുള്ള ദിവസങ്ങളോ വരത്തക്ക രീതിയിലാണ് വിളിച്ചുചൊല്ലൽ നടത്തേണ്ടതെന്നു മുകളിൽ സൂചിപ്പിച്ചുവല്ലോ. ഇതിൽ ഒരു വിളിച്ചുചൊല്ലിൽനിന്ന് ഒഴിവുനല്കാൻ ഇടവകവികാരിക്ക് അധികാരമുണ്ട്. രണ്ടു വിളിച്ചുചൊല്ലലുകൾ ഒഴിവാക്കാൻ ഫൊറോനാവികാരിക്ക് അധികാരമുണ്ട്. മൂന്നുവിളിച്ചു ചൊല്ലലുകളിൽ നിന്ന് ഒഴിവുനല്കാൻ സ്ഥലമേലധ്യക്ഷനാണ് (local hierarch) അധികാരമുള്ളത് (Art 165 §2). ഇങ്ങനെ ഒഴിവു വാങ്ങിക്കുന്നവർ ആരിൽനിന്നാണോ ഒഴിവുവാങ്ങിക്കുന്നത് ആ അധികാരിക്ക് ഒഴിവു വേണ്ടതിന്റെ വ്യക്തമായ കാരണം ബോധിപ്പിക്കേണ്ടതാണ്. രേഖപ്പെടുത്തിയിരിക്കുന്ന കാരണം ന്യായമെങ്കിൽ അധികാരിക്ക് ഒഴിവ് നല്കാവുന്നതാണ്.

ഒരു പ്രാവശ്യം വിളിച്ചുചൊല്ലി ആ ദിവസം തന്നെയാണ് വിവാഹം നടത്തേണ്ടതെങ്കിൽ സ്ഥലമേലധ്യക്ഷന്റെ പ്രത്യേക അനുവാദം വാങ്ങിയിരിക്കണം (Art. 165§3). വിളിച്ചു ചൊല്ലലുകളിൽ നിന്ന് ഒഴിവു ലഭിച്ചാൽ ഈ വിവരം മനസമ്മത രജിസ്ട്രറിലും ബി കുറിയിലും (ഫോം ബി) എഴുതിച്ചേർക്കേണ്ടതാണ്. ഇങ്ങനെ ഒഴിവുലഭിക്കുന്ന വ്യക്തികൾ രണ്ടുപേരുടെയും ഇടവകവികാരിമാരെ ഇക്കാര്യം അറിയിക്കേണ്ടതാണ് (Art 165§5).

വിളിച്ചുചൊല്ലലുകൾ നടത്തി ആറു മാസം കഴിഞ്ഞിട്ടും ഏതെങ്കിലും കാരണത്താൽ വിവാഹം നടന്നിട്ടില്ലെ ങ്കിൽ വിവാഹം നടക്കുന്നതിന്മുമ്പ് വിളിച്ചുചൊല്ലൽ നടപടി ആവർത്തിക്കേണ്ടതാണ്. ഇങ്ങനെ വിളിച്ചുചൊല്ലൽ നടപടി വീണ്ടും ആവർത്തിക്കാതിരിക്കാൻ സ്ഥലമേലധ്യക്ഷനിൽനിന്ന വിവാഹാർഥികൾക്കു ഒഴിവുവാങ്ങാവുന്നതാണ് (Art 166).

വിളിച്ചുചൊല്ലലുകൾ നടക്കുന്ന സമയത്ത് ഏതെങ്കിലും തടസങ്ങൾ (ശാുലറശാലിലേ) ശ്രദ്ധയിൽപെട്ടാൽ വിളിച്ചുചൊല്ലൽ നടപടി നിറുത്തിവയ്ക്കേണ്ടതാണ്. എന്നാൽ തടസങ്ങൾ രഹസ്യ തടസ്സങ്ങളുടെ (occult impediments: ബാഹ്യതലത്തിൽ തെളിയിക്കാൻ സാധിക്കാത്ത തടസ്സങ്ങളെ രഹസ്യ വിവാഹതടസ്സമായി പരിഗണിക്കപ്പെടുന്നു(CCEO c. 791) ഗണത്തിൽ വരുന്നവയും ഒഴിവുലഭിക്കാൻ സാധ്യത കല്പിക്കുന്നതുമായ തടസ്സങ്ങൾ ആണെങ്കിൽ വിളിച്ചുചൊല്ലൽ നടപടി തുടരേണ്ടതും പൂർത്തിയാക്കേണ്ടതുമാണ്. ഇപ്രകാരമുള്ള തടസങ്ങളിലുള്ളവർക്കു നിയമപ്രകാരമുള്ള ഒഴിവുലഭിച്ചതിനുശേഷമേ വിവാഹം നടത്താനുള്ള അനുവാദം ഇടവക വികാരി നൽകാവൂ (Art 167).



വചന വിരുന്ന്

ഫാ. നൗജിൻ വിതയത്തിൽ

# സീറോമലബാർസഭയിലെ ഞായറാഴ്ചകളിലെ സുവിശേഷഭാഗം അടിസ്ഥാനപ്പെടുത്തിയുള്ള വചനവിചിന്തനം

**മെയ് അഞ്ചുമുതൽ (ഉയിർപ്പുകാലം ഞായർ 6) മെയ് 26 (ശ്ലീഹാക്കാലം ഞായർ 2) വരെ**



**മെയ് 5 ഉയിർപ്പുകാലം ഞായർ 6**
**യോഹന്നാൻ 5 : 19– 29**

## ആരെയും വിധിക്കാതിരിക്കുക

സുവിശേഷത്തിൽ പറയുന്നതനുസരിച്ചു പിതാവായ ദൈവം ആരെയും വിധിക്കുന്നില്ല, വിധി മുഴുവൻ അവിടുന്ന് പുത്രനെ എൽപ്പിച്ചിരിക്കുന്നു. 'വിധി' എന്ന വാക്കിന് ഗ്രീക്കിൽ 'ക്രീസിസ്' (KRISIS) എന്ന പദമാണ് ഉപയോഗിക്കുന്നത്.. ഇതിന്റെ Root Meaning 'വേർതിരിക്കൽ' (To Distinguish) എന്നാണ്. അതായത് ഓരോ വിധിയും ഒരുതരം വേർതിരിക്കൽ ആണ്. ചില വിധികൾ, വേർതിരിവുകൾ നമ്മൾ നടത്താറുണ്ടല്ലോ. നിറം കുറഞ്ഞവൻ/ കൂടിയവൻ, പണമുള്ളവൻ/ ഇല്ലാത്തവൻ എന്നിങ്ങനെ ഇത്തരം വേർതിരിവുകൾ ഒഴിവാക്കുക.

''അല്ലയോ മനുഷ്യാ, നീ ആരുതന്നെ ആയാലും മറ്റൊരുവനെ വിധിക്കുമ്പോൾ നിനക്ക് ന്യായീകരണമില്ല. അപരനെ വിധിക്കുമ്പോൾ, നീ നിന്നെത്തന്നെയാണു വിധിക്കുന്നത്. എന്തെന്നാൽ, വിധിക്കുന്ന നീയും അതേ കുറ്റങ്ങൾ ചെയ്യുന്നു'' (റോമാ 2:1). പിതാവ് പോലും ചെയ്യാൻ മടിക്കുന്ന, –മറ്റൊരാളെ വിധിക്കുക –കാര്യം നാമെന്തിന് ചെയ്യണം?

## വചനം കേൾക്കുകയും വിശ്വസിക്കുകയും ചെയ്യുക

വചനം കേൾക്കുക, വിശ്വസിക്കുക. ഈശോ നിത്യജീവനായി നമ്മോടു ആവശ്യപ്പെടുന്നത് ഈ രണ്ടുകാര്യങ്ങളാണ്. വചനം വായിക്കാനും കേൾക്കാനും പഠിക്കാനും എത്രത്തോളം താല്പര്യം നമ്മൾ കാണിക്കുന്നുണ്ട്? ലക്ഷക്കണക്കിന് വചനങ്ങളുള്ള ബൈബിളിൽനിന്നും ഒരു വചനമെങ്കിലും with reference പറയാൻ ആവശ്യപ്പെട്ടാൽ നമുക്ക് പറ്റുമോ? ദൈവവചനത്തിലൂടെ സംസാരിക്കുന്ന ദൈവത്തിന്റെ സ്വരം ശ്രവിക്കാൻ നമുക്കു പരിശ്രമിക്കാം.

ആ സ്വരം ശ്രവിക്കുന്നവർ ജീവിക്കുമെന്നും അതു വിശ്വസിക്കുന്നവർ മരിക്കുകയില്ല എന്നുമാണ് വി. യോഹന്നാൻ പറയുന്നത്. ഈ 'മരണം' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് 'പാപ'ത്തെയാണ്. മരിക്കില്ല എന്നു പറഞ്ഞാൽ 'പാപത്തിൽ വീഴില്ല' എന്നർത്ഥം.

അതായത് പാപത്തിൽ വീഴാതെ (മരിക്കാതെ) ഒരാൾക്ക് ജീവിക്കണമെങ്കിൽ വചനം കേൾക്കുകയും അതു പറഞ്ഞവനിൽ വിശ്വസിക്കുകയും ചെയ്യണം. ഈശോയിൽ വിശ്വസിക്കുകയും അവന്റെ വചനം കേൾക്കുകയും ചെയ്യുന്ന നമ്മൾ പാപത്തിൽ വീഴില്ല.

**മെയ് 12 ഉയിർപ്പുകാലം ഞായർ 7**
**ലൂക്ക 24 : 44 –53**

## സ്വർഗ്ഗാരോഹണം

ക്രൈസ്തവ വിശ്വാസം അനുസരിച്ചു അടിസ്ഥാനപരമായി ഒരു മനുഷ്യന്റെ ആത്യന്തിക ലക്ഷ്യം സ്വർഗ്ഗമാണ്. സ്വർഗ്ഗത്തിലേക്ക് യാത്ര ചെയ്യുന്നവരാണ് ഓരോ ക്രൈസ്തവനും. അന്യഗ്രഹത്തിൽനിന്നും വന്ന ചില ജീവികൾ ഭൂമിയിൽ വസിക്കുന്നതും കുറച്ചു നാളത്തെ വാസത്തിനുശേഷം വീണ്ടും സ്വന്തം ഗ്രഹത്തിലേക്ക് തിരിച്ചു പോകുന്നതുമായ ചില സിനിമകൾ കണ്ടിട്ടുണ്ട്. ഇതു പോലെയാണ് നമ്മളും. ഈ ലോകത്തിൽ നമ്മൾ അന്യഗ്രഹജീവിയായാണ് (ALIEN). സ്വർഗത്തിൽ നിന്നും വന്ന നമ്മൾ തിരികെ സ്വർഗത്തിലേക്ക് പോകേണ്ടവരാണ്. പക്ഷേ പലപ്പോഴും ഈ ഭൂമിയാകുന്ന താൽക്കാലികഭവനത്തിൽ നിൽക്കുമ്പോൾ ഇവിടെയുള്ള സുഖസൗകര്യങ്ങളിലും ബന്ധങ്ങളിലും സ്ഥാനമാനങ്ങളിലും കെട്ടുപാടുകളിലും പെട്ടു പോകുന്നു. നമ്മൾ സ്വർഗത്തിലേക്ക് ഉള്ളവരാണ് എന്ന കാര്യം മറന്നുപോകുന്നു.

## സാക്ഷികളാവുക

ക്രിസ്തു നമ്മെ വിളിച്ചിരിക്കുന്നത് അവന്റെ സുവിശേഷത്തിന്റെ സാക്ഷികളാകാൻ വേണ്ടിയാണ്.

സാക്ഷിയാവുക എന്നത് ഉത്തരവാദിത്വം കൂടുതലുള്ള പണിയാണ്. 'സാക്ഷി' എന്ന പദത്തിന് ഗ്രീക്കിൽ 'മാർത്തൂസ്' (MARTUS) എന്ന വാക്കാണ് ഉപയോഗിക്കുന്നത്. അതിന്റെ പര്യായപദങ്ങളിൽ ഒന്നു 'രക്തസാക്ഷി' എന്നാണ്. അതായത് ക്രിസ്തുവിന്റെ സുവിശേഷത്തിന് സാക്ഷിയാവുക എന്നതിനർത്ഥം അവനു വേണ്ടി രക്തസാക്ഷി ആവുക എന്നുതന്നെയാണ്. ക്രിസ്തു നമ്മെ ക്ഷണിക്കുന്നത് അവനു സാക്ഷിയാകാൻ വേണ്ടിയാണ്, അവനുവേണ്ടി മരിക്കാൻ ആയിട്ടാണ്.

**മെയ് 19 ശ്ലീഹാക്കാലം ഞായർ 1**
**യോഹന്നാൻ 20:19– 23**

## പന്തക്കുസ്ത തിരുനാൾ ജീവന്റെ ആത്മാവ്

ആത്മാവിന്റെ പ്രധാന പ്രതീകങ്ങളിൽ ഒന്നാണ് കാറ്റ് (ശ്വാസം).

എസക്കിയേൽ പ്രവാചകന്റെ പുസ്തകത്തിൽ ജീവശ്വാസം ഊതിയപ്പോൾ അസ്ഥികൾ ജീവൻ പ്രാപിച്ചു എന്ന് നാം കാണുന്നു. (എസ. 36)

ശ്വാസം ജീവന്റെ പ്രതീകമാണ്. ജീവൻ, ആത്മാവിന്റെ സാന്നിധ്യത്തിന്റെ അടയാളമാണ്. ജീവനുള്ളവരായിരിക്കുവാൻ, പ്രത്യേകിച്ച് വിശ്വാസത്തിന്റെ കാര്യത്തിൽ കുറച്ചുകൂടി ഊർജ്ജസ്വലരാകാൻ ആത്മാവിനോടു പ്രാർഥിക്കണം. 'നീ ചൂടോ തണുപ്പോ ഇല്ലാത്ത മന്ദോഷ്ണനാകയാൽ നിന്നെ വായിൽനിന്നും തുപ്പിക്കളയും' എന്നാണ് വെളിപാട് പുസ്തകത്തിൽ വിവരിക്കുന്നത്. അങ്ങനെ ഒരപകടം വരാതിരിക്കാൻ നാം പ്രാർഥിക്കണം.

നാം ആയിരിക്കുന്ന ഇടങ്ങളിൽ കുടുംബം, ഇടവക, സ്കൂൾ, ജോലിസ്ഥലം കുറച്ചു കൂടി ജീവൻ നല്കാൻ തീക്ഷ്ണമായി പ്രവർത്തിക്കാൻ നമുക്ക് പറ്റുന്നുണ്ടോ ?

## ബാബേൽ ഗോപുരം V/s പന്തക്കുസ്ത

പ്രത്യകിച്ചു ഒരു സാമ്യവും ഇല്ലാത്ത രണ്ട് സംഗതികളാണ് ഇവ. പക്ഷേ ശ്രദ്ധിക്കേണ്ട കാര്യം ഇതാണ്. ബാബേൽ ഗോപുരം പണിയുന്നവർ ഒരേ ദേശക്കാർ ആയിരുന്നിട്ടും അവർക്കു പരസ്പരം ഭാഷ മനസ്സിലാകാതെ പോകുന്നു അല്ലെങ്കിൽ അവരുടെ ഭാഷ ദൈവം ചിതറിക്കുന്നു. എന്നാൽ പന്തക്കുസ്താ ദിനത്തിൽ ആകട്ടെ നേരെ മറിച്ചാണ് സംഭവിക്കുന്നത്. പത്രോസ് സംസാരിക്കുന്നത് ഹെബ്രായ ഭാഷയിൽ ആണെങ്കിലും ആത്മാവിനാൽ നിറഞ്ഞുകഴിയുമ്പോൾ അവൻ പറയുന്ന കാര്യങ്ങൾ എല്ലാവർക്കും മനസ്സിലാകുന്നു. ഓരോരുത്തരും തങ്ങളുടെ ഭാഷയിൽ അവൻ പറയുന്നത് ശ്രവിച്ചു എന്നാണ് വചനം പറയുന്നത്.

പരസ്പരം ഭാഷ മനസ്സിലാകാതെ പോകുന്നു എന്നൊരു അപകടം നമുക്കിടയിൽ സംഭവിക്കുന്നുണ്ട്. പരസ്പരം മനസ്സിലാക്കുവാനുള്ളതാണ് ഭാഷ. ഭാഷാ മനസിലാകാതെ വരുന്നുണ്ടെകിൽ അതിന്റെ അർത്ഥം നമ്മൾ ബാബേൽ ഗോപുരംപോലെ അഹന്തയുടെ കൊടുമുടിയിൽ ആണെന്നാണ്. അല്ലെങ്കിൽ നമുക്ക് ഇടയിൽ ആത്മാവിന്റെ കുറവ് എവിടെയോ സംഭവിച്ചിട്ടുണ്ട്..

**മെയ് 26 ശ്ലീഹാക്കാലം ഞായർ**
**യോഹ 11: 1 –16**

## സ്നേഹവും സഹനവും

ലാസർ രോഗബാധിതനായി എന്നറിഞ്ഞിട്ടും ഈശോ അവിടേക്കു പോകാതെ താനായിരിക്കുന്ന സ്ഥലത്തു തന്നെ രണ്ടുദിവസം കൂടി ചെലവഴിച്ചു എന്നാണ് സുവിശേഷം പറയുന്നത്. എന്ന് പറഞ്ഞാൽ കാര്യം ലാസറിനെ ഈശോ സ്നേഹിച്ചിരുന്നു എങ്കിലും അവനെ മരണത്തിന് ഈശോ വിട്ടുകൊടുത്തു എന്ന്. എന്നാൽ അങ്ങനെ വിട്ടുകൊടുത്തതാകട്ടെ അതിനപ്പുറമുള്ള ഉയിർപ്പിലേക്ക് അവനെ കൂട്ടിക്കൊണ്ടുപോകാനായിരുന്നു.

ചിലപ്പോഴൊക്കെ നമ്മുടെ ജീവിതത്തിൽ ചില സഹനങ്ങളും പരാജയങ്ങളും ബുദ്ധിമുട്ടുകളും കർത്താവ് അനുവദിക്കും. അതിന്റെ അർഥം അവൻ നമ്മളെ സ്നേഹിക്കുന്നില്ല എന്നല്ല മറിച്ച് ആ സ്നേഹം കൂടുതൽ പ്രകടമാക്കാൻ അവൻ അവസരം കാത്തിരിക്കുന്നു എന്നാണ്. നമ്മുടെ പരാജയത്തിനും സങ്കടത്തിനും മരണത്തിനും അപ്പുറം ഒരു ഉത്ഥാനത്തിലേക്ക് അവൻ നമ്മളെ കൊണ്ടുപോകും എന്നുള്ളത് ഉറപ്പാണ്.

കർത്താവ് അനുവദിക്കുന്ന സഹനം അവന്റെ സ്നേഹക്കുറവിന്റെ അടയാളമായി തെറ്റിദ്ധരിക്കരുത്. മറിച്ച് ആ സഹനത്തിന് അപ്പുറം വലിയ ഒരു വിജയം/ നേട്ടം അവൻ കരുതിവെച്ചിട്ടുണ്ട്.

## വാക്കും പ്രവൃത്തിയും

അവനോടൊപ്പം മരിക്കാൻ നമുക്കും പോകാം. തോമാശ്ലീഹായുടെ പ്രഖ്യാപനമാണ് ഈശോയോടുകൂടെ മരിക്കാൻ പോകാം എന്നുള്ളത്. അദ്ദേഹം അത് പറയുക മാത്രമല്ല ജീവിതംകൊണ്ടു ക്രിസ്തുവിനുവേണ്ടി ഒരു രക്തസാക്ഷിയായി മാറുകയും ചെയ്തു. അതുപോലെ ക്രിസ്തുവിനുവേണ്ടി ക്ലേശങ്ങൾ സഹിക്കാനും വേണ്ടിവന്നാൽ മരിക്കാനുമുള്ള ധൈര്യവും തീക്ഷ്ണതയും നമുക്കുണ്ടാകണം. അത് വെറും വാചകകസർത്തിൽ മാത്രം ഒതുക്കി നിർത്താനായിട്ടുള്ളതല്ല. മറിച്ച് തോമാശ്ലീഹായെപോലെ ജീവിതത്തിൽ പ്രാവർത്തികമാക്കാൻ കഴിയണം.

അത്തരത്തിലുള്ള വിശ്വാസതീക്ഷ്ണതയും ധൈര്യവും മിഷൻ ചൈതന്യവും നമുക്കും സ്വന്തമാക്കാം. നമ്മുടെ വിശ്വാസതീക്ഷ്ണത വാക്കുകളിൽമാത്രം ഒതുങ്ങിപ്പോവുകയും പ്രവൃത്തിപഥത്തിൽ എത്താൻ കഴിയാതെ പോവുകയും ചെയ്യുന്ന ഒരു അപകടമുണ്ട്.

അത്തരം വിശ്വാസജീവിതങ്ങൾക്ക് ഒരു അപവാദമാണ് തോമാശ്ലീഹ.




# GABORONE UNIVERSITY COLLEGE OF LAW AND PROFESSIONAL STUDIES

P.O. Box 201095, Gaborone, Botswana, enquiry@guc.ac.bw, www.guc.ac.bw

For God & Country



## MASTERS PROGRAMME

- Master of Science in Early Childhood Education
- Master of Science in Occupational Health & Safety
- Master of Public Health

## BACHELOR PROGRAMME

- Bachelor of Laws LLB (Hons)
- Bachelor of Education in Early Childhood Education (BED) Hons
- Bachelor of Business Administration in Occupational Health & Safety
- Bachelor of Commerce (Hons) Degree in Purchasing & Supply Chain Management
- Bachelor of Arts Degree in Public Health
- Bachelor of Commerce in Travel & Tourism
- Bachelor of Business Administration Entrepreneurship
- Bachelor of Science in Policing & Law
- Bachelor of Business Administration in Security Management (BBA - Security)
- Bachelor of Technology in Construction Engineering
- Bachelor of Art in Law & Public Administration
- Bachelor of Science in Health Promotion & Disease Prevention
- Bachelor of Commerce in Accountancy
- Bachelor of Arts in Human Development & Family Studies
- Bachelor of Business Administration in Logistics and Transport Management

**DIPLOMA PROGRAMME | CERTIFICATE PROGRAMME | SINGLE SUBJECT PROGRAMME**

Main Campus: Lot 6398, Lejara Road, Broadhurst Industrial
Tel: (+267) 318 5596, Fax: (+267) 318 6018, Cell: (+267) 72469089

Syromalabar Vision (Private circulation only), Published by Major Archiepiscopal Curia, Mount St.Thomas, PB No 3110, Kakkanad P.O, Kochi - 682030, Kerala, India
E mail: syromalabarvision@gmail.com, Printed at Don Bosco Igact, Ernakulam